# തുടിക്കുന്ന താളുകൾ

ചങ്ങമ്പുഴ

58
കൃഷ്ണപിള്ള
ചങ്ങമ്പുഴ

Digitized By Kerala Sahitya Akademi

# തുടിയ്ക്കുന്ന താളുകൾ



പ്രസാധകർ:

**സ്വരരാഗസുധ പബ്ലിക്കേഷൻസ്**

ഇടപ്പള്ളി.

Digitized By Kerala Sahitya Akademi

# THUDICCUNNA THALUKAL

(Auto biography, Specimen pages from Diary etc.)

OF

CHANGAMPUZHA KRISHNA PILLAI M. A.
EDAPPALLY.

Edited by
POTTAYIL N. G. NAIR

First impression May 1961 - Copies 1000

Copy Right: · Smt. Sreedevi Changampuzha

Printed at:
Keralathilakam Press, Ernakulam.

**PRICE RS. TWO**

Publishers:

SWARARAGASUDHA PUBLICATIONS,
EDAPPALLY.

Digitized By Kerala Sahitya Akademi

# തുടിയ്ക്കുന്ന താളുകൾ

(ആത്മകഥയും ഡയറിക്കുറിപ്പുകളും മററും)

ചങ്ങമ്പുഴ കൃഷ്ണപിള്ള എം. എ.
ഇടപ്പള്ളി.

പരിശോധകൻ:

**പോട്ടയിൽ എൻ. ജി. നായർ**

പ്രകാശകർ:

**ശ്രീദേവി ചങ്ങമ്പുഴ**

**വില രണ്ടുരൂപ**

---

പ്രസാധകന്മാർ:

**സ്വരരാഗസുധ പബ്ലിക്കേഷൻസ്,**

ഇടപ്പള്ളി.

Digitized By Kerala Sahitya Akademi

# ചങ്ങമ്പുഴയുടെ കൃതികൾ

## പദ്യകൃതികൾ

1. അപരാധികൾ
2. അമൃതവീചി
3. അസ്ഥിയുടെ പൂക്കൾ
4. ആകാശഗംഗ
5. ആരാധകൻ
6. ഉദ്യാനലക്ഷ്മി
7. ഓണപ്പൂക്കൾ
8. കലാകേളി
9. കല്ലോലമാല.
10. ചൂഡാമണി
11. തളിർത്തൊത്തുകൾ
12. തിലോത്തമ
13. ദിവ്യഗീതം
14. ദേവഗീത
15. ദേവത
16. ദേവയാനി
17. നർത്തകി
18. നിർവൃതി
19. നിർവ്വാണമണ്ഡലം
20. നിഴലുകൾ
21. നീറുന്ന തീച്ചൂള
22. പാടുന്ന പിശാച്
23. ബാഷ്പാഞ്ജലി
24. മദലമോഹിനി
25. മഞ്ഞക്കിളികൾ
26. മണിവീണ
27. മദിരോത്സവം
28. മയൂഖമാല
29 മാനസേശ്വരി
30. മൗനഗാനം
31. മോഹിനി
32. യവനിക
33. രമണൻ
34. രക്തപുഷ്പങ്ങൾ
35. രാഗപരാഗം
36. വസന്തോത്സവം
37. വത്സല
38. ശ്മശാനത്തിലെ തുളസി
39. ശ്രീതിലകം
40. സങ്കല്പകാന്തി
41. സുധാംഗത
42 സ്വരരാഗസുധ
43 സ്പന്ദിക്കുന്ന അസ്ഥിമാടം
44 ഹേമന്തചന്ദ്രിക

## ഗദ്യകൃതികൾ

46. അനശ്വരഗാനം
47. കഥാരത്നമാലിക
48. കളിത്തോഴി
49. കരടി
50. മാനസാന്തരം
51. പൂനിലാവിൽ
52. പ്രതികാരദുർഗ്ഗ
53. പെല്ലീസുംമെലിസാന്തയും
54. വിവാഹാലോചന
55. സാഹിത്യചിന്തകൾ
56. ഹനേലെ
57. ശിഥിലഹൃദയം
58. തുടിക്കുന്ന താളുകൾ

Digitized By Kerala Sahitya Akademi

# മുഖവുര

"സ്വരരാഗസുധ പബ്ളിക്കേഷൻസ്" എന്ന പേരിൽ ഒരു പ്രസിദ്ധീകരണശാല ഇടപ്പള്ളിയിൽ ആരംഭിക്കണമെന്നു മഹാകവി ചങ്ങമ്പുഴ ആഗ്രഹിച്ചിരുന്നതായി, അദ്ദേഹത്തിന്റെ ചില കൃതികളുടെ കയ്യെഴുത്തുപ്രതികളിൽനിന്നും ഞങ്ങൾക്കു മനസ്സിലാക്കാൻ സാധിച്ചിട്ടുണ്ട്. സഫലീകൃതമാകാതെ പോയ ആ ഉദ്ദേശം സാധിക്കുവാനുള്ള ഉദ്യമത്തിൽ ഞങ്ങൾ ഏർപ്പെട്ടുകൊണ്ടിരിക്കുകയാണ്. അതിന്റെ പ്രഥമോപഹാരമായ, "തുടിക്കുന്ന താളുകൾ" ഇന്നിതാ ഞങ്ങൾ ബഹുജനസമക്ഷം അവതരിപ്പിച്ചുകൊള്ളുന്നു.

സ്വച്ഛപുരുഷന്റെ; അപൂർണ്ണമെങ്കിലും ആത്മാർത്ഥതയും സത്യസന്ധതയും തുളുമ്പിനിൽക്കുന്ന ആത്മകഥയും, അദ്ദേഹത്തിന്റെ ഡയറിക്കുറിപ്പുകളിൽ ചിലതും, കവിതകളുടെ കയ്യെഴുത്തുമാതൃകകളും മററും ചേർന്നതാണ് ഈ തുടിക്കുന്ന താളുകൾ. ഒരുപക്ഷേ, മലയാളത്തിൽ ഇദംപ്രഥമമായിട്ടായിരിക്കാം ഇങ്ങനെ ഒരു പുസ്തകം പ്രസിദ്ധീകരിക്കപ്പെടുന്നതു്.

ചങ്ങമ്പുഴകൃതികളിൽ പലതും, ഇന്നു കിട്ടാനില്ല. അവയും, അദ്ദേഹത്തിന്റെ അപ്രകാശിതങ്ങളായ ഇതരകൃതികളും തിരഞ്ഞെടുത്ത കൃതികളുടെ സമാഹാരങ്ങളും മററും ഉടനെ പ്രസാധനം ചെയ്യണമെന്നാണ് ഞങ്ങളുടെ ആഗ്രഹം.

Digitized By Kerala Sahitya Akademi

സർവ്വോപരി അദ്ദേഹത്തിന്റെ ജീവചരിത്രം പ്രസിദ്ധീകരിക്കുവാനുള്ള ശ്രമത്തിൽ ഞങ്ങൾ ഏർപ്പെട്ടിരിക്കുകയാണ്. മഹാകവിയെ സംബന്ധിക്കുന്ന വിവരങ്ങളും സംഭവങ്ങളും എഴുതിഅയച്ചുതന്ന് ഞങ്ങളെ സഹായിക്കുവാൻ അദ്ദേഹത്തിന്റെ സഹപ്രവർത്തകരും, സുഹൃത്തുക്കളും, ആരാധകരും ആയ സഹൃദയരോടു അഭ്യർത്ഥിക്കുവാൻ ഈ അവസരം വിനിയോഗിച്ചുകൊള്ളട്ടെ.

സ്വരരാഗസുധയെ സ്നേഹിക്കുന്ന അനുവാചകലോകം ഞങ്ങളുടെ സംരംഭങ്ങളെ സർവ്വാത്മനാ സഹായിക്കുമെന്നു പ്രതീക്ഷിച്ചുകൊള്ളുന്നു.

എന്ന്,

സ്വരരാഗസുധ പബ്ളിക്കേഷൻസിനുവേണ്ടി,


ഇടപ്പള്ളി,
1–5–'61.

**ശ്രീദേവി ചങ്ങമ്പുഴ.**

Digitized By Kerala Sahitya Akademi



Digitized By Kerala Sahitya Akademi




24–2–1087

ബു ഗു. ക സ

| | | | | |
|---|---|---|---|---|
| | ല ച. സ മാ. മ | ക | | മാ |
| | | | | ര |
| | | | ശു | ല |
| മ ശി | | ശി ഗു | ര ബു | |

ച. ശു

കുജവാരം—ഭരണി ജനനസമയം—33–19

നക്ഷത്രത്തിൽ–56–42 ചെന്ന വജ്രയോഗം. വിഷ്ടിക്കരണം

ഗതകലി—1830854 അപരത്തതീയയിൽ 43–5 ചെന്ന

ശിഷ്ടശുക്രദശ 1വ. 1 മാ. 12 ദി. 0 നാ,

Digitized By Kerala Sahitya Akademi

Friday, 18th August 1944
1120 ചിങ്ങം 3–ാംനു- വെള്ളിയാഴ്ച

"മാതൃഭൂമി ആഴ്ചപ്പതിപ്പി"ലെ ഏതോ ഒരു പുസ്തകാഭിപ്രായോദ്യോഗസ്ഥൻ 'ഓണപ്പൂക്കൾ' ജന്മമെടുത്ത കാലത്തു് ഒരു 'തൽക്കറി'യെഴുതി വിടുകയുണ്ടായി—ഓണവും തിരുവാതിരയും കഴിഞ്ഞു് വിഷുവരെ വാടാതിരിക്കുവാൻ ഓണപ്പൂക്കൾക്കു കഴിഞ്ഞില്ലെങ്കിൽ, നിരാശപ്പെടേണ്ടതായിട്ടില്ലെന്നു്. അദ്ദേഹത്തിന്റെ അത്ഭുതാവഹമായ ദീർഘദർശനത്തിൽ ഞാൻ അശേഷം സംശയാലുവായിരുന്നില്ല. പക്ഷെ അടുത്ത ഓണത്തിനു മുൻപുതന്നെ അവയെ വീണ്ടും പുതുക്കിക്കാണുവാൻ വെമ്പൽകൊള്ളുന്ന കേരളീയ സഹൃദയതയെത്ത ചോദ്യം ചെയ്യുവാൻ കൃതജ്ഞതാങ്കുലമായ എന്റെ ഹൃദയത്തിനു് അല്പം മടിയുണ്ടു്. ഈ ഇടനിലയിൽ എങ്ങിനെയായാലും കാലത്തേയും ലോകത്തേയും വിശ്വസിക്കുന്ന ഒരു കലാകാരനു മൗനാവലംബമായിരിക്കും ഉത്തമം.

Digitized By Kerala Sahitya Akademi

## Tuesday 19th August 1947
## 1123 ചിങ്ങം 3–ാംനു ചൊവ്വാഴ്ച

---

ജീവിതവീഥിയിലീവിധം നീയൊരു
ദാവാഗ്നിയായിട്ടെരിഞ്ഞുയർന്നു.
പൊള്ളിയ്ക്കുകെന്നെ നീ പൊള്ളിയ്ക്കു, കത്രമേ
ലുള്ളിപ്പിടിക്കുകെൻ പ്രാണനിൽ നീ.

നാളീകവൃക്ഷങ്ങളായിട്ടും നിൻ നഖ–
നാളങ്ങളുള്ളിൽച്ചുഴിഞ്ഞിറങ്ങി
മിന്നിട്ടും തീപ്പൊരിച്ചുന്നിണച്ചാർത്തൊരു
ചിന്താവസന്താഭ ചേർക്കുമെങ്കിൽ

സംതൃപ്തമെൻമനം മേന്മേലതിനെ നീ
സന്തപ്തമാക്കിച്ചമച്ചുകൊള്ളൂ.
എല്ലാക്കറകളും നീക്കിയതിനെയൊ–
ന്നുല്ലസിപ്പിക്കൂ വിഷാദമേ നീ!

Digitized By Kerala Sahitya Akademi

Wednesday 1st November 1944
1120 തുലാം 16–ാംനു- ബുധനാഴ്ച

സുപ്രഭാതം

'സ്പന്ദിക്കുന്ന അസ്ഥിമാടം' എന്ന കവിത എഴുതി. എന്റെ ദേവിയെ ആദ്യമായി കണ്ടുമുട്ടിയ സുപ്രഭാതം!— അതിന്റെ വാഷിർകമാണിന്നു്.

ഹൃദയവേദനയോടെ ഞാൻ ചില മധുരസ്മൃതികളെ താലോലിയ്ക്കുകയാണു്.

"ഈ ലോകത്തിൽ നീ ഏററവും സ്നേഹിക്കുന്നതാരെയാണു്?"—ഈശ്വരൻ എന്നോടിങ്ങനെ ചോദിച്ചാൽ നിറഞ്ഞ കണ്ണുകളോടും തുടിക്കുന്ന ഹൃദയത്തോടുംകൂടി ഞാൻ ഇങ്ങനെ പറയും:—

"ദേവി—സുന്ദരിയായ എന്റെ ദേവി—സ്നേഹമൂത്തിയായ എന്റെ ദേവി!!!"

Dew Drop

ഒപ്പ്
1–xi–44.

കുറിപ്പ്: B. L-നു് പഠിക്കാൻ മദ്രാസിൽ താമസിച്ചിരുന്ന വീടിന്റെ പേരാണു് Dew Drop.

Digitized By Kerala Sahitya Akademi

## സുപ്രഭാതം.

സ്പന്ദിക്കുന്ന അസ്ഥിമാടം' എന്ന കവിതാകൃതി-
യന്റെ ദേവിയെ ആദ്യമായി കണ്ടെത്തിയ
സുപ്രഭാതം!— അതിന്റെ വാർഷികമാണിന്ന്.

ഹൃദയവേദനകളോടെ ഞാൻ
ചില മധുരസ്മൃതികളെ താലോലിക്കുകയാണ്.

"ഈ ലോകത്തിൽ നിന്നെന്നും
രക്ഷിക്കുന്നതാരെയാണ്?"— ഈശ്വരൻ
എന്നോടിങ്ങനെ ചോദിച്ചാൽ നിറഞ്ഞ കണ്ണു-
കളോടും തുടിക്കുന്ന ഹൃദയത്തോടുംകൂടി
ഞാനിങ്ങനെ പറയും:—

"ദേവി— സുന്ദരിയായ എന്റെ ദേവി— സ്നേഹ-
മൂർത്തിയായ എന്റെ ദേവി!!"

'Dew Drop'

1/XI/44

Digitized By Kerala Sahitya Akademi

Thursday 2nd November 1944
1120 തുലാം 17–ാംനു- വ്യാഴാഴ്ച

എന്റെ ഹൃദയം വേദനിക്കുന്നു.

എന്റെ ഹൃദയേശ്വരി എന്നിൽനിന്നും എത്രയോ നാഴിക ദൂരെത്താണ്! ആ സ്നേഹമൂർത്തിയുമായുള്ള സാഹചര്യം എന്റെ ജീവിതത്തിനു് അല്പനാൾക്കുള്ളിൽ എന്തെന്തുതാവ ഹമായ നിറപ്പകിട്ടാണ് നൽകിയതു്! ആ അപ്സരസ്സിനെ കണ്ട സുദിനംമുതൽ ഞാൻ മറെറാരാളായിതീന്നു. മഴവി ല്ലൊളി പൂശിയ ആ സുദിനങ്ങൾ! — അവയെക്കുറിച്ചുള്ള മധുരസ്മൃതികൾ യഥാത്ഥത്തിൽ എന്നെ വേദനിപ്പിക്കുക യാണ്. ഞാൻ എന്തു ചെയ്യട്ടെ!

ഒപ്പ്.

Digitized By Kerala Sahitya Akademi

എന്റെ ഹൃദയം വേദനിക്കുന്നു.

[illegible]

[illegible]

2/XI/'44

Digitized By Kerala Sahitya Akademi

Friday 3rd November 1944
1120 തുലാം 18–ാംനു- വെള്ളിയാഴ്ച

എൻെറ ദേവി, നീ എന്തിനിത്ര സുന്ദരിയായി? ആ സൗന്ദര്യം എൻെറ ചേതനയെ ലഹരി പിടിപ്പിക്കുന്നു— ദിവ്യമായ ഒരു ലഹരി! നിന്നിലും മീതെ സൗന്ദര്യമുള്ള ഒരു സ്ത്രീയെ ഇതുവരെ ഞാൻ കണ്ടിട്ടില്ല. ഇനി കാണുകയുമില്ല. സാത്വികമായ ആ സുഷമാസമൃദ്ധിയിൽ എൻെറ ഹൃദയം അലിഞ്ഞുചേരുന്നു. മൃഗീയമായ ചപലവികാരങ്ങൾ എന്നിൽനിന്നകലുന്നു. അന്ധകാരകൂപത്തിൽനിന്നു എന്നെ ഉദ്ധരിക്കുവാനായി ഈശ്വരനാൽ എൻെറ മുന്നിലേക്കയക്കപ്പെട്ട ഒരു ദേവതയാണ് നീ. ഞാൻ നിന്നെ സ്നേഹിക്കുന്നു. ആരാധിക്കുന്നു.

ഒപ്പ്.

Digitized By Kerala Sahitya Akademi

Saturday 4th November 1944
1120 തുലാം 19–ാംനു- ശനിയാഴ്ച

എൻെറ ഓമനെ, എന്നിൽ പലക്കും അസൂയയുണ്ടെന്നു നീ പറയുന്നു. ആയിരിക്കാം. പക്ഷെ അതെൻെറ തെററല്ലല്ലൊ. മനുഷ്യലോകത്തിൽ ഒരൊററ വ്യക്തി ഒഴികെ ആരും എന്നെ അറിയുകയില്ല. ഈശ്വരനെന്നെ അറിയാം. മനുഷ്യലോകത്തിൽ എന്നെ അറിയുന്ന ആ ഏകവ്യക്തി ആരാണു്? നക്ഷത്രങ്ങൾ മന്ദഹാസിക്കുന്ന നീലിച്ച കണ്ണുകളോടുകൂടിയ ഒരു മോഹിനി. അവൾ എന്തിനെൻെറ ഹൃദയം കവൎന്നെടുത്തു. ഞാൻ അതിനവളെ ശിക്ഷിക്കും. എൻെറ ശിക്ഷ എന്താണെന്നവൾക്കറിയാമൊ! അറിയാം. എന്നെക്കാൾ നന്നായി അവൾക്കറിയാം ആ ശിക്ഷ എന്തായിരിക്കുമെന്നു്!

ഒപ്പ്.

Digitized By Kerala Sahitya Akademi

Sunday 5th November 1944
1120 തുലാം 20–ാംനു ഞായറാഴ്ച

ശരീരങ്ങളെ കാലദേശങ്ങൾ അകററിനിർത്തുന്നു. ഹൃദയങ്ങളൊ? അവ അത്രയ്ക്കത്രയ്ക്കു ഒട്ടിപ്പിടിക്കുന്നു. സമുദായനീതി ഹൃദയങ്ങളിൽ മുള്ളുതറയ്ക്കുന്നു. ചോര വാർത്തുപിടയുമ്പോൾ അവ താനെ അങ്ങകന്നു മാറുമെന്നു് വൃഥാ വിശ്വസിക്കുന്നു. കഷ്ടം. അധികമധികം ചോര വാർക്കുംതോറും, അധികമധികം വേദനിക്കുംതോറും അവ അധികമധികം ഗാഢമായി അന്യോന്യം ആശ്ലേഷിക്കുകയാണെന്നു് മൂഢമായ നീതി അറിയുന്നില്ല.

തങ്കം, ഇതു പരമാർത്ഥമല്ലേ?

ഒപ്പ്.

Digitized By Kerala Sahitya Akademi

Monday 6th November 1944
1120 തുലാം 21–ാംനു- തിങ്കളാഴ്ച

കരയാത്ത കാമിനീകാമുകന്മാരെ നക്ഷത്രങ്ങൾ ഇന്നിതു വരെ കണ്ടിട്ടില്ല. ഉടയാത്ത പ്രേമസാന്ദ്രങ്ങളായ ഹൃദയങ്ങൾ ആ തേജഃപുഞ്ജങ്ങൾക്കു ഇന്നോളം അപരിചിതങ്ങളാണ്. ലോകാരംഭംമുതൽ ഇന്നിതുവരെ എത്രയെത്ര പ്രേമനാടകങ്ങൾക്കു സാക്ഷ്യം വഹിച്ചതാണ് അവരുടെ കണ്ണുകൾ!

ഓമനെ, പിന്നെ നാം ദുഃഖിക്കുന്നതെന്തിനു്? നമ്മുടെ വ്യഥ അർത്ഥശൂന്യമല്ലെ? അതെ നമുക്കതറിയാം. എങ്കിലും നാം ദുഃഖിക്കുന്നു. ദുഃഖം! ദുഃഖം! മധുരമായ ദുഃഖം.

ഒപ്പ്.

Digitized By Kerala Sahitya Akademi

Friday 10th November 1944
1120 തുലാം 25–ാംനു- വെള്ളിയാഴ്ച

പ്രേമത്തിൽനിന്നുണ്ടാകുന്ന ശോകംപോലും മധുരമാണ്—പിന്നെ അതു നൽകുന്ന ആനന്ദത്തിന്റെ അവസ്ഥ എന്തായിരിക്കും! എനിക്ക് ഒരു നിമിഷം എന്റെ പ്രേമസർവ്വസ്വമായ ദേവിയെ ഒന്നു മറക്കാൻ സാധിച്ചിരുന്നെങ്കിൽ! ഈ ആത്മബന്ധം എന്നെ അമ്പരപ്പിക്കുന്നു! ഞാൻ ഇന്നോളം ആരെയും സ്നേഹിച്ചിട്ടില്ല. സ്നേഹിക്കുവാനുള്ള ഒരു ശക്തിയും എന്റെ ഹൃദയത്തിനുണ്ടായിരുന്നില്ല. എന്നാൽ അതിനു പകരമായി ഈ പ്രപഞ്ചത്തിൽ മുഴവൻ പ്രസരിച്ചാലും വീണ്ടും ഉറഞ്ഞുവരുന്ന അക്ഷയമായ ഒരു മഹാപ്രേമസാഗരത്തെ ഇന്ന് എന്റെ ഹൃദയം കൈക്കൊള്ളുന്നു. പൂജാപുഷ്പമായി നിലകൊള്ളുന്ന എന്റെ ആത്മാവിനെ എന്റെ ദേവി കാണുന്നുണ്ടോ?

ഒപ്പ്.

Digitized By Kerala Sahitya Akademi

Saturday 11th November 1944
1120 തുലാം 26–ാംനു- ശനിയാഴ്ച

ഇന്നു പകൽമുഴുവൻ ശക്തിയായ മഴയായിരുന്നു. രാത്രിയും അതു ശമിച്ചിട്ടില്ല. ഞാൻ മൂടിപ്പുതച്ചു് ഈ കസേരയിൽ ഇരിക്കുകയാണു്. ശക്തിയായ ജലദോഷം. അസഹനീയമായ തണുപ്പു്. എന്റെ ശാരിരികശക്തികൾ വിശ്രമം ആവശ്യപ്പെടുന്നു. പക്ഷെ അതുകൊണ്ടു കാര്യമില്ല. എന്റെ ഹൃദയത്തിനു വിശ്രമിക്കാൻ സാദ്ധ്യമല്ല. അതു സദാ പണിയെടുത്തുകൊണ്ടിരിക്കുകയാണു്. അതിനു് വിശ്രമം വേണ്ട. അതു വിശ്രമിക്കുകയില്ല. അതിലെ സ്പന്ദനങ്ങൾ അവസാനിച്ചാലും അതിനു വിശ്രമം ലഭിക്കുമോയെന്നു് സംശയമാണു്. എന്റെ ദേവി, എന്തൊരു ഹൃദയമാണു് എന്റെ ഹൃദയം!

ഒപ്പ്.

Digitized By Kerala Sahitya Akademi

Friday 24th November 1944
1120 വൃശ്ചികം 9-ാംനു- വെള്ളിയാഴ്ച

പാടിപ്പാടിപ്പാന്നംബരതലമതിലംഘലിച്ചു
കേറും പികാഗ്ര്യൻ

കൂടിപ്പാട്ടും പിശാചിൻപദവിയെയവലം-
ബിച്ചതിൻമൂലമെന്തോ?

തങ്കം, ശ്രീമാൻ ജി. ശങ്കരക്കുറുപ്പിന്റെ ഒരു കത്ത് ഇന്നു എനിക്കു കിട്ടി. അതിൽ ആദ്യം ചേത്തിരുന്ന രണ്ടു വരികളാണിതു്. എന്താണു് അതിന്റെ മൂലം? എനിക്കുതന്നെ അറിഞ്ഞുകൂടാ. അഥവാ അതിനു പ്രത്യേക കാരണമൊന്നുമില്ല. ഞാൻ യഥാർത്ഥത്തിൽ ഒരു പിശാചുതന്നെയാണു തങ്കം—"പാടുന്ന പിശാച്!" എന്റെ തങ്കം ഒരു ദിവസം എത്ര കത്തുകളാണു് എനിക്കു കിട്ടുന്നതെന്നു തങ്കത്തിനറിയാമോ? എവിടെനിന്നെല്ലാം അറിവും പരിചയവുമില്ലാത്തവർപോലും എന്തെല്ലാമാണു് എഴുതി അയക്കുന്നതു്. ഞാൻ എന്റെ പത്നിയെ—ശ്രീദേവിയെ—ഉപേക്ഷിച്ചതു് വലിയ കഷ്ടമായിപ്പോയി എന്നും, എന്നെപ്പോലെയുള്ള ഒരാൾ ഇങ്ങനെ മനസ്സിനു നിയന്ത്രണമില്ലാതാകുന്നതു് വലിയ കഷ്ടമാണു് എന്നും മററും......എന്റെ തങ്കം ഞാൻ എങ്ങനെ തുലഞ്ഞാലും ഈ പറയുന്നവർക്കെല്ലാം എന്തു ചേതം! ഇങ്ങനെ ഒരു സൈപരംകെട്ടത്തലുണ്ടോ? അല്ലെങ്കിൽതന്നെ അനുനിമിഷം തീതിന്നാണു ഞാൻ ജീവിക്കുന്ന

Digitized By Kerala Sahitya Akademi

 തു്. അതിനിടയിൽ ഈവക ശല്യങ്ങളും. ഇവരൊക്കെ എന്റെ സുഹൃത്തുക്കളാണത്രെ! സുഹൃത്തുക്കൾ! ആ വാക്ക കേൾക്കുമ്പോൾ എനിക്ക പേടിയാകുന്നു. ഒരുവൻ എന്റെ ശത്രുവായാലും തരക്കേടില്ല, എന്റെ സുഹൃത്താകാതിരുന്നാൽ മാത്രം മതിയായിരുന്നു.

എന്റെ തങ്കം, എന്നെ ഇങ്ങനെ ജീവിപ്പിക്കുന്നതിനെക്കാൾ ഭേദം മരിപ്പിക്കുകയാണു്. ഓരോ ദിവസം കഴിയുംതോറും മരണത്തിനുള്ള എന്റെ ദാഹം അടിക്കടി വദ്ധിച്ചു വരുന്നു. എന്റെ തങ്കം ഈ നശിച്ച ലോകത്തിൽ നാം ഇങ്ങനെ പരസ്പരം അലിഞ്ഞുചേന്നല്ലൊ. നാം എന്തിനു സ്നേഹിച്ചു തങ്കം? നമുക്കു് അന്യോന്യം വേർപിരിയാൻ സാധിക്കുമൊ? ഒന്നു ശ്രമിച്ചുനോക്കു. ഞാൻ ശ്രമിച്ചു നോക്കി തങ്കം. ഇല്ല. എനിക്ക സാദ്ധ്യമല്ല. ശ്രമിക്കുംതോറും ഞാൻ എന്റെ തങ്കത്തിൽ അലിഞ്ഞുചേരുന്നു. എന്റെ തങ്കം, ഓമനേ, പ്രാണസവ്വസ്വമായ എന്റെ ദേവി.

ഒപ്പു്

Digitized By Kerala Sahitya Akademi

Wednesday 2nd September 1942
118 ചിങ്ങം 17-ാംനു ബുധനാഴ്ച

രാവിലെ ആറുമണിക്കെഴുന്നേററു. അഷ്ടമിരോഹിണിയായിരുന്നതിനാൽ കുളിച്ചു് അമ്പലത്തിൽ തൊഴാൻ പോയി. ത്രിമധുരം വഴിപാടു കഴിച്ചു. വീട്ടിൽ വന്നു കാപ്പി കുടിച്ചു. പന്ത്രണ്ടുമണിവരെ വായിച്ചു. പിന്നീടു് ഊണു കഴിച്ചു് പരിപ്പുവടയുണ്ടാക്കുവാൻ അമ്മിണിയെ സഹായിച്ചു. വൈകുന്നേരം കാപ്പികുടി കഴിഞ്ഞു് നടക്കാൻപോയി. സന്ധ്യക്കു തേവൻകുളങ്ങരെ ഡോക്ടരുടെ ഡിസ്പെൻസറിയിൽ വന്നു കൃഷ്ണൻകുട്ടിമേനവനുമായി സംസാരിച്ചുകൊണ്ടിരുന്നു. ചന്ത്രത്തിൽ കൃഷ്ണപിള്ളയും വന്നുചേന്നു. എല്ലാവരും ഒന്നിച്ചു് അമ്പലത്തിലേയ്ക്കു പോയി. അമ്പലത്തിൽ അസംഖ്യം യുവതികൾ ദേവദശ്നത്തിനായി വന്നിട്ടുണ്ടായിരുന്നു. മടങ്ങിവന്നു ഡോക്ടരുമൊന്നിച്ചു് വീട്ടിലേയ്ക്കു പോന്നു. കാപ്പിയും പലഹാരവും കഴിച്ചു് ഏതാനും കത്തുകൾ എഴുതുകയും പിന്നീടു് ഒരു മണിവരെ വായിക്കുകയുംചെയ്തു. രണ്ടു മണിക്കുമുൻപു ഉറങ്ങി.

ഇടപ്പള്ളി,
17-1-118.

ഒപ്പു്.

Digitized By Kerala Sahitya Akademi

Saturday 5th September 1942
1118 ചിങ്ങം 20–ാംനു- ശനിയാഴ്ച

അതിരാവിലെ എഴുന്നേററു് കുളിയും കാപ്പികുടിയും കഴിഞ്ഞു് റിക്ഷയിൽ തൃപ്പൂണിത്തുറയ്ക്കു തിരിച്ചു. പത്മനാഭ മേനവൻെറ വീട്ടിൽ (വെമ്പളാശ്ശേരിയിൽ) കയറി. അദ്ദേഹവുമൊന്നിച്ചു പാലസ്സിലേയ്ക്കു പോയി. മി. രഘുനന്ദന മേനവനെ കണ്ടു. 'സങ്കല്പകാന്തി' സമ്മാനിച്ചു. കൊച്ചിയിൽ ഒരു Archaeological Assistant–ൻെറ ഉദ്യോഗം വാങ്ങിത്തരുവാൻ സഹായിക്കാമെന്നു് അദ്ദേഹം പറഞ്ഞു. അവിടെനിന്നും പത്തുമണിക്കിറങ്ങി മി. പത്മനാഭമേനവനും ഒന്നിച്ചു് രാജാ പ്രസ്സിൽ ചെന്നു മംഗളപത്രം അച്ചടിപ്പിച്ചു. ഉച്ചതിരിഞ്ഞു് നേത്യാരമ്മയെ കണ്ടു. അവിടെനിന്നു കാപ്പികുടിച്ചു. മൂന്നു മണിക്കൂർനേരം നേത്യാരമ്മയുമായി സംസാരിച്ചു. ഫലിതമയവും ധാരാവാഹിയവും സ്വാരസ്യസമ്പൂർണ്ണവുമായിരുന്നു ആ മഹതിയുടെ സംസാരം. പോരാൻകാലത്തു് എനിക്കു് 'ഓണപ്പുടവ' സമ്മാനിച്ചു. സന്ധ്യയ്ക്കു് അവിടെനിന്നു തിരിച്ചു. വഴിക്കുവെച്ചു അയ്യനാട്ടു കൃഷ്ണപിള്ളയെ കണ്ടുമുട്ടി. അദ്ദേഹത്തേയും റിക്ഷായിൽ കയററി ഇടപ്പള്ളിയിലേക്കു പോന്നു. ഊണുകഴിഞ്ഞു പത്തരമണിക്കുറങ്ങി.

20–1–118. ഒപ്പ്.

Digitized By Kerala Sahitya Akademi

Tuesday 8th September 1942
1118 ചിങ്ങം 23-ാംനു ചൊവ്വാഴ്ച

---

രാവിലെ കാപ്പികുടി കഴിഞ്ഞു് തേവൻകുളങ്ങരയ്ക്കു പോയി. തിരിച്ചുവന്നു് ഉച്ചയ്ക്കു ഒരുമണിവരെ വായിച്ചു. ഗർഭമുള്ളതിനാൽ കോഴിമുട്ട ഉപയോഗിക്കരുതെന്നു അമ്മിണി (Wife) യെ വിലക്കിയിരുന്നു. ഞാനറിയാതെ സൂത്രത്തിൽ അവൾ ഇന്നതു് ഉപയോഗിച്ചതായി അറിഞ്ഞു വഴക്കു പറഞ്ഞു. കാപ്പികുടിക്കാതെ വെളിയിലേയ്ക്കു പോയി. സന്ധ്യക്കു മടങ്ങിവന്നു. അമ്മിണി ഉണ്ണാൻ വിളിച്ചിട്ടു ചെന്നില്ല. കാപ്പിയും പലഹാരവും കൊണ്ടുവന്നിട്ടു് അതും ഉപയോഗിച്ചില്ല. യാതൊന്നും കഴിക്കാതെ, വെറും പട്ടിണികിടന്നു. രാത്രി പത്തു മണിയോടുകൂടി ഉറങ്ങി. അമ്മിണിയോടു ഒന്നും മിണ്ടിയില്ല.

23-1-18
ഇടപ്പള്ളി

ഒപ്പു്.

Digitized By Kerala Sahitya Akademi

Wednesday 9th September 1942
1118 ചിങ്ങം 24-ാംനു ബുധനാഴ്ച

രാവിലെ ഉണന്നു. അമ്മിണി കാപ്പികുടിക്കാൻ വിളിച്ചിട്ട ചെന്നില്ല. നേരെ തേവൻകുളങ്ങരയ്ക്കു പോയി. രാജൻ തിരുപ്പാടിന്റെ വൈദ്യശാലയിൽ കയറിയിരുന്നു. കടയിൽനിന്നു കാപ്പിയും പലഹാരവും വരുത്തിക്കുടിച്ചു. മടങ്ങിവന്നു 12 മണിവരെ വായിച്ചു. പ്രഭാകരനെക്കൊണ്ടു ഒരു കപ്പു കാപ്പി വരുത്തിക്കുടിച്ചു. അമ്മിണി ഊണുകഴിക്കുവാൻ വന്നു നിർബ്ബന്ധിച്ചിട്ടും പോയില്ല. ഉച്ചയ്ക്കു ഒന്നര മണിയോട്ടുകൂടി അമ്മിണിയുമായി ശണ്ഠകൂടി. വൈകുന്നേരം വീട്ടിൽനിന്നു കാപ്പികുടിച്ചില്ല. നേരെ ഡാക്ടറുടെ ഡിസ്പൻസറിയിൽ ചെന്നിരുന്നു കടയിൽനിന്നു കാപ്പിയും പലഹാരങ്ങളും വരുത്തിക്കഴിച്ചു. സന്ധ്യക്കു മടങ്ങിവന്നു. വലിയ ക്ഷീണവും തളച്ചയും വിശപ്പുമുണ്ടായിരുന്നു. അമ്മിണി ഉണ്ണാൻ വിളിച്ചു. ഭയങ്കരമായ വിശപ്പുണ്ടായിരുന്നുവെങ്കിലും വാശിപിടിച്ചു ഉണ്ണാതെകിടന്നു. "ആയില്യം മകം" എന്ന വിശേഷദിവസമായിരുന്നു. സദ്യ ഉണ്ടായിരുന്നു. എങ്കിലും നശിച്ച വാശി എന്നെ പട്ടിണിയിട്ടു. രാത്രി വിശപ്പുമൂലം ഉറക്കംവന്നില്ല. പത്തുമണിക്കു പ്രഭാകരനെ വിളിച്ചു ഒരു ഗ്ലാസ് പച്ചവെള്ളംവരുത്തിക്കുടിച്ചു. മൂന്നു ദിവസമായി പാലും കുടിക്കാറില്ല. രാത്രി ഒരുമണിക്കുറങ്ങി.

24-1-18 ഒപ്പ്.

Digitized By Kerala Sahitya Akademi

## Thursday 10th September 1942
## 1118 ചിങ്ങം 25-ാംനു- വ്യാഴാഴ്ച

Woke up at 6. Did not take either tea or kanji from the house, but went out. Went to the Dispensary. Had tiffin brought from tea shop. Returned at nine thoroughly exhausted. Had a nap for an hour. Ammini came and entreated to me to take my meals. Though reluctantly I at last yielded. Then had my bath taken and took meals—a delicious one. Then went to Thevankulangara, bought a Cigarette and went to…………'s house. That individual had been my first love.

(ആറുമണിക്കു ഉണന്നു. വീട്ടിൽനിന്നു ചായയോ കഞ്ഞിയോ കഴിച്ചില്ല. പുറത്തേക്കു പോയി. ഡിസ്പെൻസറിയിൽ ചെന്നു. ചായക്കടയിൽനിന്നും പലഹാരം വരുത്തിക്കഴിച്ചു. ഒമ്പതു മണിക്കു തിരിച്ചുവന്നു. വല്ലാതെ തളന്നിരുന്നു. ഒരുമണിക്കൂർനേരം ഒന്നു മയങ്ങി. അമ്മിണി വന്നു് ഊണുകഴിക്കാനായി എന്നോടു യാചിച്ചു. മനസ്സില്ലാമനസ്സോടെയാണെങ്കിലും ഒടുവിൽ സമ്മതിച്ചു. ഉടനെ കുളിയും കഴിഞ്ഞു് ഊണുകഴിച്ചു—നല്ല സ്വാദുള്ള ഊണു്. എന്നിട്ടു് തേവൻകുളങ്ങരയിൽ ചെന്നു് ഒരു സിഗരററു വാങ്ങിച്ചു്... ...യുടെ വീട്ടിലേക്കു പോയി, അവൾ എന്റെ ആദ്യത്തെ കാമുകിയായിരുന്നു...............)

Digitized By Kerala Sahitya Akademi

Sunday 13th September 1942
1118 ചിങ്ങം 28–ാംനു ഞായറാഴ്ച

Rose up at 7. Took kanji and went out. Enquired about the Compound that Brother-in-law has intended to purchase. Returned at 11. Began reading. Took meals at 1. Again began reading. At 3-30 took tea. Engaged in domestic labour till 6. Took bath. Went to the shop and purchased articles for two Rupees. Returned at 8. Took supper. Got agitated with Ammini and made some angry remarks with regard to her carelessness in household affairs. She kept mute. Poor girl. I like her very much and love her with all my heart. She is extremely mild in temper and unparallel in Virtue. Some time I say harsh words to her not out of contempt, but simply for a joke I confess I have a little of the Sadist in me. Engaged in reading poetry from 9 to 12-30. Then slept.

28-1-18. (Sd.)

Digitized By Kerala Sahitya Akademi

(ഏഴരമണിക്കുണൎന്നു. കഞ്ഞികുടിച്ചു പുറത്തേയ്ക്കിറങ്ങി. അളിയൻ വാങ്ങാൻ ഉദ്ദേശിച്ചിരുന്ന വസ്തുവിനെക്കുറിച്ച് അന്വേഷിച്ചു. പതിനൊന്നുമണിക്കു തിരിച്ചുവന്നു് വായിക്കാൻ തുടങ്ങി. ഒരുമണിക്ക് ഊണുകഴിച്ചു 6 മണിവരെ ഗൃഹജോലികളിൽ വ്യാപൃതനായി. കുളിച്ചു. പീടികയിൽ ചെന്നു രണ്ടുറുപ്പികക്കു സാമാനങ്ങൾ വാങ്ങി 8 മണിക്കു തിരിച്ചുവന്നു. അത്താഴം കഴിച്ചു. അമ്മിണിയെ ദേഷ്യപ്പെട്ടു. ഗൃഹകാര്യങ്ങളിലുള്ള അവളുടെ സൂക്ഷ്മക്കുറവിനെക്കുറിച്ച് ദേഷ്യപ്പെട്ടു സംസാരിച്ചു. അവൾ മൗനമവലംബിച്ചു. പാവം കുട്ടി. ഞാൻ അവളെ വളരെ ഇഷ്ടപ്പെടുന്നു. ഞാനവളെ ഹൃദയപൂർവ്വം സ്നേഹിക്കുന്നു. അവൾ അങ്ങേയററം സാത്വികയാണ്. അതുല്യയായ പതിവ്രതയാണ്. ചിലപ്പോഴൊക്കെ ഞാൻ അവളോടു പരുഷമായ വാക്കുകൾ പറയാറുള്ളതു് വെറുപ്പുകൊണ്ടല്ല; വെറുതെ വിനോദത്തിനു വേണ്ടിയാണ്. അല്പം വിഷാദാത്മകത്വം എന്നിൽ ഉണ്ടെന്നു ഞാൻ സമ്മതിക്കുന്നു. 9 മുതൽ 12–30 വരെ കവിത വായിക്കുന്നതിൽ ഏർപ്പെട്ടു. പിന്നീട് ഉറങ്ങി.)

Digitized By Kerala Sahitya Akademi

## Saturday 19th September 1942
## 1118 കന്നി 3-ാംനു- ശനിയാഴ്ച

Got up at 7-30. Kanji was not ready. Went to the dispensary. Had tea brought there. Returned at 9-30. Engaged in domestic labour till 12-30. Then took meals. Engaged again in domestic labours. Aunt came. Talked with her. Took tea at 4. Again attended domestic labours till 6-30. Took bath at 7-30. After supper quarrelled with Ammini, Mother and Servant Sivasankaran. All kept mute. Read till 12-30. Then lay down to sleep.

7-30 ന് ഉണർന്നു. കഞ്ഞി തയ്യാറായിരുന്നില്ല. ഡിസ്പെൻസറിയിലേക്കു പോയി. ചായ കൊണ്ടുവരുത്തി കുടിച്ചു. 9-30 ന തിരിച്ചുവന്നു. 12-30 വരെ ഗൃഹജോലികളിൽ ഏർപ്പെട്ടു, ഊണുകഴിച്ചു. വീണ്ടും ഗൃഹജോലികളിൽ ഏർപ്പെട്ടു. അമ്മായി വന്നു. അവരുമായി സംസാരിച്ചു. വീണ്ടും 6-30 വരെ ഗൃഹജോലികൾചെയ്തു. 7-30 ന കുളിച്ചു. അത്താഴംകഴിഞ്ഞ്, അമ്മിണിയും അമ്മയും ഭൃത്യൻ ശിവശങ്കരനും മററുമായി വഴക്കുകൂടി. എല്ലാവരും മിണ്ടാതിരുന്നു. 12-30 വരെ വായിച്ചു. എന്നിട്ട് ഉറങ്ങാൻ കിടന്നു.

Digitized By Kerala Sahitya Akademi

Saturday 26th September 1942
1118 കന്നി 10-ാംനു- ശനിയാഴ്ച

ഏഴുമണിക്കുണന്നു. കഞ്ഞികുടിച്ചു. പിന്നീട്ട് എരിശ്ശേരിയും കാളനും പാകംചെയ്യാൻ അമ്മിണിയേയും ശിവശങ്കരനേയും സഹായിച്ചു. കാളൻ ഞാൻതന്നെയാണു പാകം ചെയ്തതു്. വളരെ നന്നായിട്ടുണ്ടെന്നു് എല്ലാവരും സമ്മതിച്ചു. ഊണുകഴിഞ്ഞു 3–30 വരെ ഉറങ്ങി. ഉണന്നെഴുന്നേററു കാപ്പികുടിച്ചു. അമ്മിണിയെ കുറച്ചു ദേഷ്യപ്പെട്ടു. അതിനു ശേഷം ഏഴരമണിവരെ കള്ളപ്പം ഉണ്ടാക്കാൻ ഉത്സാഹിച്ചു. കള്ളപ്പത്തിനായി കൊണ്ടുവന്നിരുന്നതിൽ നാഴിയോളം കള്ളു് ആരുംകാണാതെ ഞാൻ ഉള്ളിലാക്കി. കുളികഴിഞ്ഞു് എട്ടരമണിക്കു കാപ്പികുടിച്ചു. അപ്പുക്കുട്ടൻ (Brother-in-law) വന്നിട്ടുണ്ടായിരുന്നു. ഒന്നേമുക്കാൽ മണിവരെ ആത്മകഥ എഴുതി. പിന്നീട്ട കിടന്നുറങ്ങി.

ഇടപ്പള്ളി ഒപ്പ്.

Digitized By Kerala Sahitya Akademi

Wednesday 7th October 1942
1118 കന്നി 21–ാംനു- ബുധനാഴ്ച

രാവിലെ ഏഴുമണിക്കുണന്നു. കാപ്പികഴിഞ്ഞു 12 മണിവരെ ജ്യോതിഷം പഠിച്ചു. ഊണുകഴിഞ്ഞു ടാഗോറിന്റെ ഉദ്യാനപാലകൻ വിവർത്തനംചെയ്യാൻതുടങ്ങി. രാത്രി എട്ടുമണിവരെ അതു തുടൎന്നുകൊണ്ടിരുന്നു. മൂന്നു കവിതകൾ തൎജ്ജമചെയ്യാൻകഴിഞ്ഞു. അനന്തരം അത്താഴം കഴിഞ്ഞു് ഒരുമണിവരെ വായിച്ചു. പിന്നീടു് കിടന്നുറങ്ങി.

Digitized By Kerala Sahitya Akademi

Friday 9th October 1942
1118 കന്നി 23–ാംനു- വെള്ളിയാഴ്ച

രാവിലെ ഏഴുമണിക്കുണന്നു. കാപ്പികുടികഴിഞ്ഞു വായിച്ചുകൊണ്ടിരിക്കുമ്പോൾ അമ്മിണിക്കു സുഖമില്ലാതായി. ആകസ്മികമായി അവൾക്കുണ്ടായ ഗർഭഛിദ്രം എന്നെ വല്ലാതെ പീഡിപ്പിച്ചു. ഉടൻതന്നെ അവളെ ഡോക്ടരുടെ അടുത്തു കൊണ്ടുപോയി. ഭയപ്പെടേണ്ടതായിട്ടില്ലെന്നു ഡോക്ടർ തീർത്തുപറഞ്ഞപ്പോൾ അല്പം സമാധാനമായി. അവിടെനിന്നു തിരിച്ചുവന്നു് അമ്മിണിക്കു വേണ്ട പരിചര്യകളെല്ലാം ചെയ്തു. ഊണുകഴിഞ്ഞു ഉദ്യാനപാലകൻ വിവർത്തനംചെയ്തു. നാലുമണിക്കു കാപ്പികുടിച്ചു. കൃത്യസമയങ്ങളിൽ അമ്മിണിക്കു വേണ്ട മരുന്നുകൾ കൊടുത്തുകൊണ്ടിരുന്നു. രാത്രി ഊണുകഴിഞ്ഞു് ഒരുമണിവരെ തർജ്ജമ തുടർന്നു. ഒരു കവിത മാത്രമേ തർജ്ജമചെയ്യാൻ സാധിച്ചുള്ളു.

ഇന്നു് ഒരു മേശപണിയിക്കാൻ ഏർപ്പാടുചെയ്തു.

Digitized By Kerala Sahitya Akademi

Sunday 18th November 1942
1118 തുലാം 16–ാംനു ഞായറാഴ്ച

രാവിലെ ഏഴുമണിക്കുണർന്നു. കാപ്പികഴിഞ്ഞു അമ്മിണിയുടെ വീട്ടിൽ പോയി. അവിടെനിന്നും കാപ്പികുടിച്ചു് അച്ഛനുമൊന്നിച്ചു തിരിച്ചുവന്നു. കള്ളിയത്തെ കൃഷ്ണൻകുട്ടി കുറുപ്പു മുതലായവരും രാഘവൻപിള്ളയുടെ അച്ഛനും വന്നു. Brother-in-law വന്നന്വേഷിച്ചിട്ടു് ചേന്നമംഗലത്തേയ്ക്കു പോയി. ഊണുകഴിഞ്ഞു 11½ മണിക്കു പുറപ്പെട്ടു. അമ്മിണിയും അമ്മയും വാവിട്ടു നിലവിളിച്ചു. എനിക്കു സങ്കടം സഹിച്ചില്ല. ഇറങ്ങിയപ്പോൾ ചേടത്തിയമ്മയും ഇന്ദുവും ബാലനും സുധയും മന്ദാരവും അപ്പുക്കുട്ടനുമാണു് നേരിട്ടു വന്നതു്. അച്ഛനും അമ്മാവനും ഡാക്ടരും രാഘവൻപിള്ളയുടെ പിതാവുമൊന്നിച്ചു സ്റ്റേഷനിൽ വന്നു. 1–30 നുള്ള മെയിൽ വണ്ടിയിൽ കയറി. വലിയ തിരക്കുണ്ടായിരുന്നു. ഏറെനേരം നിന്നുതന്നെ കഴിച്ചുകൂട്ടി. കെ. ജോർജ്ജിൻെറ ജ്യേഷ്ഠൻെറ മകനും ബോംബെയിൽ മെഡിക്കൽ കോളേജിൽ എം. ബി, ബി എസ്സിനു് പഠിക്കുന്ന ആളുമായ മി. കുര്യനുമായി വണ്ടിയിൽവെച്ചു പരിചയപ്പെട്ടു. 5–30 നു് ആർക്കോണത്തു വന്നു. ബോംബെ എക്സ്പ്രസ്സു കാത്തു സ്റ്റേഷനിൽ നിൽക്കുന്നു.

Arkonam,
17-3-1118 7 A. M.

ഒപ്പു്

Digitized By Kerala Sahitya Akademi

Tuesday 3rd November 1942
1118 തുലാം 18-ാംനു ചൊവ്വാഴ്ച

രാവിലെ എട്ടരമണിക്ക പൂനയിൽ വന്നു. ഇഗ്നേഷ്യസ് സ്റ്റേഷനിൽ കാത്തുനിൽക്കുന്നുണ്ടായിരുന്നു. ഞങ്ങൾ ഒന്നിച്ചു വസതിയിൽ എത്തി. കാപ്പികുടി കഴിഞ്ഞു് സി. എം. എ. യുടെ ആഫീസിലേക്കു പോയി. സി. എം. എ. യുമായി 11½ മണിക്ക് interview നടത്തി. ഉടൻതന്നെ എന്നെ നിയമിച്ചു. ഉച്ചയ്ക്കു് ഇഗ്നേഷ്യസുമായിച്ചെന്നു ഊണു കഴിച്ചു മടങ്ങിവന്നു. അമ്മിണിക്ക Telegram അയച്ചു. അഞ്ചുമണിക്കു് ആഫീസുവിട്ടുവന്നു. കുളികഴിഞ്ഞു് ഇഗ്നേഷ്യസുമൊന്നിച്ചു നടക്കാൻപോയി. പല തെരുവുകളിലും ചുററിനടന്നു. ശുക്രവാരത്തെരുവിൽ ഇരുപുറവുമുള്ള സൗധവാതായനങ്ങൾക്കരികിൽ കാമുകരെ മാടിവിളിച്ചുകൊണ്ടു ഞെളിഞ്ഞൊരുങ്ങിയിരിക്കുന്ന വാരാംഗനകളുടെ ചാപല്യങ്ങൾ നോക്കിരസിച്ചുകൊണ്ടു നടന്നുപോയി. എട്ടുമണി കൊട്ടത്തു സ്ത്രീകളാൽ നടത്തപ്പെടുന്ന 'തമാശ' (ഒരുവക മോഹിനിയാട്ടം) കണ്ടു. 11 മണിക്ക തിരിച്ചുവന്നു. 12-30നു കിടന്നു.

Poona — ഒപ്പ്.

Digitized By Kerala Sahitya Akademi

Wednesday 11th November 1942
1118 തുലാം 26–ാംനു- ബുധനാഴ്ച

രാവിലെ എട്ടുമണിക്കുണർന്നു. കാപ്പികുടികഴിഞ്ഞു പത്തുമണിക്ക് ആഫീസിൽ എത്തി. ഒരുമണിക്ക് ഇഗ്നേഷ്യസുമൊന്നിച്ചു ബിരിയാണികഴിച്ചു. അഞ്ചുമണിക്ക് ആഫീസിൽനിന്നു തിരിച്ചുവന്നു. കുളിയും കാപ്പികുടിയുംകഴിഞ്ഞ് തനിയെ നടക്കാനിറങ്ങി. പോകുംവഴി ആദ്യമായി ഒരുതരം 'പാശികളിയിൽ' പങ്കുകൊണ്ടു. അഞ്ചു രൂപ കളിയിൽ നേടി. അവിടെനിന്നും Imperial Book Depot വിൽ കയറി. ഏഴുമണിവരെ അവിടെ കഴിച്ചുകൂട്ടി. പിന്നീടു പലയിടത്തും ചുററിനടന്നു. ഒമ്പതുമണിക്കു തിരിച്ചുവന്നു. ഊണുകഴിഞ്ഞ് 12 മണിവരെ ചീട്ടുകളിച്ചു. പിന്നീടുറങ്ങി.

26–3–118
Poona

ഒപ്പ്

Digitized By Kerala Sahitya Akademi

Saturday 5th December 1942
1118 വൃശ്ചികം 20-ാംനു ശനിയാഴ്ച

## കവിത

ഹാ! വസന്തം വന്നുചേൎന്നു, പൂവലാംഗി, നിന്നെപ്പോലി-
പ്പൂവനത്തിൻ മുഖത്തിലും പുഞ്ചിരിവന്നു.
ഭാവുകപ്രദായികകൾ ഭാവപ്രസന്നകൾ, വന-
ദേവതകളനുഗ്രഹംചൊരിഞ്ഞു നിന്നു.

2

ഇനിയില്ല നെടുവീർപ്പിനിടയൊട്ടു, മുണൎവ്വിന്റെ
പനീർപ്പൂക്കളെവിടെയും വിരികയായി.
ഇനിയില്ല മിഴിനീരിനിടയൊട്ടു, മുന്മദത്തിൻ
കനകരശ്മികൾ നീളെ നിറകയായി.

3

പുൽക്കൊടികൾപോലും തലപൊക്കി, വിണ്ണിൽനിന്നുതിരും
പുഷ്കലശ്രീ പുൽകിപ്പുൽകി പുളകംപൂശി
ദിക്കുകളെ പ്പൊന്നൊളിയിൽ മുക്കിമുക്കി വാസരശ്രീ-
യുൾക്കളിരാൎന്നുല്ലസിപ്പൂ സുസ്മിതംവീശി.

4

അയിസഖി, തവശുഭതരുണിമതളിതട്ടി-
ട്ടനുപമസുഷമകളണിഞ്ഞുനിൽക്കെ;
അവനിയിൽ ജീവിതപ്പൂവനിയിലുത്സവത്തിനു
ള്ളവസരമാ,ണതയ്യോ, പാഴിലാകൊല്ലേ!

Digitized By Kerala Sahitya Akademi

# അവളുടെ പത്രം

( ഒരു വിനോദ കവിത )

കാണണം നിത്യവും—നാണിക്കും കാണുമ്പോൾ
കാണാതിരുന്നാൽ പിണക്കമാവും !
എന്നും പിരിയുമ്പോൾ 'നാളെപ്പറയുവാ'–
നെന്നോടവൾക്കുണ്ടാം നൂറുകൂട്ടം !
മുല്ലയ്ക്കൽ വീട്ടിലെ മല്ലികക്കുട്ടിക്കു
ചെല്ലപ്പൻ കത്തുകൊടുത്തകാര്യം··
താലപ്പൊലികണ്ടുനിൽക്കുമ്പോളമ്മിണി
ബാലനെനോക്കിച്ചിരിച്ചകാര്യം–
സോമനെഴുതിക്കൊടുത്തോരുപന്യാസം
ശ്യാമള കാണിച്ചുതന്നകാര്യം–
ചെല്ലമ്മവാങ്ങിച്ച സാരിതൻവക്കത്തെ
വെള്ളിക്കസവിൻ മിനുമിനുക്കം–
ഹിന്ദിപഠിപ്പിക്കും സാറെന്നുകേൾക്കുമ്പോ–
ളിന്ദുമതിയുടെ പാരവശ്യം–
പട്ടലേസുച്ചുറ്റുന്നുമ്പോൾ, കൈയെങ്ങോ
തട്ടിയൊരല്പം മുറിഞ്ഞകാര്യം–
തങ്കമ്മയ്ക്കുച്ചുൻ പുതുതായൊരുജോഡി–
ത്തങ്കത്തിരിവള തീർത്തകാര്യം–
ഞാനൊരു വല്ലാത്തപുള്ളിയാണെന്നിന്നു
ജാനമ്മതന്നോടു ചൊന്നകാര്യം–
ഇന്ദിര കോളേജിൽപോകുമ്പോൾ സൈക്കിളിൽ
ചന്ദ്രനെതിരേവരുന്നകാര്യം–

Digitized By Kerala Sahitya Akademi

എന്തുവേണ്ടീമട്ടോരായിരംകാര്യങ്ങ–
ളെന്നുമവൾക്കുണ്ടാമെന്നോടോതാൻ.
ഭുവിലവളല്ലാതാരും തുനിയുകി–
ല്ലീവിധ്യം വന്നെന്നെണ്ണ്പ്പോറുചെയ്യാൻ!
എന്നാലെനിക്കതിന്നോമർഖയ്യാമിൻെറ
സുന്ദരഗാനത്തെക്കാൾ മധുരം!

ഓമലാളെൻ കാതിൽപെയ്യും പ്രസംഗത്തി–
നോരോരോകോമയ്ക്കും മൂളിട്ടം ഞാൻ!
എന്നും, സെമിക്കോളനല്ലാതെ ഫുൾസ്റ്റാഫി
ട്ടൊന്നും നിറുത്താറില്ലെൻെറ തങ്കം.
പ്രേമസല്ലാപ പ്രതിദിനപത്രത്തി–
ലോമലാളിൻെറ മുഖപ്രസംഗം
എല്ലാ'ക്കോള'ങ്ങളും തീന്നാലും പിന്നേയു–
മെന്നും "തുടരു"മെന്നായിരിക്കും.
മററൊരു ലേഖനം കാണില്ലതിലെൻെറ–
യൊററക്കവിതയും ചേക്കകില്ല.
സൗജന്യമായ്‌വരും പത്രങ്ങളേറെയെൻ
സൗകര്യംകാത്തുകിടക്കകിലും;
ഞാനദ്ദിനാന്തപ്പതിപ്പിൻ വരിക്കാര–
നാണെന്നു വന്നതെന്തത്ഭുതമോ!

വ്യക്തമായ്കാണാം ചിലപ്പോളതിൽ ചില
ശക്തിമത്താകും വിമശനങ്ങൾ.
'അന്നമ്മസ്സാറിൻെറ ദുന്നയം' 'തെക്കേലെ
പ്പൊന്നമ്മകാണിക്കും താന്തോന്നിത്തം–

Digitized By Kerala Sahitya Akademi

'കാരണവാൻകൊള്ളാത്ത കാമാക്ഷിസ്സാറിന്റെ
നാണമില്ലാത്ത തുറിച്ചുനോട്ടം–
ആനന്ദവല്ലിക്ക വിട്ടൊഴിയാത്തതാ–
മാണുങ്ങളോടുള്ളടുത്തു ചാട്ടം.

ഏറെക്കുശുമ്പെഴും ലീല പലപ്പോഴു–
മേഷണികൂട്ടുന്ന സമ്പ്രദായം'
ഇത്യാദിയോരോന്നെടുത്തു വിമർശിച്ചാ–
ലത്താഴമന്നെനിക്കുദ്ധമാകും!

പാതിരാക്കോഴിയുറങ്ങിക്കഴിയുമ–
പ്പാതവക്കത്തെ വിളക്കണയും!
ആരോമലാളിൻ പ്രസംഗമാംനെയ്യാറൊ–
രാമനോണായി വളന്നൊഴുകും!

ആട്ടിസ്റ്റാണായവൾ—കാണാമാപ്പത്രത്തിൽ
കാർട്ടൂൺ പലതും വിചിത്രമായി!
തീരെച്ചടച്ച ഭവാനിയമ്മയ്ക്കെന്തു
വാരത്തുന്നിക്കൊണ്ടു തീർത്തബോഡി?

അംഗജകോമളനാകമാഗ്ഗോപിത–
റെന്തൊവരിപ്പല്ലിനുള്ള ഭംഗി?
എന്നുവേണ്ടായിരം ചിത്രങ്ങൾ വാക്കിനാൽ
നന്നായിട്ടോമൽ വരച്ചുകാട്ടും.

അച്ചിത്രംനോക്കിച്ചിരിച്ചു ചിരിച്ചെനി–
ക്കൊച്ചപൊങ്ങാതായി വീർപ്പുമുട്ടും.
ഞങ്ങൾതൻ സല്ലാപരംഗമാമിച്ചിത്ര–
മെന്നുമിതുപോൽ നടന്നുവെങ്കിൽ!

Digitized By Kerala Sahitya Akademi

എന്നാണതിനുള്ള ലൈസൻസധികൃതർ
വന്നിനി "റദ്ദ്" ചെയ്യുന്നതാവോ !
പ്രേമസാമ്രാജ്യത്തിൽ പാത്രാഗ്രലേഷൻ
താമസിയാതെ നടപ്പിലാക്കാൻ
ആലോചനയുണ്ടെന്നാരോ പറഞ്ഞിന്നു
കാലത്തു—കേട്ടതൊട്ടാധിയായ്മേ !
നിൻ നർമ്മസല്ലാപപത്രം നീയോമലേ
നിന്നിടാതെന്നും നടത്തേണമേ !

Digitized By Kerala Sahitya Akademi

Friday 3rd October 1947
1123 കന്നി 17–ാംനു- വെള്ളിയാഴ്ച

ഇന്നലെയാണു ഞാൻ വന്നതീലോകത്തി–
ലിന്നോ ഞാൻ കേവലം വൃദ്ധനായി.
നാളെയ്യൊരാഴക്ക ചാമ്പൽ ഞാൻ–മജ്ജീവ
നാളമോ ? — ജീവിതം പൂർണ്ണമായോ ?

Digitized By Kerala Sahitya Akademi

## 1112–ൽ എഴുതിയ ഒരു കവിത

അന്തിത്തിരിയാലൊരാവേശകസ്മിതം
ചിന്തിനില്ലുന്നനിൻ നിശ്ശബ്ദമന്ദിരം
കണ്ടിടാറില്ലതിലേറെനാളായി ഞാൻ
ചണ്ടത്തെദീപ്തിപ്രസരങ്ങളൊന്നുമേ
നിത്യമൂകതപം വിറങ്ങലിപ്പിച്ചൊരാ
നിഞ്ജനോദ്യാനങ്ങൾ കാണുമ്പോഴൊക്കെയും
എൻകിഴിത്തുമ്പിൽനിന്നിററുവീഴാറുണ്ട്
നിന്നെയോർത്തായിരമശ്രുകണികകൾ !
വിസ്മയംതോന്നുമാറെൻമുന്നിലിന്നിതാ
വിദ്യല്ലതപോലണഞ്ഞുനീ പിന്നെയും !
നിശ്ശമിക്കമ്പോൾനിൻ പിന്നാലെയെത്തുവാൻ
സ്വപ്നംപറക്കുന്നു നീ പോം വഴികളിൽ.

മഞ്ജുഹേമന്തം നിലാവിൽ കുളിപ്പിച്ചു
മഞ്ഞണിയിച്ച മദാലസരാത്രികൾ
ഇന്നുമെത്താറുണ്ട നീവിട്ടുപോയനിൻ
പുണ്യാശ്രമത്തിലെ പുഷ്പിതവാടിയിൽ !
എങ്കിലും മൂകരായ് നില്പുകയല്ലാതെ
തൻകരവല്ലകിമീട്ടിടാറില്ലവർ !
കേട്ടിടാറില്ല നി പോയ നാൾതൊട്ട നിൻ
കുട്ടിലെത്തത്തതൻ കൊഞ്ചലശേഷവും !
തെന്നലാലിംഗനംചെയ്കിലും മഞ്ജരം
ചിന്തിടാറില്ല മരതകപ്പച്ചകൾ !
അപ്പപ്പോഴെത്തുമാത്തോപ്പിനെൻറവിൽപ്പില്ല–
ടസ്പൃഹ്യമേതോ വിഷാദപരിമളം.

Digitized By Kerala Sahitya Akademi

## 1106–ൽ എഴുതിയ ഒരു കവിത

(അനുകരണം)

കുളിർവാടാമല്ലി, തുളസി, നല്ലന്തി–
മലരിതൊട്ടോരോ മലർവല്ലി;
നിറയുന്നദിക്കിൽ നിരുപമങ്ങളാം
നിരവധിരത്നനികരത്താൽ
വിരചിച്ചീടട്ടെ ശവകുടീരങ്ങൾ
വിവിധരീതിയിൽ, ധനവന്മാർ.
നഗരപ്പള്ളിതൻ നടുമുററത്തെൻെറ
ശകലിതാസ്ഥികൾ വിതറൊല്ലേ !
വികലഭാഗ്യ,നെൻ വികൃതമാം ജഡം
വിപിനത്തിലെങ്ങാനെറിയണേ !
അവിടെ,യാവനകുഹരത്തിലെങ്ങാ–
നഴകിയെൻ പാഴ്മണ്ണുടിയട്ടേ !

2

കലയുടെയൊരു കണികയെങ്കിലും
കലരാത്തമട്ടിൽ, കളിമണ്ണാൽ,
വിരചിച്ചുകൊൾവിൻ ശവകുടീരമൊ–
ന്നരുനിർബ്ബന്ധമാണതിനെങ്കിൽ.
മരതകക്കുന്നിനടിയി,ലോരോരോ
മരനിരച്ചുഴം വനഭുവിൽ,
മലയവായുവിലിളകിച്ചാഞ്ചാട്ടം
മലരണിപ്പിഞ്ചുലതകളും,

Digitized By Kerala Sahitya Akademi

അരികെ പച്ചപ്പുൽപ്പുരവതാനിയു–
മഴകേററും സമതലമൊന്നിൽ,
പലപലപൂക്കൾക്കിടയിൽതീക്കണേ
പരിചിലെന്നന്ത്യശയനീയം !
അവിടെയെപ്പോഴും, തുരുതുരെ,ക്കാററിൻ
പവിഴമല്ലിപ്പൂവുതിരണം !
അരികി,ലെപ്പോഴു,മലതല്ലിപ്പാട്ട–
മരുവിയാമന്ദമൊഴുകണം !
ഇത്രമാത്രംപോരു,മിവമാത്രംപോരു–
മിവലഭിക്കിൽ, ഞാൻ ചരിതാർത്ഥൻ !

3

പരിശുദ്ധമുഗ്ദ്ധഹൃദയരാം നാട്ടിൽ
പരിഷകളെൻെറ നികടത്തിൽ - (അപൂർണ്ണം)

---

ഈ കവിത ഒരനുകരമാണു്. 1106-ലാണു് എഴുതിയതു്. കൈരളിയ്ക്കയച്ചുകൊടുത്തു. പ്രസിദ്ധപ്പെട്ടത്തിയില്ല. ഈ കടലാസുകളിൽ കവിത മുഴുവനില്ല. ബാക്കി എവിടെയോ പോയി.

Digitized By Kerala Sahitya Akademi

കുങ്കിൾ വാടാമല്ലി, തുളസി, നല്ലനി
മലനിരയെല്ലാടോ മലർവല്ലി,

നിറയുന്ന ദിക്കിൽ നിരപ്പാലമിന്നലും
നിരവധി മന്ദാരങ്ങൾ

വിരചിച്ചിടട്ടെ ശവക്കുടീരങ്ങൾ
വിവിധ നിറത്തിൽ, ഘനതമാർ

നഗരങ്ങളിൽ നൽ നക്ഷത്രങ്ങളെ
ശകലിതരാഗ വിതറട്ടെ!

വികലഭാഗ്യ, നെൽ വിത്തുമാത്രം
വിതറി നമ്മിലെ നെറിയതോ!

അവിടെ, കാവനകുലത്തിലെയൊരാ-
നന്ദികൊണ്ടു പാഴ്മണ്ണിടട്ടെ!

2

കലയുടെയാത്മ ജനികളെയൊന്നിച്ചും
കലരാതിട്ടിട്ടു, കുളിരിലണ്ണാൽ.

വിരചിച്ചിരുത്തേ താഴ്വരയിൽ ശവക്കുടീരമൊ-
ന്നതു നിർന്നൂന്ന മാനത്തിനെ കീഴ്

മരതക കുന്നിൻചരിവിൽ, ചോരോരോ
മരനിര ദുഃഖം ചുമന്നുപിടിൽ,

കലയവാകിരിയിലെഴുത്താതാട്ട.
മലരണിപ്പിടി - വന്തി;

Digitized By Kerala Sahitya Akademi

[illegible]
[illegible]
[illegible]
[illegible]

[illegible]
[illegible]


[illegible]
[illegible]

[illegible]
[illegible]

[illegible]
[illegible]

[illegible] 1106- [illegible]
[illegible]

Digitized By Kerala Sahitya Akademi




Digitized By Kerala Sahitya Akademi

# ആത്മകഥ

എന്റെ മലീമസമായ മാംസപിണ്ഡം കാണുവാനുള്ള നിർഭാഗ്യം കൈവന്നിട്ടില്ലാത്തതിനാൽ, എന്റെ ചിതാഭസ്മത്തെയെങ്കിലും വെറുക്കാതിരിക്കത്തക്ക സന്മനസ്സുണ്ടായേക്കാവുന്ന ഭാവിജനതയുടെ പാദപത്മങ്ങളിൽ, ഞാൻ ഈ ആത്മകഥ ഭക്തിപൂർവ്വം സമർപ്പിച്ചുകൊള്ളുന്നു.

ഇടപ്പള്ളി ചങ്ങമ്പുഴ കൃഷ്ണപിള്ള

1120 ധനു, 6-ാംനു ഒപ്പ്

6-v-1120

Digitized By Kerala Sahitya Akademi

പ്രിയപ്പെട്ട ദേവി,

[illegible]

[illegible] 1049-[illegible] 24-[illegible]

[illegible]

Digitized By Kerala Sahitya Akademi

# I

പ്രിയപ്പെട്ട ദേവി,

എന്റെ ജീവിതം ഏതാണ്ടവസാനിക്കാറായി എന്നു തോന്നുന്നു. അതു തെററായാലും ഇല്ലെങ്കിലും ഒരു ദീർഘ ജീവിതം എനിക്കുണ്ടാകാൻ നിവൃത്തിയില്ല. ശാരീരികമായി എനിക്കു വലിയ ക്ഷീണമുണ്ട്; മാനസികമായി അതിലധികവും. ഒരു ഉപേക്ഷ ശപ്തമായ എന്റെ ഈ ജീവിതം ഇന്നവസാനിച്ചാൽ എന്നെസ്സംബന്ധിക്കുന്ന പരമാർത്ഥങ്ങൾ പലതും വിസ്മൃതിയിൽ അടിഞ്ഞുപോകും. എന്റെ ജീവചരിത്രം ആരെങ്കിലും എഴുതുകയാണെങ്കിൽത്തന്നെ, അതിൽക്കൂടി, ജീവിച്ചിരുന്ന എന്നെയായിരിക്കുകയില്ല നാളത്തെ ലോകം കാണുക. ഇതുവരെ എഴുതിക്കണ്ട പല ജീവചരിത്രങ്ങളും എന്നെ ആ അനുമാനത്തിൽ എത്തിച്ചേക്കുന്നു. ഭാവിജനതയെ വഞ്ചിക്കണമെന്നും, എനിക്കില്ലാത്ത ഒരു പരിവേഷം ഉണ്ടാകണമെന്നും ഞാൻ ആശിക്കുന്നില്ല. എന്റെ ആത്മാവിനോട് ഏററവും അടുത്തുനില്ക്കുന്ന ദേവി പോലും യഥാർത്ഥത്തിലുള്ള എന്നെ പരിപൂർണ്ണമായി കണ്ടിട്ടുണ്ടോ എന്നു സംശയമാണ്. അതുകൊണ്ട്, സത്യത്തെ മുൻനിർത്തി എന്റെ ജീവിതകഥ ഞാൻ ദേവിയെ അറിയിക്കുന്നു. കേട്ടുകൊള്ളൂ.

കൊല്ലവർഷം 1089-ാമാണ്ട് കന്നിമാസം 24-ാംതീയതി ഞാൻ ഈ ലോകത്തിൽ ജനിച്ചു എന്നാണറിവ്. ഇടപ്പ

Digitized By Kerala Sahitya Akademi

ള്ളിയിൽ 'ചങ്ങറമ്പുഴ' എന്ന പേരുള്ള ഒരു പുരാതനകുടുംബമാണ് എൻെറ ജന്മഗൃഹം. എൻെറ മാതാവിൻെറ പേർ പാറുക്കുട്ടി അമ്മ എന്നാണ്; പിതാവിൻേറതു് നാരായണമേനവൻ എന്നും. അദ്ദേഹത്തിൻെറ ഭവനം കൊച്ചിയിലാണ്. തെക്കേടത്തു് എന്നാണ് വീട്ടുപേർ. അദ്ദേഹം മിടുക്കനായ ഒരു വക്കീൽഗുമസ്തനും ആധാരമെഴുത്തുകാരനുമായിരുന്നു. വ്യാപാരസംബന്ധമായ ദല്ലാൾപ്രവൃത്തിയിലും അദ്ദേഹം ഏപ്പെട്ടിട്ടുണ്ട്. സംസ്കൃതത്തിൽ അദ്ദേഹത്തിനു നല്ല ജ്ഞാനമുണ്ടായിരുന്നു. ദിവസവും സന്ധ്യകഴിഞ്ഞാൽ അല്പം കഞ്ചാവുവലിക്കും. കുടി ഉണ്ടായിരുന്നു എന്നു തോന്നുന്നില്ല. എനിക്കു പത്തു വയസ്സു പ്രായംചെന്ന കാലത്തു് അദ്ദേഹം ഐഹികം വെടിഞ്ഞു. അതിനാൽ അദ്ദേഹത്തെസംബന്ധിച്ച പൂൎണ്ണവിവരങ്ങൾ നേരിട്ടറിയുവാൻ എനിയ്ക്കിടയായിട്ടില്ല. അദ്ദേഹം നിർബ്ബന്ധബുദ്ധിയായിരുന്നുവെങ്കിലും, സ്നേഹസമ്പന്നനായ ഒരു പിതാവാണെന്നു് എനിക്കറിയാം. അദ്ദേഹത്തിൻെറ ആത്മാവിനു് ഞാൻ നിത്യശാന്തിനേരുന്നു.

എൻെറ മാതാവു് നാലു് ആൺകുട്ടികളേയും രണ്ടു പെൺകുട്ടികളേയും പ്രസവിച്ചു. അവരിൽ മൂത്തയാളായ ഞാനും ഒടുവിലത്തെ ആളായ പ്രഭാകരനും മാത്രമേ ഇന്നു ജീവിച്ചിരിപ്പുള്ളൂ. ഇന്നു് എൻെറ ഭവനത്തിൽ ഉള്ള മററംഗങ്ങൾ നാണിക്കുട്ടി അമ്മ (അമ്മയുടെ അനുജത്തി) അവരുടെ മക്കളായ ചെല്ലപ്പൻ (അച്ചുതപ്പണിക്കർ) ഇന്ദിരാദേവി ഇവരും, അമ്മയുടെ അമ്മാവനായ ഗോവിന്ദപ്പണിക്കർ അദ്ദേഹത്തിൻെറ മാതൃസഹോദരീപുത്രനായ രാമപ്പണിക്കർ ഇവരുമാണ്. * ഗോവിന്ദപ്പണിക്കക്കു എഴുപത്തിനാലു വയസ്സായിരിക്കുന്നു; രാമപ്പണിക്കക്കു അറുപത്തിയൊ

* രണ്ടുപേരും ഇന്നു ജീവിച്ചിരിപ്പില്ല.

Digitized By Kerala Sahitya Akademi

ന്നും. ഗോവിന്ദപ്പുണിക്കക്ക പരസ്യമായി പതിനാറു ഭാര്യ മാരുണ്ടായിരുന്നു. എന്നാൽ ഒന്നിലെങ്കിലും ഒരു കട്ടി ജനിച്ചിട്ടില്ല. രാമപ്പുണിക്കക്ക് ഒരു ഭാര്യയെ ഉള്ളൂ. പക്ഷെ കട്ടികൾ ഒൻപതോ പത്തോ ഉണ്ട്. അവിടേയും ഒരു വിശേഷം; പെൺകുട്ടികളുടെ മാത്രം പിതാവാകുവാനേ അദ്ദേഹത്തിനു പററു. ആൺകുട്ടി ആ ദമ്പതികൾക്ക് അപ്രാപ്യമായിരിക്കുന്നു. അദ്ദേഹത്തിൻെറ പുത്രിമാരെല്ലാംതന്നെ സുന്ദരികളെന്നപോലെ സുശീലകളുമാണ്. സമ്പത്തു കുറവാണെങ്കിലും സൗഭാഗ്യത്തിൻേറയും സംതൃപ്തിയുടേയും ഒരു കുടുംബം. മൂത്ത അമ്മാവൻ ശുദ്ധഹൃദയനും സ്നേഹശീലനുമാണ്. അദ്ദേഹം ഇന്നും വാർദ്ധക്യത്തോടെതിരിട്ട് അരോഗദൃഢഗാത്രനായിത്തന്നെ ജീവിക്കുന്നു. പകൽ മുഴുവൻ പറമ്പിൽ ഓരോ ജോലിചെയ്തുകൊണ്ടിരിക്കും. ഇങ്ങനെ വിശ്രമം വേണ്ടാത്ത ഒരു മനുഷ്യനെ ഞാൻ കണ്ടിട്ടില്ല. ഇപ്പോൾ ഏകാകിയായി വീട്ടിലെ ഒരു മുറിയിൽ കൂടിയിരിക്കയാണ് — എന്നുവെച്ചാൽ, ഏകാന്തതയാണു അദ്ദേഹത്തിൻെറ ഇന്നത്തെ പരസ്യമായ ഭാര്യ, എന്നർത്ഥം.

എൻെറ അനുജത്തി — ഇന്ദിര — ഏഴുവയസ്സു പ്രായമുള്ള ഒരു കൊച്ചു മിടുക്കത്തിയാണ്. അവളത്രേ ഞങ്ങളുടെ കുടുംബത്തിലെ ഏകസന്താനവല്ലി, അവൾ ഞങ്ങളുടെ പ്രാണനാഡിയാണ്. മാതാപിതാക്കന്മാരെക്കാൾ അവൾ എന്നെയാണു സ്നേഹിക്കുന്നതു്. ഈശ്വരൻ അവളെ അനുഗ്രഹിക്കട്ടെ.

പ്രഭാകരപ്പുണിക്കർ — എൻെറ അനുജൻ — ഇപ്പോൾ കൊച്ചിയിൽ സ്കൂൾഫൈനൽ ക്ലാസ്സിൽ പഠിക്കുന്നു. നല്ല സഹൃദയനാണ്. കവിതകളും കഥകളും മററും എഴുതുന്നതു കാണാറുണ്ട്. എന്നെ കാണിക്കാറില്ല. എല്ലാം രഹസ്യമാണ് അദ്ദേഹത്തിൻെറ കാര്യം. പാവമാണെന്നു കണ്ടാൽ

Digitized By Kerala Sahitya Akademi

തോന്നും. പാട്ടിൽ വാസനയുണ്ട്. പുകവലി തുടങ്ങിയിട്ട് ഏറെനാളായി. സ്നേഹിക്കുന്ന ഒരു ഹൃദയമുണ്ട്.

ചെല്ലപ്പൻ എന്ന അപരനാമധേയത്താൽ അറിയപ്പെടുന്ന അച്യുതപ്പണിക്കർ — എൻെറ അടുത്ത അനുജൻ — ആൾ ബഹുസമത്ഥനാണ്. ചുണക്കുട്ടി. ടെക്സ്റ്റൈൽ ടെക്നോളജി ഡിപ്ലോമാകോഴ്സ് പരീക്ഷയിൽ ഒന്നാമനായി ജയംനേടി. പലേ സമ്മാനങ്ങളും മെഡലുകളും സമ്പാദിച്ചിട്ടുണ്ട്. ആൾ ദീർഘകായനാണ്, സുമുഖനാണ്. വമ്പടിക്കാൻ ഒട്ടും പിന്നോക്കമല്ല. ബോംബെയിലെ ഒരു മില്ലിൽ ഒരു അസിസ്റ്റൻറ് സൂപ്രവൈസറുടെ ഉദ്യോഗമുണ്ട്. അദ്ദേഹം ഈയ്യിടെ വിവേകാനന്ദകൃതികളിൽ ആവേശംപൂണ്ടിരിക്കയാണെന്നാണ് ബോംബെയിൽനിന്നു നാട്ടിൽവന്നപ്പോൾ എന്നോട് ആദ്യമായി പറഞ്ഞതു്. ഗ്രന്ഥങ്ങളിൽനിന്നും അതിലധികമായി സ്വാനുഭവങ്ങളിൽനിന്നും, മനശ്ശാസ്ത്രം കുറച്ചൊക്കെ മനസ്സിലാക്കിയിട്ടുണ്ടെന്നു വിശ്വസിക്കുന്ന ഞാൻ അദ്ദേഹത്തിൻെറ ആ പ്രസ്താവത്തിൽ ഒരു ചോദ്യചിഹ്നം ദശിച്ചു. എൻെറ സ്വന്തം അനുജനെക്കാൾ അദ്ദേഹത്തോടെനിക്കിഷ്ടമുണ്ട്. ഭൗതികമായി ഒരുന്നതസ്ഥിതിയിൽ എത്തുവാനുള്ള സവ്വകഴിവുകളും അദ്ദേഹത്തിനുണ്ടെന്നെനിക്കറിയാം. അദ്ദേഹത്തിൻെറപേരിൽ എനിക്കാശങ്കയില്ല. പക്ഷേ മറേറ അദ്ദേഹം —

എൻെറ കുടുംബം പുരാതനമാണെന്നു മുൻപു പ്രസ്താവിച്ചിട്ടുണ്ടല്ലോ. ഒന്നുകൂടി വിശദമാക്കാം. പറങ്കികളുമായി ഇടപ്പള്ളിയിൽ പ്രാചീനകാലത്തു നടന്നിട്ടുള്ള ചില ഭയങ്കര യുദ്ധങ്ങളിൽ, ഇടപ്പള്ളി രാജാവിൻെറ അജയ്യനായ സേനാനായകനായി പരിശോഭിച്ച്, അവസാനം ആത്മഹത്യകൊണ്ടു ജീവിതം അവസാനിപ്പിച്ചുവെന്നു വിശ്വസിക്കപ്പെടുന്ന അധൃഷ്യനായ രണശൂരനിൽ — മാത്താണ്ഡപ്പണിക്കർ — ആരംഭിച്ച്, കാലഗതിയിൽ പലേ പരിണാമങ്ങൾ

Digitized By Kerala Sahitya Akademi

ക്കം വിധേയമായി, വ്യാപാരികൾ, ആട്ടക്കാർ, ആനക്കാരന്മാർ, അകമ്പടിശേവുക്കാർ, അടിച്ചുതളിക്കാരികൾ, ഇങ്ങനെ പലേ തുറകളിലുംപെട്ട ഭിന്നജീവികൾക്ക ജന്മമരുളിയ ഒരു വൃദ്ധകുടുംബമാണ് ചങ്ങനുഴ. ഒരുകാലത്ത് വളരെ സമ്പന്നമായിരുന്ന കുടുംബം മിക്കവാറും ക്ഷയിച്ചുതുടങ്ങിയ ദയനീയഘട്ടത്തിലാണ് എൻെറ ആവിർഭാവം. എനിക്കും സാമ്പത്തികമായി അതിനെ ഉയർത്തുവാൻ കഴിവില്ലാതായിപ്പോയി. ആ ഭാരം അനന്തരഗാമികൾക്കായി വിട്ടുകൊടുത്തിട്ട് ഞാനും കാലയവനികയിൽ മറയുവാൻപോകുന്നു....

എൻെറ ശൈശവം ശിശിരപ്രഭാതംപോലെ ശാന്തസുന്ദരമായിരുന്നു. പക്ഷേ അന്നും ഞാൻ ദുഃഖിച്ചിട്ടുണ്ട്. പിതാവ് വലിയ നിർബ്ബന്ധബുദ്ധിയായിരുന്നുവെന്നു ഞാൻ പറഞ്ഞിട്ടുണ്ടല്ലോ. അദ്ദേഹം എനിക്കു യാതൊരു സ്വാതന്ത്ര്യവും അനുവദിച്ചിരുന്നില്ല. അദ്ദേഹം രണ്ടോ മൂന്നോ പ്രാവശ്യം മാത്രമേ എന്നെ ശപിച്ചിട്ടുള്ളു എങ്കിലും, ഞാൻ അദ്ദേഹത്തെ ഒരു ദുഷ്ടമൃഗത്തെക്കാൾ ഭയപ്പെട്ടു. ഞാൻ സായാഹ്നങ്ങളിൽപ്പോലും കളിക്കാൻപാടില്ല. കൂട്ടുകാരെ സ്വീകരിച്ചുകൂടാ. നേരെ കിഴക്കേ വീട്ടിലെ പൊന്നു, കൊച്ചമ്മു (എൻ. കെ. പൊന്നമ്മ, എൻ. കെ. ലക്ഷ്മിക്കുട്ടി അമ്മ) എന്നീ രണ്ടു പെൺകുട്ടികൾ മാത്രമേ എനിക്കു കൂട്ടുകാരായിട്ടുണ്ടായിരുന്നുള്ളു. അച്ഛനിൽനിന്നു് അക്കാര്യത്തിൽ അനുമതികിട്ടിയിട്ടുണ്ട്. സദാ പുസ്തകം വായിച്ചുകൊണ്ടിരിക്കണം. ഒന്നാം ക്ലാസ്സിൽ പഠിക്കുമ്പോൾത്തന്നെ ഞാൻ ബി. എ. ക്കാരനായിത്തീരണമെന്നായിരിക്കണം അദ്ദേഹം ആശിച്ചിരുന്നതു്. പള്ളിക്കൂടത്തിലേയ്ക്കു കാൽഫർലാംഗ് ദൂരമില്ല. അതിനാൽ രണ്ടാമത്തെ മണിയടിച്ചതിനുശേഷമേ ഞാൻ വീട്ടിൽനിന്നിറങ്ങിക്കൂടു. എന്തൊരു കഠിനമായ ആജ്ഞ......യഥാർത്ഥത്തിൽ സ്വാതന്ത്ര്യമായി ശ്വാസോച്ഛ്വാസംചെയ്യാൻപോലും ഞാൻ ഭയപ്പെട്ടിരുന്നു. ഇങ്ങനെ എൻെറ ദൃഷ്ടിയിൽ,

Digitized By Kerala Sahitya Akademi

സുഖസമൃദ്ധമെങ്കിലും, നരകതുല്യമായിത്തീൎന്നു എന്റെ ശൈശവം. അന്നെന്റെ പ്രാണനെപ്പോലെ ഞാൻ സ്നേഹിച്ചിരുന്നതു് എന്റെ ആ കൊച്ചു കളിത്തോഴിയെ—കൊച്ചമ്മുവിനെ—ആണു്. അങ്ങനെ പത്തുവയസ്സുവരെ ഞാൻ ഒരുവിധം കഴിച്ചുകൂട്ടി. ഭാഗ്യംകൊണ്ടെന്നാണു് ഞാനന്നു വിചാരിച്ചതു്, എന്റെ അച്ഛൻ മരിച്ചു എന്നു കേട്ടു, അതായതു് അച്ഛന്റെ വീട്ടിൽനിന്നു് ഒരു കാർഡുവന്നു. അമ്മയും മററും വാവിട്ടുകരയുന്നതിനിടയിൽ മൂഢമായ എന്റെ ശിശുഹൃദയം ആനന്ദനൃത്തംചെയ്യുകയായിരുന്നു. എന്തെന്നാൽ മൂകമായിട്ടാണെങ്കിലും, ചിരകാലമായി പ്രാൎത്ഥിച്ചിരുന്ന—കൊതിച്ചിരുന്ന—ആ അജ്ഞാതമായ സ്വാതന്ത്ര്യത്തിന്റെ മാധുൎയ്യം അനുഭവിക്കാനുള്ള സൗഭാഗ്യം എനിക്കു സിദ്ധിച്ചിരിക്കുന്നു. പൈശാചികമായ എന്റെ മനോഭാവത്തിൽ പില്ക്കാലങ്ങളിൽ പലപ്പോഴും എന്റെ വിവേകം പശ്ചാത്തപിച്ചിട്ടുണ്ടു്.

അച്ഛൻ ജീവിച്ചിരുന്നകാലത്തു്, ഒഴിവുകാലങ്ങളിൽ കൊച്ചിയിലുള്ള അച്ഛന്റെ വീട്ടിലേയ്ക്കു് എന്നെക്കൂടി കൊണ്ടുപോകും. അവിടം എനിക്കു സ്വൎഗ്ഗമാണു്. കാരണം, കൂട്ടുകാരുണ്ടു്. ഏതാണ്ടു് എന്റെപ്രായത്തിൽത്തന്നെയുള്ള കുട്ടികൾ—അച്ഛന്റെ മരുമക്കൾ! പുറമേ അയൽവീടുകളിലെ കുട്ടികളും. അവരിൽ ഞാൻ ഏററവും ഇഷ്ടപ്പെട്ടിരുന്നതു് അച്ഛന്റെ ഏകഭാഗിനേയിയായ പൊന്നുവിനെയാണു്. അവൾ മരിച്ചിട്ടു മൂന്നുകൊല്ലമായി. ആ പെൺകിടാവിനെ കുറിച്ചുള്ള ചിന്ത ആകസ്മികമായി പലപ്പോഴും എന്റെ ഹൃദയത്തെ ബാധിച്ചിട്ടുണ്ടു്. പൊന്നുവിനെ എന്നെക്കൊണ്ടു വിവാഹംകഴിപ്പിക്കുമെന്നു് അച്ഛൻ പലപ്പോഴും പറഞ്ഞിട്ടുള്ളതാണു് അതിനു കാരണം. ഒരുപക്ഷേ അച്ഛൻ അവളോടും അങ്ങനെ പറഞ്ഞിരുന്നിരിക്കാം. എന്നെക്കാണുമ്പോഴെല്ലാം—ആ പെൺകുട്ടി ഒരു യുവതിയായിത്തീൎന്നതി

Digitized By Kerala Sahitya Akademi

നശേഷം—അവളുടെ ഭംഗിയുള്ള നീലക്കൺമുനകൾ ബാഷ്പാർദ്രമായിത്തീരാറുണ്ട്, അവൾ എന്നെ ആശിച്ചിരുന്നു. ഞാനും അവളെ ഇഷ്ടപ്പെട്ടിരുന്നു. അവളെ വിവാഹംകഴിക്കണമെന്ന് അവളുടെ മാതാപിതാക്കന്മാർ ആവശ്യപ്പെട്ടു. എൻെറ മാതാവിനും മററു കുടുംബാംഗങ്ങൾക്കും അതിൽ യാതൊരപ്രതീയും ഉണ്ടായിരുന്നില്ല. എന്നിട്ടും ഞങ്ങൾ ദമ്പതികളായില്ല. വിധി ഞങ്ങളെ വിവാഹബന്ധത്തിൽ ഘടിപ്പിച്ചില്ല. വിവാഹശേഷം ആറുമാസം തികയുന്നതിനു മുമ്പു മനസ്വിനിയും മനോഹരിയുമായ ആ യുവതി അകാലചരമംപ്രാപിച്ചു. മൂകമായ ഒരു ശോകം, മരവിപ്പിക്കുന്ന ഒരു നിരാശ, പനിനീർപ്പൂപോലെ സുന്ദരമായ അവളുടെ ഹൃദയത്തെ, ലോകമറിയാതെ ഏകാന്തതയിലങ്ങനെ കാർന്നുകൊണ്ടിരുന്നില്ലെന്നാക്കറിയാം? രാമേശ്വരത്തെ പരിപാവനങ്ങളായ കടൽത്തിരകൾ ഉപചാരപൂർവ്വം ആശ്ലേഷിച്ചുകൊണ്ടിരിക്കുന്ന അവളുടെ ഉറപ്പില്ലാത്ത അസ്ഥിഖണ്ഡങ്ങളിൽ ശോകാത്മകമായ ഒരു സ്പന്ദനം ഇപ്പോഴും തങ്ങിനില്പുണ്ടാകും. എന്നെ സമീപിക്കുന്ന സ്വപ്നരംഗങ്ങളിൽ പലതിലും അവളുടെ പാദമുദ്രകൾ പതിയാറുണ്ട്. ജാഗ്രാവസ്ഥയിൽ എത്തിച്ചേരുമ്പോൾ ആ ദർശനം എന്നെ ദുഃഖിപ്പിക്കുന്നു. ആ അസ്ഥിശകലങ്ങളിൽനിന്നും നേർത്തുനേർത്ത ഒരു വിലാപവീചി വിദൂരസ്ഥനായ എൻെറ ആത്മാവിൻെറ അദൃശ്യതന്ത്രികളെ മന്ദമന്ദം ചലിപ്പിക്കുമ്പോൾ എനിക്ക് രോമാഞ്ചമുണ്ടാവുകയും എൻെറ കണ്ണുകൾ ജലാർദ്രമായിത്തീരുകയും ചെയ്യുന്നു. അവളുടെ അകാലചരമത്തിൽ ഞാൻ അപരാധിയാണോ എന്ന ആശങ്കപോലും എനിക്കുണ്ടാകാറുണ്ട്......

എൻെറ പിതാവിനു് അമ്മയോടു് അതിർകവിഞ്ഞ സ്നേഹമുണ്ടായിരുന്നുവെന്നതിൽ സംശയമില്ല. എന്നാൽ അതേസമയംതന്നെ അദ്ദേഹം ഒരു സ്ത്രീജിതനുമായിരുന്നു. അദ്ദേഹത്തിൻെറ കൂട്ടുകാരിൽ ചിലർ ഇന്നും ജീവിച്ചിരിപ്പു

Digitized By Kerala Sahitya Akademi

ണ്ടു്. അവരിൽനിന്നും ഞാൻ ഗ്രഹിച്ച ചില കാര്യങ്ങൾക്കടിസ്ഥാനം അവരുടെ ആവക പ്രസ്താവങ്ങൾമാത്രമാണു്. എൻെറ ചില സ്മരണകൾ ആ പ്രസ്താവങ്ങളുടെ പാരമാത്ഥ്യത്തെ സാധൂകരിക്കുന്നു. കൊച്ചിയിൽ താമസിക്കുന്ന കാലത്തു പലപ്പോഴും ഞാൻ അച്ഛൻെറ പിന്നാലെ ഇറങ്ങിത്തിരിക്കുക പതിവാണു്. അച്ഛൻ എന്നെ ചില ഭവനങ്ങളിൽ കൊണ്ടുപോകും. അവിടെയുള്ള സ്ത്രീകൾ അതിരററ വാത്സല്യം പ്രദശിപ്പിച്ചു എന്നെ ഓമനിക്കുകയും, പലഹാരങ്ങളും മററും തന്നു് സന്തോഷിപ്പിക്കുകയും ചെയ്തിരുന്നു.

ഒരിക്കൽ രസകരമായ ഒരു സംഭവമുണ്ടായി. കൊച്ചിയിൽതന്നെ വെച്ചാണു്. ഒരു ഭവനത്തിൽ—അതേതെന്നു് ഇന്നും എനിക്കറിഞ്ഞുകൂടാ — മുൻ പ്രസ്താവിച്ചപോലെ ഞാൻ അച്ഛനോടൊന്നിച്ചുപോയി. എനിക്കു ഏഴോ എട്ടോ വയസ്സു പ്രായം കാണും. എന്നെ മുൻവശത്തുള്ള ഒരു മേശപ്പുറത്തിരുത്തിയിരിക്കുകയാണു്. അച്ഛൻ മുറിയിലേയ്ക്കുകയറി. അടുക്കളയിലോ മറേറാ ചെന്നു് ഒരു കത്തിയുമെടുത്തു കയ്യിൽ പിടിച്ചുകൊണ്ടു് കൂടെ ഒരു സ്ത്രീയും കയറി; വാതിലുകൾ അടയ്ക്കപ്പെട്ടു. ഞാൻ ഭയവിഹ്വലനായിത്തീന്നു. അക്കാലത്തുതന്നെ എൻെറ ഭാവനയ്ക്കു പ്രായത്തെക്കവിഞ്ഞ നിമ്മാണപാടവം സിദ്ധിച്ചിരുന്നു. ആ സ്ത്രീ എൻെറ അച്ഛനെക്കൊല്ലുവാനാണു് കത്തിയുംകൊണ്ടു് അകത്തു കടന്നതെന്നു ഞാൻ ദൃഢമായി വിശ്വസിച്ചു.* ആ വിശ്വാസത്തിനു നിദാനം അക്കാലത്തു കാണുവാനിടയായിട്ടുള്ള കഥകളിയിലെ ചില രംഗങ്ങളാണു്. കഥകളിയിൽ വാളെടുത്തു വെട്ടിക്കൊല്ലുന്നതു കണ്ടു ഞാൻ വാവിട്ടു കരഞ്ഞിട്ടുണ്ടു്. ഏതാനും നിമിഷങ്ങൾ ഞാൻ ഒന്നും മിണ്ടിയില്ല. ആ സ്ത്രീ എൻെറ അച്ഛനെകഥകളിയിൽ കണ്ടപോലെ. അങ്ങനെ

---

* ''വാളും കത്തിയും''മെന്ന ചങ്ങമ്പുഴക്കവിതയ്ക്കാധാരമായ സംഭവം.

Digitized By Kerala Sahitya Akademi

വെട്ടിക്കൊല്ലുന്ന കാഴ്ച എൻെറ മനോദർപ്പണത്തിൽ ഞാൻ പ്രതിഫലിച്ചുകണ്ടു. ആ കാഴ്ച എനിക്കു സഹിച്ചില്ല. 'എൻെറ അച്ഛനെ കൊല്ലല്ലേ' എന്നു പറഞ്ഞു ഞാൻ വാവിട്ടു കരയാൻ തുടങ്ങി. ആ ഭവനത്തിൽ മററു ചില സ്ത്രീകളുമുണ്ടായിരുന്നു. അവർ ഓടിവന്നു. വാതിൽ തൽക്ഷണം തുറക്കപ്പെട്ടു. 'എന്താ മോനേ?' എന്നു ചോദിച്ചുകൊണ്ടു അച്ഛനും, തൊലി ചെത്തിയ വെള്ളരിക്കാപോലുള്ള ഒരു വലിയ മാമ്പഴവും കത്തിയും ഓരോ കയ്യിൽ പിടിച്ചുകൊണ്ടു ആ സ്ത്രീയും എൻെറ മുമ്പിൽ പ്രത്യക്ഷപ്പെട്ടു. ഹാവൂ! എനിക്കു സമാധാനമായി. ആ സ്ത്രീ എൻെറ അച്ഛനെ കൊന്നിട്ടില്ല. കരഞ്ഞതിൻെറ കാരണം ചോദിച്ചപ്പോൾ, കരഞ്ഞുകൊണ്ടുതന്നെ ഞാൻ അതു വിശദപ്പെടുത്തി. അതു കേട്ടു ആ സ്ത്രീക്ക് മുഖവൈവണ്ണ്യമോ, ജാള്യതയോ ഉണ്ടായോ എന്നും എൻെറ അച്ഛൻ ഇളിഭ്യനായോ എന്നും മററും ഞാൻ അറിഞ്ഞില്ല. അപ്പോഴും ഞാനങ്ങനെ ഓരോന്തേങ്ങുകയായിരുന്നു. ഏതായാലും അവരും അച്ഛനും ഒത്തൊരുമിച്ച് എന്നെ സാന്ത്വനിപ്പിച്ചു. എനിക്കു കാപ്പികിട്ടി. പലഹാരങ്ങൾ കിട്ടി. അച്ഛൻ എന്നെ പിന്നീടവിടെത്തനിച്ചുവിട്ടിട്ടുകരേത്തുള്ളു പോവുകയുണ്ടായില്ല. കുറേനേരം കഴിഞ്ഞു ഞങ്ങൾ മടങ്ങിപ്പോന്നു. പക്ഷെ, പിന്നീടൊരിക്കലും അച്ഛൻ എന്നെ അങ്ങനെയൊരു ഭവനത്തിൽ കൊണ്ടുപോവുകയുണ്ടായിട്ടില്ല. മാച്ചാലും മാച്ചാലും മനസ്സിൽനിന്നു മാഞ്ഞുപോകാത്ത ഒരു ചിത്രമാണല്ലോ അതു്. ആ ഭവനം വെറുമൊരു വേശ്യാലയമായിരുന്നു എന്നു് എനിക്കു തോന്നുന്നില്ല. സാമാന്യം ഭേദപ്പെട്ട കൂട്ടരാണതിലെ അന്തേവാസികളെന്നാണു് ഇന്നെനിക്കു തോന്നുന്നതു്. എന്തോ? ഏതായാലും ആവക സ്മൃതിചിത്രങ്ങൾ അച്ഛനെസംബന്ധിച്ചു്, അച്ഛൻെറ കൂട്ടുകാർ ചിലർ പറഞ്ഞിട്ടുള്ള വൃത്താന്തങ്ങൾ കേവലം അടിസ്ഥാനരഹിതങ്ങളല്ലെന്നുള്ളതിൻെറ

Digitized By Kerala Sahitya Akademi

തെളിവുകളായി ഇന്നും എന്റെ മനസ്സിൽ ശേഷിച്ചിട്ടുണ്ട്......

ലിംഗബോധപരമായ മനുഷ്യന്റെ ദൗർബ്ബല്യത്തിനു്—അഥവാ ആവേശത്തിനു് — ഇതിലധികം അധമമായിട്ടുള്ള ഒരു ദൃഷ്ടാന്തം സാദ്ധ്യമല്ലാത്ത വിധത്തിൽ അത്ര പൈശാചികവും ജുഗുപ്സാവഹവുമായ ഒരു രതിവൈകൃതരംഗത്തിൽ എന്റേതൊഴികെ ലോകത്തിൽ മറേറതെങ്കിലും വ്യക്തിയുടെ 'വിദ്യാരംഭം' നിർവ്വഹിക്കപ്പെട്ടിട്ടുണ്ടോ എന്നു സംശയമാണു്. അതിന്റെ സ്വാധീനശക്തി ഇന്നും എന്നിൽ അവശേഷിച്ചിട്ടുണ്ടു്. ആ സ്മൃതിചിത്രം ഇന്നും എന്നെ കിടുകിടുപ്പിക്കുന്നു. എനിക്കു് അഞ്ചുവയസ്സുപ്രായമേ ഉള്ളൂ. അച്ഛൻ എന്നെ 'എഴുത്തിനു വെയ്ക്കു'വാനായി 'തിരുവള്ളക്കാവി'ലേയ്ക്കു കൊണ്ടുപോയി. തൃശ്ശിവപേരൂരിനും ഇരിങ്ങാലക്കടയ്ക്കും മദ്ധ്യേയുള്ള ഒരു സ്ഥലമാണതു്. റോഡരികിൽ തന്നെ ഒരു ക്ഷേത്രമുണ്ടു്. 'വിദ്യാരംഭ'ത്തിനു വിഖ്യാതമായ ഒരു ക്ഷേത്രമാണത്രേ അതു്. ആ ക്ഷേത്രത്തെക്കുറിച്ചു പല ഐതിഹ്യങ്ങളുമുണ്ടെന്നറിയുന്നു. വിദ്യാരംഭത്തിന്റെ തലേദിവസം മദ്ധ്യാഹ്നത്തിൽ ഞങ്ങൾ സ്ഥലത്തെത്തിച്ചേർന്നു—എന്നുവെച്ചാൽ 'പെരുമനം' എന്ന സ്ഥലത്തെത്തിച്ചേർന്നു. തിരുവള്ളക്കാവിലേയ്ക്കു അവിടെനിന്നും ഒന്നോ രണ്ടോ നാഴികയുണ്ടെന്നു തോന്നുന്നു. പെരുമനത്തു അച്ഛന്റെ ഒരു സ്നേഹിതനുണ്ടായിരുന്നു. ആ സ്നേഹിതന്റെ നിർദ്ദേശപ്രകാരമാണു് എന്നെ എഴുത്തിനു വെയ്ക്കാനങ്ങോട്ടു കൊണ്ടുപോയതു്. സാമാന്യം ധനസ്ഥിതിയുള്ള ഒരു കുടുംബത്തിലെ ഗൃഹനായകനായിരുന്നു അച്ഛന്റെ സുഹൃത്തു്. ആ സുഹൃത്തിന്റെ മകളായി—ഏകപുത്രിയായി—ഒരു യുവതിയുണ്ടായിരുന്നു. അമ്മു എന്നാണവളുടെ പേർ. 'അമ്മുച്ചേച്ചി' എന്നു അവളെ ഞാൻ വിളിച്ചതു ഇന്നും ഞാൻ മറന്നിട്ടില്ല. അന്നവൾക്കു കഷ്ടിച്ചു് പതിനേഴോ പതിനെട്ടോ വയസ്സു കാ

Digitized By Kerala Sahitya Akademi

ങ്ങമെന്നു തോന്നുന്നു. ഞാൻ എപ്പോഴും അമ്മുച്ചേച്ചിയോടൊന്നിച്ചായിരുന്നു. പ്രജ്ഞാമണ്ഡലത്തിൻെറ വിദൂരസീമയിൽ എന്നെ കൊഞ്ഞനം കുത്തിക്കൊണ്ടുനിൽക്കുന്ന ആ രതിവൈകൃതരംഗം, പരമപവിത്രമായ എൻെറ 'വിദ്യാരംഭ'ത്തിൻെറ പീഠികയായിത്തീരുവാനിടവന്ന നിർഭാഗ്യത്തെക്കുറിച്ചോർക്കുമ്പോൾ, ലജ്ജ, അമർഷം, നൈരാശ്യം ഇവയെല്ലാമൊത്തൊരുമിച്ചു ഒരു മിശ്രവികാരം ഇന്നും എൻെറ ഹൃദയമണ്ഡലത്തിൽ കൊട്ടുംകാററടിക്കുന്നുണ്ടു്. എന്നാൽ അന്നാകട്ടെ അവാച്യവും ആലോചനാതീതവുമായ ഒരവ്യക്താനന്ദാനുഭൂതിയിൽ എൻെറ ഹൃദയകുഡ്മളം കോരിത്തരിക്കുകയാണുണ്ടായതെന്നുള്ള പരമാർത്ഥം ഞാൻ മറച്ചുവെക്കുന്നില്ല. ഒരുപക്ഷെ ശപ്തമായ ആ അനുഭവത്തിൻെറ മാരകശക്തിയായിരിക്കാം പില്ക്കാലങ്ങളിൽ, സംസ്കാരവും വിവേചനാശക്തിയും ഉണ്ടായിട്ടുപോലും, സാന്മാർഗ്ഗികജീവിതത്തിൻെറ നിത്യദീപ്തമായ തേജോമേഖലയിൽനിന്നും അനിയന്ത്രിതമാംവിധം അകന്നകന്നു അന്ധകാരാവൃതമായ പാപകൂപങ്ങളിൽ എൻെറ ആത്മസത്തയെ പരിതാപകരമായ രീതിയിൽ ഞാൻ അധഃപതിപ്പിച്ചതു്. എന്തുമാകട്ടെ, സ്ത്രീയോടുള്ള എൻെറ വിദ്വേഷത്തിൻെറ ആദ്യത്തെ വിത്തുവീണിട്ടുള്ളതു് ആ രതിവൈകൃതരംഗത്തിലായിരുന്നുവെന്നു ഇന്നെനിക്കു അപഗ്രഥിച്ചറിയുവാൻ സാധിക്കുന്നുണ്ടു്. ആ വ്യക്തിയേയോ, ആ ഭവനത്തേയോകുറിച്ചു ഇന്നും എനിക്കു് യാതൊന്നും അറിഞ്ഞുകൂടാ. ആ സ്ഥലത്തു്—പെരുമനത്തു്—ഞാൻ ഇതുവരെ പോയിട്ടുമില്ല. എങ്കിലും എൻെറ പിതാവു ചെയ്തപോലെ, ഞാനും എൻെറ കുട്ടിയെ തിരുവല്ലക്കാവിൽത്തന്നെ കൊണ്ടുപോയാണു് എഴുത്തിനിരുത്തിയതു്. എൻെറ പുത്രനു രണ്ടു വയസ്സും രണ്ടു മാസവും മാത്രമേ പ്രായമുണ്ടായിരുന്നുള്ളു. മാത്രമല്ല ഞാനും എൻെറ പുത്രനും, ക്ഷേത്രത്തിനുതൊട്ടുള്ള വാരിയത്തു സൗജന്യനിധി

Digitized By Kerala Sahitya Akademi

യായ ഗൃഹനാഥൻെറ ഔദാൎയ്യം പ്രദാനം ചെയ്ത ഒരു പഴയ തഴപ്പായിൽ ചുരുണ്ടുകൂടി രാത്രി കഴിച്ചുകൂട്ടുകയാണു് ചെയ്തതു്. എൻെറ പിതാവു് പ്രഥമപുത്രൻെറ നിഷ്കളങ്കശൈശവത്തിൽ കരിതേച്ച കാമതാണ്ഡവത്തെക്കുറിച്ചു് അറിയാതെതന്നെ ചിതാഗ്നിയിൽ ലയിച്ചു, എനിക്കതുതന്നെ ഒരാശങ്കയ്ക്കുപോലും അവകാശമില്ല.

*　　*　　*　　*

രണ്ടാംക്ലാസ്സിൽ പഠിച്ചുകൊണ്ടിരുന്ന കാലത്തു് ഒരിക്കൽ ഞാൻ ഒളിച്ചോടിപ്പോയി. വിദ്യാലയത്തിലേയ്ക്കു പുറപ്പെട്ട ഞാൻ കണ്ട വഴികളിൽക്കൂടിയെല്ലാം നടന്നു് വീട്ടിൽനിന്നും ഒന്നുരണ്ടു നാഴിക അകലെയുള്ള ഒരു സ്ഥലത്തു മദ്ധ്യാഹ്നത്തോടുകൂടി ചെന്നുപററി. വിശപ്പു സഹിക്കാതായപ്പോൾ ഉറക്കെ കരഞ്ഞുതുടങ്ങി. ഒടുവിൽ ഉദാരനായ ഒരാൾ എന്നെ വീട്ടിൽ കൊണ്ടുവന്നാക്കി. എൻെറ ആ പ്രവൃത്തിയുടെ അടിയിൽ കിടക്കുന്ന പ്രേരകശക്തി അച്ഛൻെറ കൎശനമായ ആജ്ഞമൂലം എന്നിലുണ്ടായിരിക്കാവുന്ന അമർഷത്തിൻെറ സ്ഫുരണമല്ലേ എന്നു ഞാൻ സംശയിക്കുന്നു.

അങ്ങനെ ഞാനും എൻെറ കളിത്തോഴിയായ കൊച്ചമ്മുവുംമൊത്തുചേൎന്നു് മധുരമായ ശൈശവകാലം ഏതാണ്ടൊരു 'മധുവിധു'വായിത്തന്നെ കഴിച്ചുകൂട്ടി. ഞാൻ വളൎന്നു. എനിക്കു പത്തുവയസ്സായി. അച്ഛൻ മരിച്ചു. ഞാൻ സ്വതന്ത്രനായി. കളിക്കുവാനും, യഥേഷ്ടം പുറത്തിറങ്ങി നടക്കുവാനും, കൂട്ടരൊത്തു രസിക്കുവാനും എനിക്കു വിഷമമില്ല. പക്ഷെ വീട്ടിൽ ദാരിദ്ര്യം കടന്നുകൂടിയിരുന്നതിനാൽ എൻെറ സുഖത്തിനു സാരമായ ഇടിവു തട്ടിക്കൊണ്ടിരുന്നു. അച്ഛനുള്ള കാലത്തു ഞങ്ങൾ അല്ലലെന്തെന്നറിഞ്ഞിട്ടില്ല. അദ്ദേഹം സുഖസമൃദ്ധിയിൽ ഞങ്ങളെ പരിപാലിച്ചിരുന്നു. എന്നാൽ ഇപ്പോഴാകട്ടെ അസഹ്യമായ ഒരു ദുരവസ്ഥ!

Digitized By Kerala Sahitya Akademi

രാവിലെ പതിവായികിട്ടാറുള്ള കാപ്പിയോ ഇഡ്ഡലിയോ പലഹാരങ്ങളോ ഒന്നുമില്ല. വെറും കറച്ചു കഞ്ഞി. അല്ലെങ്കിൽ കറച്ചു പഴഞ്ചോറു്. അക്കാലങ്ങളിൽ അതു മനസ്സിനെ പീഡിപ്പിച്ചിരുന്നുവെങ്കിലും ഇന്നതിനെക്കുറിച്ചോക്കുമ്പോൾ അവണ്ണനീയമായ ഒരാത്മാനുഭൂതി എനിക്കുണ്ടാകുന്നുണ്ടു്.

അന്നത്തെ എൻെറ ആത്മസ്നേഹിതൻ പയ്യപ്പിള്ളിൽ ശങ്കരപ്പിള്ളയായിരുന്നു. ഞങ്ങൾ നിത്യവും വൈകുന്നേരം അടുത്തു് 'തൃക്കണ്ണപുരം' എന്നു പേരുള്ള ക്ഷേത്രത്തിൻെറ പാശ്ചാങ്കണത്തിൽ കളിക്കുവാനായി കൂടും. അന്നു് ഞങ്ങൾ കളിച്ചതു് ഇന്നാട്ടിൽ 'മന്തൻകാലൻകളി' എന്നു പറയുന്ന ഒന്നാണു്. ആ കളിയിൽ ആകെയുള്ള ആളുകൾ രണ്ടു കക്ഷിക്കാരായി പരിയുന്നു. കളിസ്ഥലത്തിൻെറ ഒത്ത നടുവിൽ കുറുകെയായി ഒരു വരവരയ്ക്കുന്നു. കളിക്കാർ കൈയിൽ ഒരു കെട്ടു പച്ചിലത്തുപ്പുമായി നിലകൊള്ളുന്നു. ഒരു കക്ഷിയിൽ പെട്ട ഒരംഗം മററു കക്ഷികൾ നിൽക്കുന്ന ഭാഗത്തേയ്ക്കു ശ്വാസംവിടാതെ "രാമ രാമ രാമ രാമ" എന്നുച്ചരിച്ചുകൊണ്ടു ഓടിച്ചെന്നു് ഒരാളെത്തൊട്ടിട്ടു് ശ്വാസം വിടാതെതന്നെ ആ ഉച്ചാരണം നിർവ്വഹിച്ചു് വരക്കിപ്പുറം പോരണം. തൊട്ടതാരെയോ അയാൾ 'ചീഞ്ഞു'; — എന്നുവെച്ചാൽ കളി തീരുന്നതുവരെ, ഒരിടത്തു ഒഴിഞ്ഞുനിൽക്കണം. കളിയിൽ പങ്കുകൊള്ളാൻ നിവൃത്തിയില്ല. അതുകൊണ്ടു് ചീയുന്ന കാര്യത്തിൽ ആക്കും ഇഷ്ടമുണ്ടാവുകയില്ലല്ലൊ. രാമരാമക്കാരൻ ശ്വാസം വിടാതെ പാഞ്ഞുവരുമ്പോൾ കക്ഷികൾ പിടികൊടുക്കാതെ ഓങ്ങിയും വാങ്ങിയും ഒഴിഞ്ഞുമാറുവാൻ യത്നിക്കുന്നു. ഇതിനിടയിൽ രാമരാമക്കാരൻെറ ശ്വാസം നിലച്ചു എന്നു കണ്ടാൽ, തുടങ്ങുകയായി പച്ചിലത്തുപ്പുകൊണ്ടുള്ള പ്രഹരവഷം. പക്ഷെ ഒരു നിയമമുണ്ടു്—നിബ്ബന്ധനിയമം. അരയ്ക്കു കീഴോട്ടു മാത്രമെ അടിക്കുവാൻ പാടുള്ളു.

Digitized By Kerala Sahitya Akademi

കക്ഷികളിൽ ഓരോരുത്തനും, പിടികൊടുക്കാതെ ഒഴിഞ്ഞു മാറുവാൻ ശ്രമിക്കുന്നതോടൊപ്പം പരാക്രമിയായ എതിരാളിയുടെ ശ്വാസം നിലയ്ക്കുന്നുണ്ടോ എന്നു പ്രത്യേകം ശ്രദ്ധിച്ചുകൊണ്ടിരിക്കും. പ്രഹരപ്രധാനമാണല്ലൊ കളിയിലെ ഏററവും രസംപിടിച്ച ഭാഗം.

അന്നു് കളിക്കിടയിൽ ഒരു പ്രാവശ്യം ആക്രമണത്തിനായി ചാടിപ്പുറപ്പെട്ട സാഹസികൻ 'പയ്ങ്ങാ' (ഞങ്ങളുടെ നാട്ടിൽ 'കളിക്കൂട്ട'വാനായി ഉപയോഗിക്കുന്ന മൂക്കാത്ത പിഞ്ചുപടസ്സാസ്സാണു് ആ പദം ഉപയോഗിക്കുന്നതു്) എന്നു വിളിക്കപ്പെട്ടിരുന്ന ഒരു സാധു ബാലനായിരുന്നു. ഞങ്ങളുടെ താവളത്തിൽനിന്നു സാഹങ്കാരം 'രാമരാമേതി' ജപിച്ചുകൊണ്ടു ചാടിപ്പുറപ്പെട്ട യോദ്ധാവിനു എതിർകക്ഷിയുടെ താവളത്തിൽ ചെന്നെത്തിയതോടുകൂടി ഭാഗ്യദോഷത്താൽ ശ്വാസം നിലച്ചുപോയി. തരംനോക്കിയിരിക്കുന്ന ശത്രുവ്യൂഹത്തിൻെറ മർദ്ദനകോലാഹലങ്ങളോടു മല്ലിട്ടോടി വരമ്പിപ്പുറം ചാടിവീഴുവാൻ ആ പാവംപിടിച്ച അഭിനവാഭിമന്യുവിനു സാധിച്ചില്ല. അതിനിടയിൽ ഏതോ ഒരു അന്തം മറന്ന കന്തക്കാരൻെറ പ്രഹരം, ആ പാവത്തിൻെറ പള്ളസ്സാണു പതിച്ചതു്. പാവം പയ്ങ്ങാ, അവൻ ഉറക്കെ കരയാൻ തുടങ്ങി. വേദനയെക്കാൾ നിയമലംഘനം ചെയ്ത അപരാധത്തോടുള്ള പ്രതിഷേധമാണു് ആ രോദനഭ്രകമ്പത്തിനടിസ്ഥാനമെന്നു തീർച്ചതന്നെ. ഏതായാലും കളി പെട്ടെന്നു നിലച്ചു. ഇരുകക്ഷികളുംതമ്മിൽ വാഗ്വാദകോലാഹലമായി. ഒരു കക്ഷിയിലെ നേതാവു ഞാനും മറു കക്ഷിയിലെ നായകൻ എൻെറ ആത്മസുഹൃത്തു് ശങ്കരപ്പിള്ളയുമായിരുന്നു. ഒന്നുപറഞ്ഞു്, രണ്ടുപറഞ്ഞു്, ഞങ്ങൾ തമ്മിൽ വഴക്കായി. ഞങ്ങളുടെ സംഘത്തിലെ തലവൻ എന്ന നിലയിലും, നിയമലംഘനാപരാധം മറുകക്ഷിയിലാണെന്നുള്ള പരമാർത്ഥത്താൽ ഉദ്ദീപ്തമായ ധർമ്മബോധത്താലും,

Digitized By Kerala Sahitya Akademi

ഞങ്ങൾതമ്മിലുള്ള സുദൃഢസൗഹാർദ്ദത്തെപ്പോലും അതിക്രമിച്ചു എനിക്കെൻെറ സുഹൃത്തിനോടു ശക്തിയായി തർക്കിക്കേണ്ടിവന്നു. കുററസമ്മതം അദ്ദേഹം ചെയ്യുകയില്ല. എത്തിനേറെ, പറഞ്ഞുപറഞ്ഞു് വഴക്കളായിത്തു. വാക്സമരം മെയ്പ്രയോഗത്തിലേയ്ക്കു കടന്നു. ഞാൻ സുഹൃത്തിനെക്കാൾ ബലിഷ്ഠഗാത്രനായിരുന്നു. പരസ്പരം അടിയായി, ഇടിയായി, മണ്ണിൽ മറിച്ചിട്ടു് ഉരുട്ടിപ്പിടുത്തമായി. ഞാൻ ആ പ്രിയതോഴനു കണക്കിനു കൊടുത്തു. മാറും തോളുകളും മാന്തിപ്പൊളിച്ചു. രക്തം പൊടിച്ചുതുടങ്ങി. വിദ്വാൻെറ കണ്ണിലും മൂക്കിലും ശിരസ്സിലുമെല്ലാം പൂഴിമണൽ നിറഞ്ഞു. ഗ്രഹപ്പിഴയ്ക്കു ആ പഴയ മുഷിഞ്ഞ മുണ്ടു പാളപോലെ കീറുകയുംചെയ്തു. ഒടുവിൽ ചിലർ എന്നെ പിടിച്ചുമാററി. പരിതാപകരമാംവിധം പരാജയം പററിയ ആ പരാക്രമി പകവീട്ടുവാനായി നിർലജ്ജം മറെറാരുപായമെടുത്തു. "കാണിച്ചുതരാം, നോക്കിക്കോടാ" എന്നട്ടഹസിച്ചുകൊണ്ടു് അയാൾ ഒരോട്ടം—നേരിട്ടെൻെറ വീട്ടിലേക്കു്! എൻെറ ഉള്ളു പകച്ചുതുടങ്ങി. ഞാനും പിന്നാലെ പുറപ്പെട്ടു കൂടെ മററു കളിക്കാരും. അയാൾ അമ്മയുടെ മുമ്പിൽ ചെന്നു പരാതി പറഞ്ഞു. അപ്പോഴത്തെ അയാളുടെ വേഷവും, രീതിയും, എല്ലാം കണ്ടാൽത്തന്നെ തോന്നും പാവത്തിനു കണക്കിനു കിട്ടിയിട്ടുണ്ടെന്നു്. എൻെറ മാതാവിൻെറ മൃദുലഹൃദയം ആ ദയനീയദർശനത്തിൽ അലിഞ്ഞുപോയതത്ഭുതമല്ല. അവർ എന്നെ കണക്കിനു ശിക്ഷിച്ചു. എന്നുവെച്ചാൽ എൻെറ രണ്ടു കൈകളും കൂട്ടിപ്പിടിച്ചു് ഒരു നല്ല വടിയെടുത്തു്, എന്നെ ഒരു നൂറു 'പെട' 'പെടച്ചു' കാണും. ആദ്യമൊക്കെ, അഭിമാനിയായ ഞാൻ കൂട്ടുകാർ ചുററും നിന്നിരുന്നതിനാൽ കരയാതിരിക്കാൻ ശ്രമിച്ചുനോക്കി. പക്ഷെ പ്രഹരമല്ലെ? ഗത്യന്തരമില്ലാതെ ഞാൻ വാവിട്ടു കേണു. എൻെറ കക്ഷിയിൽപ്പെട്ട കളിക്കാർപോലും അതുകണ്ടു രസിച്ചുചിരിച്ചു;

Digitized By Kerala Sahitya Akademi

ചിലർ ആത്തുതുള്ളകപോലും ചെയ്തു. എൻെറ അഭിമാനത്തിനു വലിയ ക്ഷതംതട്ടി. പക്ഷെ എന്തുചെയ്യാനാണു്?

പിറെറ ദിവസം ഒരു ഞായറാഴ്ചയായിരുന്നു. പകൽ ഒരു പതിനൊന്നു മണിയായിക്കാണും. വീട്ടിലെ പൂമുഖത്തിൻെറ (ഇന്നു് ആ പൂമുഖം പൊളിച്ചുകളഞ്ഞു് എൻെറ ഭവനം ഞാൻ പരിഷ്കരിച്ചിട്ടുണ്ടു്) പടിഞ്ഞാറുഭാഗത്തു് തെക്കെ മുററത്തേയ്ക്കിറങ്ങുവാനുള്ള വാതിലിൻെറ പടിയിൽ വിദൂരമായ ആകാശത്തേയും അതിൽ സ്വച്ഛന്ദം വിഹരിക്കുന്ന വെള്ളിമേഘങ്ങളേയും ഇളങ്കാററിൽ ഇല ഇളകിക്കൊണ്ടിരിക്കുന്ന പച്ചമരപ്പടർപ്പുകളേയും അലക്ഷ്യമായും അലസമായും അങ്ങനെ ഉററുനോക്കിക്കൊണ്ടു ചിന്താമഗ്നനായിരിക്കുമ്പോൾ പെട്ടെന്നു് എൻെറ ഹൃദയാന്തരാളത്തിൽ അജ്ഞാതമായ ഒരു വൈദ്യുതപ്രവാഹമുണ്ടായി. തലേന്നാൾ നടന്ന സംഭവമെല്ലാം ഒരു പദ്യമായി എഴുതണമെന്നു് ഒരു തോന്നൽ. അതിനു മുൻപൊരിക്കലും, മധുരമായി പദ്യങ്ങൾ (കഥനം) ചൊല്ലുമെന്നല്ലാതെ, ഒരു പദ്യം സ്വന്തമായി എഴുതണമെന്നു് എനിക്കു തോന്നിയിട്ടില്ല. ഉടൻതന്നെ ഒരു കടലാസ്സും പെൻസിലുമെടുത്തു് ഞാൻ എഴുതാൻ തുടങ്ങി. ഞാൻ എന്തൊക്കെയോ എഴുതി. ഒരൊന്നര മണിക്കൂർ അങ്ങനെ എഴുതിക്കാണും. തലേന്നാൾ നടന്ന സംഭവപരമ്പരകളെല്ലാം പദ്യരൂപത്തിൽ അങ്ങനെ ജന്മമെടുത്തു. ഞാൻ വായിച്ചുനോക്കി. അവാച്യമായ ഒരാനന്ദം. ഞാൻഅതും കൊണ്ടു ഓടി. ഒരു ഫർലാംഗ് അകലെ ഒരു ബ്രാഹ്മണകുടുംബം ഒരു ഹോട്ടൽ നടത്തുന്നുണ്ടു്. ഹോട്ടൽ ഉടമസ്ഥൻെറ മകൻ ശ്രീ. എൻ. രാമയ്യർ എൻെറ സതീർത്ഥ്യനാണു്; സഖാവാണു്. ഒരു ഭ്രാന്തനെപ്പോലെ ഞാനങ്ങോട്ടിരച്ചു പാഞ്ഞുചെന്നു. സതീർത്ഥ്യനെ വിളിച്ചുകൊണ്ടു് ഒരു ഒഴിഞ്ഞ മൂലയിൽ പോയി എൻെറ പദ്യം മുഴുവൻ വായിച്ചു കേൾപ്പിച്ചു. ഒരു നൂറോ

Digitized By Kerala Sahitya Akademi

ന്നാറമ്പതോ വരികൾ കാണുമെന്നു തോന്നുന്നു. സുഹൃത്ത് ആ പദ്യം വളരെ കേമമായിട്ടുണ്ടെന്ന് അഭിപ്രായപ്പെട്ടു. എനിക്കു സംതൃപ്തിയായി. അവിടെ നിന്നോടി മറെറാരു കൂട്ടുകാരന്റെ വീട്ടിൽ ചെന്നു. അയാളേയും അതു് വായിച്ചു കേൾപ്പിച്ചു. ''ഭേഷായിട്ടുണ്ട്'' മതി; ആനന്ദത്താൽ മതി മറന്നു ഞാൻ ഓരോ കളിത്തോഴന്റേയും ഭവനത്തിൽ എന്റെ പദ്യവുമായി കയറിയിറങ്ങി. എല്ലാവരും നല്ല അഭിപ്രായം പറകയാൽ ഞാൻ കൃതാർത്ഥനായി. ആ പദ്യമാകട്ടെ, അതിനുശേഷം അമ്പെട്ടു കൊല്ലക്കാലം തുടർച്ചയായി എഴുതിയിട്ടുള്ള പരസ്സഹസ്രം പദ്യങ്ങളിൽ ഒരൊററ വരിയാകട്ടെ ഇന്നെന്റെ കൈവശമില്ല; ഭൂരിഭാഗവും എനിക്കോർമ്മയുമില്ല. അവയെങ്ങിനെ നശിച്ചുവെന്നു ഞാൻ വഴിയെ വിവരിക്കാം. ആ ആദ്യത്തെ കവിതയിലെ നാലു വരികൾ എനിക്കിന്നോർമ്മയുള്ളതു ഇവിടെ കുറിച്ചുകൊള്ളട്ടെ.

'തൃക്കൺപുര'മെന്നു പേരുള്ളൊരമ്പലം
ബാലകൃഷ്ണൻ തന്റെ വാസദേശം
'കുററിച്ചക്കാല'യാം വീടിന്റെ മുമ്പിലെ-
ക്കുററിക്കാടുള്ള കളിപ്രദേശം.

ഇങ്ങിനെയാണു പ്രസ്തുത പദ്യം ആരംഭിക്കുന്നതു്. അതിനെത്തുടർന്ന് അടുത്ത ദിവസങ്ങളിൽ ഏതാനും ശ്ലോകങ്ങൾ എഴുതുകയുണ്ടായി.

'മാറങ്ങളത്തിന്റെ കിഴക്കുഭാഗ-
ത്തൊരാലു നിൽപ്പുണ്ടതിനപ്പുറത്തു്'

ഈ വരികൾ മറേറതോ അജ്ഞാതകവിയുടേതാണെന്നു ചിലർ എന്നോടു പറയുകയുണ്ടായി. അതു മുൻപെങ്ങാനും ചൊല്ലിക്കേട്ടോ, പഠിച്ചോ, എന്റെ ഹൃദയത്തിൽ ലയി

Digitized By Kerala Sahitya Akademi

ച്ചുകിടന്നതാകാം. പക്ഷെ അതപഹരണമല്ല. അന്ന് അപ ഹരണബോധം തന്നെയില്ലല്ലൊ.

വിശാലമായുള്ള കളിസ്ഥലങ്ങൾ
നിറഞ്ഞിരിക്കുന്നൊരു ഭൂപ്രദേശം
അതിന്നടുത്തുള്ള കുളത്തിനല്ലോ
'മാറങ്കുളം' എന്നിഹ സുപ്രസിദ്ധം
ഗോസായിമാർ തന്നുടെ ചാവടിക്കും
'കോശേരി' എന്നുള്ളൊരു മാളികക്കും
കൊച്ചമ്മുതൻവീട്ടിനുമൊട്ടടുത്താ-
ണിച്ചൊന്നതായുള്ള കളിസ്ഥലങ്ങൾ
* അക്കഞ്ഞിയാം കട്ടൻ്റടുത്തുതന്നൊ
പൂക്കോട്ടു വാഴുന്നൊരു 'വിക്രമൻ' 'ഹാ'
പാത്താച്ചിയാം രാമനുമുണ്ടുവേലു
'ശോക്രാ'യുമാ 'ഭാസ്കര' 'രമ്പി'യും ഹാ
ആലിൻതറസ്ക്കാരവിയാം തിരുപ്പാ-
ടെന്നുള്ളതാം കൂട്ടരുമൊത്തുകൂടി
മുറയ്ക്കുമാസങ്ങു കളിച്ചിട്ടമ്പോ-
ളുറക്കമുണ്ടിവക വേണ്ടു ചൊല്ലാം.

ഇങ്ങനെ മലവെള്ളംപോലെ ഒഴുകിപ്പരക്കുന്ന അസംഖ്യം ശ്ലോകങ്ങളും ദ്രാവിഡപദ്യങ്ങളും അക്കാലത്തു ഞാൻ എഴുതിത്തള്ളിയിട്ടുണ്ട്. മേൽ പ്രസ്താവിച്ച പദ്യത്തിനു ഒരു ലഘുവ്യാഖ്യാനം വേണ്ടിയിരിക്കുന്നു. എന്റെ ഭവനത്തിനു മുമ്പിൽ വളരെ വിസ്താരമുള്ള ഒരു കുളമുണ്ട്. അതിന്റെ കിഴക്കുഭാഗത്തും തെക്കുകിഴക്കേ മൂലയിലുമുള്ള മണൽപ്പര

* രക്തപുഷ്പങ്ങളിലെ 'മാവിൻചുവട്ടിൽ' എന്ന കവിത നോക്കുക.

Digitized By Kerala Sahitya Akademi

പ്പിലാണ് നിത്യവും ഞങ്ങൾ കളിക്കാൻ കൂട്ടുക പതിവ്. 'മാറങ്കുളം' എന്നാണ് കുളത്തിന്റെ പേർ. കുളത്തിന്റെ വടക്കുപടിഞ്ഞാറെ മൂലയിൽ ഒരു 'ഹാൾ' ഇപ്പോഴും സ്ഥിതി ചെയ്യുന്നു. ആരും താമസമില്ല. * പണ്ടു കാലങ്ങളിൽ ഭിക്ഷാംദേഹികളായി ഇടപ്പള്ളിയിൽ വന്നെത്തുന്ന ഗോസായിമാൎക്കു കൊട്ടാരത്തിൽനിന്നും അരി, നെയ്യ്, കറിക്കോപ്പുകൾ മുതലായവ സൗജന്യമായി കൊടുക്കുക പതിവുണ്ട്. അവൎക്കു താമസിക്കുവാനായി ഇടപ്പള്ളിരാജാവു് നിൎമ്മിച്ചിട്ടുള്ളതാണ് പ്രസ്തുത ഹാൾ. 'ഗോസായിച്ചാവടി' എന്നാണതിനെ വിളിച്ചുവരുന്നതു്. 'കോശേരിമാളിക', സമസ്തകേരളസാഹിത്യപരിഷത്തിന്റെ ജനയിതാവും പണ്ഡിതാഗ്രേസരനുമായിരുന്ന മഹാമഹിമശ്രീ ഇടപ്പള്ളി ‡ കൃഷ്ണരാജാ തിരുമനസ്സുകൊണ്ടു് താമസിക്കുന്ന ഒരു മനോഹരഹൎമ്മ്യമാണ്. എന്റെ കൌമാരകാലം ആ ഹൎമ്മ്യാന്തരത്തിലെ നിറംപിടിച്ച സൗജന്യധാരയിൽ കോൾമയിർക്കൊണ്ടിരുന്നു. അതിനെക്കുറിച്ചു വഴിയേ പ്രസ്താവിച്ചുകൊള്ളാം. 'കോശേരിമാളിക' എന്ന നാട്ടിൽ ചിരപ്രതിഷ്ഠ ലഭിച്ചിട്ടുള്ള പ്രസ്തുത ഹൎമ്മ്യത്തിനു പിൽക്കാലങ്ങളിൽ, കൃഷ്ണരാജാ തിരുമനസ്സിലേയ്ക്കു മൂപ്പുകിട്ടിയതിനോടുകൂടി, പരിഷ്ക്കാരം പോരാഞ്ഞിട്ടായിരിക്കാം, 'കേസരി പാലസ്', എന്ന നവീനനാമധേയം സ്വീകരിക്കേണ്ടിവന്നു. സംസ്കൃതത്തിലും ഇംഗ്ലീഷിലും ഉള്ള ഓരോ പദം അങ്ങനെ കൂട്ടിച്ചേൎത്തിട്ടുള്ള ആ ഭവനനാമധേയത്തിന്റെ വൈലക്ഷണ്യം ശ്രവണമാത്രയിൽത്തന്നെ അനുഭവപ്പെടുന്നതാണല്ലൊ. പുതിയ പരിഷ്ക്കാരത്തിന്റെ കലാബോധം! കൊച്ചമ്മുവിന്റെ വീട്ട് മാറങ്കുളത്തിന്റെ തെക്കുവശത്താണ്. 'കുന്തിയാം കുട്ടൻ' കുടത്തി

---

* ഇപ്പോൾ പ്രവൃത്തിക്കച്ചേരിയും സഹകരണസംഘവും ഈ കെട്ടിടത്തിലാണ്.

‡ അദ്ദേഹം ഇന്നു ജീവിച്ചിരിപ്പില്ല.

Digitized By Kerala Sahitya Akademi

കുട്ടനത്രേ!— കൃഷ്ണരാജാ തിരുമനസ്സിലെ രണ്ടാമത്തെ പുത്രൻ ശ്രീ. പി. കെ. കൃഷ്ണൻകുട്ടിമേനവൻ ബി. എ. ബി. എൽ. പൂക്കോട്ട വാഴുന്ന വിക്രമൻ—കോശേരിമാളികയ്ക്കു തൊട്ട തെക്കഭാഗത്ത് പൂക്കോട്ടമഠം എന്ന ഒരഭിജാതക്ഷത്രിയകുടുംബമുണ്ട്; അവിടത്തെ ഒരംഗമാണ് വിക്രമൻ എന്നുകൂടി പ്പേരുള്ള ശ്രീ. സി. ആർ. കേരളവമ്മ തിരുമുൽപ്പാട്ട് എം. എ. അദ്ദേഹം ഒരു തികഞ്ഞ സഹൃദയനും, അഗാധബുദ്ധിമാനും. സന്മനസ്കനുമാണെന്നു സന്തോഷപൂർവ്വം ഇവിടെ രേഖപ്പെടുത്തേണ്ടിയിരിക്കുന്നു. ഇപ്പോൾ അദ്ദേഹം മംഗലാപുരം സെൻറു് അലോഷ്യസ് ക്രിസ്ത്യൻ കോളേജിലെ ഇംഗ്ലീഷ്‌ലക്ചററാണ്. 'പാത്താച്ചിരാമൻ' ഒരു സാധുബാലനത്രേ! അവൻ കോശേരിമാളികയിലെ ഒരു ഭൃത്യനും ഒരു മരമണ്ടനുമാണ്. ഞങ്ങളുടെ എല്ലാം ഒരു കളിപ്പാട്ടം. അന്നവനെ കണ്ടാൽ ഒരു വലിയ പന്നിക്കുഞ്ഞാണെന്നു തോന്നും. എൻെറ ആദ്യത്തെ കവിതയ്ക്കു കാരണക്കാരനായ പയ്യപ്പിള്ളിൽ ശങ്കരപ്പിള്ളയുടെ പിതാവിൻെറ ഭാഗിനേയനാണ് പാത്താച്ചിരാമൻ! പാവം ഞങ്ങൾ അവനെ എത്ര ഉപദ്രവിച്ചിട്ടുണ്ട്. ഞാൻ അവനെ കണ്ടിട്ട് ഇപ്പോൾ ചുരുങ്ങിയതു് പതിനാറു കൊല്ലമായിക്കാണും. അവനെ ഒരു നോക്കൊന്നു കാണുവാൻ ഞാൻ അത്യന്തം ആശിക്കുന്നു. പക്ഷെ അവനെക്കുറിച്ച് ആക്കും ഒരറിവുമില്ല. അവൻ ജീവിച്ചിരിക്കുന്നുണ്ടോ എന്നുപോലും അറിഞ്ഞുകൂടാ. പാവം, പാത്താച്ചിരാമൻ! 'ഉണ്ടവേലു' ഞങ്ങളുടെ സംഘത്തിലെ ഒരു കൊച്ചു ഹിററ്‌ലറായിരുന്നു. മഹാസാഹസികൻ. വീരപരാക്രമി. അവനെക്കുറിച്ചു മററു ഭാഗങ്ങളിൽ പ്രസ്താവിക്കുന്നതാണ്. ശോക്രാ—ടാററാ ഓയിൽ മിൽസിലെ ഒരു കെമിസ്റ്റായി ശ്രീ. കെ. രാമവമ്മൻ തിരുപ്പാട്ട് ബി. എ. ആലിൻതറയ്ക്കാ രവി—ഞങ്ങളുടെ സംഘത്തിലെ ഏററവും ബുദ്ധിശാലിയാണദ്ദേഹം. അന്തരിച്ചുപോയ

Digitized By Kerala Sahitya Akademi

ഒരിപ്പെള്ളിരാജാവിൻെറ പത്നീഗൃഹമാണ് 'ആൽത്തറമഠം' പ്രസ്തുത രാജപത്നിയുടെ സോദരീപുത്രനാണു രവി. ഏ. ആർ. രവിവർമ്മൻതിരുമുൽപ്പാട് ബി. എസ്സ്സി (ആണേഴ്സ്) അദ്ദേഹം ഇൻഡ്യാഗവണ്മെൻറിൻെറ ആഭിമുഖ്യത്തിൽ ഇംഗ്ലണ്ടിൽ പോയി ഉന്നതവിദ്യാഭ്യാസം കഴിച്ച് അടുത്ത കാലത്ത് ഇൻഡ്യയിൽ മടങ്ങിയെത്തി, വിമാനവകുപ്പിൽ ആണെന്നു തോന്നുന്നു, ഒരു വലിയ ഉദ്യോഗത്തിൽ പ്രവേശിച്ചിരിക്കുകയാണ്. എൻെറ ചെറുപ്പകാലത്തെ ഏററവും അടുത്ത ഒരു സ്നേഹിതനാണദ്ദേഹം. പക്ഷെ ഇന്നദ്ദേഹത്തിനു അല്പം ഒരു തലതിരിഞ്ഞ മട്ടുണ്ട്. വലിയ ഉദ്യോഗത്തിലെത്തിയപ്പോൾ, ആ ഭാഗ്യം സിദ്ധിക്കാത്ത എന്നെപ്പോലുള്ള ഏഴകളെ അദ്ദേഹം അല്പം ഒരവജ്ഞാഭാവത്തിലേ വീക്ഷിക്കാറുള്ളു. എവിടെയെങ്കിലുംവച്ചു കണ്ടാൽ ഒരു പച്ചച്ചിരിയോടെ ഒന്നോ രണ്ടോ വാക്കു സംസാരിക്കുമെന്നമാത്രം—പക്ഷെ ആ ബാല്യസൗഹൃദസ്മൃതിയുടെ ഒരു വിളറിയ രശ്മി അദ്ദേഹത്തിൻെറ ഹൃദയത്തിലും അവശേഷിച്ചിട്ടുണ്ടായിരിക്കാം. ഏതായാലും ഞാൻ അദ്ദേഹവുമായുള്ള സംഭാഷണം ദീർഘിപ്പിക്കാറില്ലെന്നു മാത്രമല്ല, എന്നോടു കാണിക്കുന്ന തണ്ടിൽ പതിന്മടങ്ങു അങ്ങോട്ടു കാണിച്ചുകൊണ്ടേ ഞാനും ഒന്നോ രണ്ടോ വാക്കുച്ചരിക്കാറുള്ളു. കഷ്ടം, ഞാനിന്നെന്തൊ പഴിക്കുന്നു! ഞാൻ എന്തിനാത്തണ്ടു കാണിച്ചു? അദ്ദേഹം എൻെറ ഉത്തമസുഹൃത്തല്ലേ? അതെ; എന്തൊക്കെ പുറമേ ഭാവിച്ചാലും. എന്നെ സംബന്ധിച്ചിടത്തോളം, ഞാൻ ഒരു പദ്യത്തിൽ പറഞ്ഞിട്ടുള്ളതുപോലെ

മധുരശൈശവബന്ധമതററിടാൻ
മമ ജഡമിനി മണ്ണിലടിയണം.

ഭാസ്കരർ—എന്നതിൻെറ അർത്ഥം, ഭാസ്കരൻ എന്നു പേരോടു കൂടിയ രണ്ടുപേർ എന്നാണ്. അവരിൽ ഒരാൾ കുഞ്ഞിക്കു

Digitized By Kerala Sahitya Akademi

ട്ടൻെറ മാതുലപുത്രനും ഖറൈറയാൽ പൂക്കോട്ടെ വിക്രമൻെറ മാതൃസഹോദരീപുത്രനമാകുന്നു. 'അമ്പി'; ഗണപതി എന്ന പേരോട്ടുകൂടിയ ഒരു ബ്രാഹ്മണകുമാരൻ. അദ്ദേഹത്തെക്കുറിച്ച് ഒന്നും അറിഞ്ഞുകൂടാ. എപ്പോഴും വാപൊളിച്ചുകൊണ്ടിരിക്കുന്ന ഒരു ദുസ്സ്വഭാവം ആ ബാലനിലുണ്ടായിരുന്നതിനാൽ 'തൊളവായൻ പട്ടരെ'ന്നാണ് ഞങ്ങൾ അദ്ദേഹത്തെ അക്കാലത്തു വിളിച്ചിരുന്നതു്. സാധു. എന്തു പറഞ്ഞാലും കേൾക്കും, അശക്തനാണ്,—ശാരീരികമായും മാനസികമായും. ഞങ്ങളുടെ ഒരു കൂട്ടുകാരനെക്കാൾ ഒരു കിങ്കരനായിരുന്നു അമ്പി എന്നു പറയുന്നതാണധികം ശരി. അക്കാലങ്ങളിൽ ഞങ്ങൾ കളിക്കാറുള്ളതു് 'മാസ്സ'കളിയാണ്—അതിനു ചില ദിക്കുകളിൽ 'കിളിത്തട്ടുകളി' എന്നു പേരുണ്ടെന്നു തോന്നുന്നു. ഒരാൾ കിളിയാകും. ബാക്കിയുള്ളവർ രംഗം വെട്ടിച്ചുകടന്നു ഉപ്പു കൊണ്ടുവരാൻ ശ്രമിക്കും. ലവണപാലകന്മാർ കടക്കുന്നവഴി അടിച്ചാൽ കളി തോററു. കിളിയാണ് കളിയിലെ നായകൻ. ആ കളിയിൽ ഞാൻ അത്യന്തപാടവം പ്രദർശിപ്പിച്ചിരുന്നതിനാൽ 'കിളിസ്ഥാനം' മിക്കപ്പോഴും എനിക്കുതന്നെ കിട്ടിക്കൊണ്ടിരുന്നു. ബഹുഭൂരിപക്ഷത്തോടെയല്ല, സർവ്വസമ്മതമായിത്തന്നെ അംഗീകരിക്കപ്പെട്ട് എന്നിൽ അർപ്പിതമായിരുന്ന അസൂയാവഹവും അഭിനന്ദനീയവുമായ ഒരു പദവിയായിരുന്നു അതു്. ആ സ്ഥാനലബ്ധിയിൽ ഞാൻ അക്കാലത്തു അഹങ്കരിച്ചിട്ടുപോലുമുണ്ട്. മറുകക്ഷിയിൽ ആ സ്ഥാനത്തിനർഹൻ 'ഉണ്ടവേലു'വായിരുന്നു. എന്നെ വിളിച്ചിരുന്നതു് 'ജമ്മൻ' എന്നാണ്. അസൂയാലുക്കളായ കൂട്ടുകാർ 'ചങ്ങനുഴ ബപ്പി' എന്നും പരിഹസിക്കാറുണ്ട്. എൻെറ വീടിൻെറ പടിഞ്ഞാറുള്ള പറമ്പിൽ—പടിഞ്ഞാറെ ചങ്ങനുഴയിൽ 'ബപ്പി' എന്ന ഒരു ചെട്ടി താമസമുണ്ട്. അതിനാൽ പരിഹസിച്ചു അവർ എന്നെ ആ പേർ വിളിച്ചുപോന്നു. നായകന്മാരെന്നപേരിൽ ഞാനും ഉ

Digitized By Kerala Sahitya Akademi

ണ്ടവേല്യവും തമ്മിൽ വലിയ സ്നേഹവും ബഹുമാനവുമായി രുന്നു. ചില കാര്യങ്ങളിൽ ഉണ്ടവേല്യവിനോടു എനിക്കല്പം അസൂയ ഉണ്ടായിരുന്നുവെന്നും പറയേണ്ടിയിരിക്കുന്നു. സമാനസിദ്ധികളിൽ ബഹുമാനം തോന്നുകയും, അപ്രാപ്യസിദ്ധികളിൽ അസൂയ ജനിക്കുകയും സ്വാഭാവികമാണല്ലോ. ഉണ്ടവേല്യ, തെങ്ങ്, അടയ്ക്കാമരം ഇവയിൽ ഒരണ്ണാർക്കണ്ണനേക്കാൾ വൈദഗ്ധ്യത്തോടെ പിടിച്ചുകയറും. താഴെനിന്നു, ഇടതുകയ്യിലുള്ള കല്ലോ, വടിയോകൊണ്ടു് എത്ര ഉയരത്തിൽ നിൽക്കുന്ന പറങ്കിമാങ്ങയും താഴെ വീഴിക്കും. മാറങ്കുളത്തിന്റെ തെക്കുവടക്കകരകൾക്കുമദ്ധ്യേയുള്ള ജലമണ്ഡലം നാലുപ്രാവശ്യം തുടർച്ചയായിത്തന്നെ അവനു നീന്തിയെത്തുവാൻ സാധിക്കും. എനിക്കിതൊന്നും സാദ്ധ്യമല്ല. വൃക്ഷങ്ങളിൽ കയറുവാൻ ഞാനും സമർത്ഥനാണു്. പക്ഷെ ഒററത്തടിയായി വളരുന്ന വൃക്ഷങ്ങൾ എന്നെ ഇന്നും പരാജയപ്പെടുത്തുന്നു. വൃക്ഷശിഖരങ്ങളിൽനിൽക്കുന്ന ഫലങ്ങൾ എറിഞ്ഞു താഴെയിടുന്നകാര്യത്തിൻ ഒരിക്കലെങ്കിലും ഞാൻ ജയം നേടിയിട്ടില്ല. ഫലങ്ങളെ ലക്ഷ്യമാക്കി കല്ലോ, വടിയോ ഞാൻ താഴെനിന്നുകൊണ്ടെറിഞ്ഞാൽ അതു് അവയുടെ സമീപപ്രദേശങ്ങളിൽക്കൂടിയെങ്കിലും കടന്നുപോകയില്ല.

അടുത്തതായി എനിക്കു പ്രതിപാദിക്കുവാനുള്ളതു കേസരിപാലസ്സായി രൂപാന്തരപ്പെട്ട കോശേരിമാളികയിലെ അന്നത്തെ അന്തേവാസികളെക്കുറിച്ചാണു്. എന്റെ കൌമാരകാലത്തിലെ ഒരു സാരമായ ഭാഗത്തിനു് സകല നിറപ്പകിട്ടുകളും ലഭിച്ചതു് അവിടെനിന്നാണെന്നുള്ള കാര്യം വിസ്മരിക്കാത്തതല്ല. ഇടപ്പള്ളി കൃഷ്ണരാജാതിരുമനസ്സിലെ പ്രഥമ പുത്രനായ ശ്രീ. പി. കെ. കരുണാകരമേനവൻ ഡോസ്റ്റോവ്സ്കിയുടെ Crime and Punishment (കുററവും ശിക്ഷയും) എന്ന വിഖ്യാതകൃതിയുടെ പരിഭാഷകൻ എന്ന നിലയിൽ പ്രശസ്തനായിത്തീർന്നിട്ടുള്ള ഒരു സാഹിത്യകാരനാ

Digitized By Kerala Sahitya Akademi

ണ്. കാവ്യാത്മകമായ എന്റെ ജീവിതത്തിന് ആരോടെങ്കിലും ഒരു കടപ്പാടുണ്ടെങ്കിൽ അതു മി. കരുണാകരമേനവനോടുമാത്രമാണെന്നു സന്തോഷപൂർവ്വം ഞാൻ അറിയിച്ചുകൊള്ളുന്നു. അദ്ദേഹം ഇല്ലായിരുന്നുവെങ്കിൽ എന്റെ കവിതാവാസന ഒരിക്കലും വികസിക്കുമായിരുന്നില്ല.

അദ്ദേഹത്തിന്റെ അനുജനായ കുഞ്ഞിക്കുട്ടനും ആൽത്തറമഠത്തിലെ രവിവർമ്മൻ തിരുമുല്പാടും എന്റെ ആത്മസുഹൃത്തുക്കളാണെന്നു മുൻപു പറഞ്ഞിട്ടുണ്ടല്ലോ. പകൽമുഴുവനും ഞാൻ കോരശേരിയിലാണ് കഴിഞ്ഞുകൂട്ടുക പതിവ്. ആ *1 കുടുംബം യഥാർത്ഥത്തിൽ ഒരതിഥിമന്ദിരമാണ്. അതിഥികളെ സൽക്കരിക്കുവാൻമാത്രമാണോ അവിടത്തെ അംഗങ്ങൾ ജന്മമെടുത്തിട്ടുള്ളതെന്നു തോന്നിപ്പോകും. മി. കരുണാകരമേനവന്റെ മാതാവ്—ശ്രീമതി പുല്ല്യാട്ട് ഗൌരിക്കുട്ടിയമ്മ *2 ഒരൌദാര്യനിധിയാണ്. മനുഷ്യർക്കു ഭക്ഷണം കൊടുത്തു അവർക്കു മതിവരുമെന്നു തോന്നുന്നില്ല. സാക്ഷാൽ മഹാലക്ഷ്മിയെപ്പോലെ സമുല്ലസിക്കുന്ന ആ പുണ്യമഹതിയെപ്പോലെ ഉദാരമനസ്സുകളായ സ്ത്രീകളെ വളരെ ചുരുക്കമായേ ഞാൻ കണ്ടിട്ടുള്ളൂ.

അതൊരു മദ്ധ്യവേനൽ ഒഴിവുകാലമാണ്. ഞങ്ങൾ സദാ കളിതന്നെ കളി. ആനന്ദമയമായ ജീവിതം. ഒരു ദിവസം ഉച്ചതിരിഞ്ഞു് പൊരിവെയിലിൽ ഞങ്ങൾ കളിച്ചുകൊണ്ടുനിൽക്കുമ്പോൾ, മി. കരുണാകരമേനവൻ ഞങ്ങളെ അടുത്തുവിളിച്ചു. വെയിൽതാണിട്ടു കളിച്ചാൽ മതിയെന്നും, അതുവരെയുള്ള സമയം താൻ നടത്തുവാനുദ്ദേശിക്കുന്ന ഒരു 'പരീക്ഷ'യ്ക്കായി വിനിയോഗിക്കണമെന്നും, സ്നേഹസാന്ദ്രമായ സ്വരത്തിൽ അദ്ദേഹം ഞങ്ങളോടു പറഞ്ഞു. ഞങ്ങൾ സ

---

*1 രാജാവിന്റെ മരണശേഷം ആ കുടുംബം അവിടെനിന്നും താമസം മാററി. *2 അവർ ഇന്നു ജീവിച്ചിരിപ്പില്ല.

Digitized By Kerala Sahitya Akademi

മ്മതിച്ചു. പരീക്ഷ ഇതാണ്. 'പ്രഭാതം' എന്ന വിഷയത്തെ ആസ്സദമാക്കി ഞങ്ങൾ എന്തെങ്കിലും സ്വന്തമായിട്ട എഴുതണം. മി. രവിവർമ്മൻ തിരുമുല്പാട്ട ഇംഗ്ലീഷിലെഴുതാമെന്നു ഉടൻതന്നെ സമ്മതിച്ചു. 'കൃഷ്ണപിള്ളയ്ക്കു പദ്യത്തിലെഴുതിക്കൂടെ?' മി. കരുണാകരമേനവൻ ചോദിച്ചപ്പോൾ ഞാൻ അത്ഭുതപ്പെട്ടുപോയി. ഹാ! ഞാൻ കവിയാണെന്നു അദ്ദേഹം അറിഞ്ഞിരിക്കുന്നു! ''ആകാം'' എന്നു് അഭിമാനപൂർവ്വം ഞാൻ സമ്മതിച്ചു. ഗദ്യത്തിൽ എന്തെങ്കിലും എഴുതുവാനേ സാധിക്കൂ എന്ന വിനയശീലനായ കുഞ്ഞിക്കുട്ടൻ പറഞ്ഞു. ഒരു മണിക്കൂറാണു സമയം. ഞങ്ങൾ മൂന്നുപേരും ഇരുന്നു എഴുതാൻ തുടങ്ങി.

അർക്കനുദിച്ചതുകാൺകയാൽ താപസർ
വൽക്കലം മെല്ലെയെടുത്തുകൊണ്ടു്
താമരപ്പൂക്കൾ വിരിഞ്ഞ നദികളിൽ
ത്തുമയിൽ പോവുകയായ്ക്കളിക്കാൻ
വൃക്ഷത്തിൻ കൊമ്പിലിരുന്നങ്ങുപാടിനാർ
പക്ഷിതൻ കുഞ്ഞുങ്ങൾ മോദമോടെ
മന്ദാരപുഷ്പങ്ങൾ മന്ദം വിരികയായ്
മന്ദാനിലനും, ഹാ, വീശുകയായ്......

ഇങ്ങിനെ നാല്പെത്തെട്ടുവരികൾ കൃത്യസമയത്തിനുള്ളിൽ ഞാൻ എഴുതിത്തീർത്തു. ഞങ്ങൾ മൂന്നുപേരുടേയും പ്രബന്ധങ്ങൾ പരീക്ഷകനായ മേനോൻ പരിശോധിച്ചു മാർക്കിട്ടു. രവിവർമ്മതിരുമുൽപ്പാടിനു് പത്തിൽ, നാലും, കുഞ്ഞിക്കുട്ടനു ആറും, എനിക്കു എട്ടും മാർക്കുവീതം കിട്ടി. എനിക്കുണ്ടായ ആനന്ദത്തിനതിരില്ല. മേനവൻ എന്നെ വളരെ അഭിനന്ദിച്ചു; പ്രശംസിച്ചു; അതും എന്റെ കൂട്ടുകാരുടെ മുൻപിൽ! അതിൽപരം ഒരു ചാരിതാർത്ഥ്യം എനിക്കുണ്ടാ

Digitized By Kerala Sahitya Akademi

കേണ്ടതായിട്ടില്ല. എന്റെ പിഞ്ചുഹൃദയം അദ്ദേഹത്തിന്റെ പ്രശംസയിൽ ആനന്ദനൃത്തം ചെയ്തു. മാത്രമല്ല അന്നു വൈകീട്ട് ഗണപതിക്ഷേത്രത്തിൽനിന്നു അപ്പം കൊണ്ടുവന്നപ്പോൾ എല്ലാവക്കും ഈരണ്ടും, കവിതക്കു സമ്മാനമായി എനിക്കു നാലും അപ്പം അദ്ദേഹം നൽകുകയുണ്ടായി. കവിതയെഴുത്തിൽ മുറക്കു ശ്രമിക്കണമെന്നും, മററുള്ളവരുടെ കവിതകൾ ധാരാളം വായിക്കണമെന്നും അദ്ദേഹം ഉപദേശിച്ചു. വിശേഷിച്ചും മഹാകവി വള്ളത്തോളിന്റെ കൃതികൾ വായിക്കണമെന്നു പറഞ്ഞു. അന്നാണ് ആദ്യമായി 'വള്ളത്തോൾ' എന്ന നാമധേയം ഞാൻ കേൾക്കുവാനിടയായതു്. സാഹിത്യമഞ്ജരി തുടങ്ങിയ പദ്യകൃതികൾ മി. മേനവൻ എനിക്കു വായിക്കുവാനായി തന്നു. അതിനുശേഷം പദ്യപാരായണവും പദ്യരചനയും ഞാൻ മുറക്കു നിവ്വഹിച്ചുകൊണ്ടിരുന്നു.

കൊല്ലം രണ്ടുകഴിഞ്ഞു ഇക്കാലത്തിനിടയിൽ അനേകം പദ്യങ്ങൾ ഞാൻ എഴുതി മി. മേനവനെ കാണിച്ചിരുന്നു. അപ്പമാണ് സമ്മാനം. കണക്കിലേറെ അപ്പങ്ങൾ അങ്ങനെ ഞാൻ തിന്നൊടുക്കി. ഒരു മുഴക്കൊതിയനായിരുന്നു ഞാൻ. അപ്പത്തിലുള്ള കൊതിയല്ലെ എന്നെ കവിതയെഴുതാൻ പ്രേരിപ്പിച്ചതെന്നുപോലും ഇന്നെനിക്കു തോന്നുന്നുണ്ട്. ആയിടക്കു "കവിമണി കെ. സി. കുട്ട്യപ്പ നമ്പ്യാർ" എന്ന യശശ്ശരീരനായ സാഹിത്യകാരൻ കൃഷ്ണരാജാ തിരുമനസ്സിലെ അതിഥിയായി ഇടപ്പള്ളിയിൽ എത്തി. ആ വന്ദ്യ കവിയുടെ "വിഘ്നരാജോത്ഭവം" എന്ന ആട്ടക്കഥയുടെ അരങ്ങേററം നിവ്വഹിക്കപ്പെട്ടതു് കൃഷ്ണരാജാതിരുമനസ്സിലെ ആഭിമുഖ്യത്തിലായിരുന്നു. ആ മഹാസാഹിത്യകാരന്റെ ആഗമനത്തിന്നു കാരണവും അതാണ്. മാത്തൂർ കുഞ്ഞുപിള്ളപ്പണിക്കർ, തോട്ടം ജി. ശങ്കരൻഭട്ടപ്പാററി തുടങ്ങിയ, കേരളകല

Digitized By Kerala Sahitya Akademi

യുടെ യശസ്തംഭങ്ങളായ മഹാ കലാകാരന്മായിരുന്നു, മേൽ പ്രസ്താവിച്ച ആട്ടക്കഥയിലെ നടന്മാർ. കഥകളി കാണുവാനുള്ള പ്രതിപത്തി അതിനുമുൻപുതന്നെ എന്റെ ഹൃദയത്തിൽ വേരൂന്നിയിരുന്നതിനാൽ ആ സുദിനം എനിക്കൊരു മഹോത്സവംതന്നെയായിരുന്നു. മി, മേനവൻ എന്നെ മി: കുട്ടപ്പ നമ്പ്യാക്കു പരിചയപ്പെടുത്തിക്കൊടുത്തു. അദ്ദേഹം എന്റെ കൃതികളെല്ലാം എടുത്തുകൊണ്ടുവരാനായിപ്പറഞ്ഞപ്പോൾ എനിക്കുണ്ടായ ആനന്ദം! — ഞാൻ വീട്ടിലേയ്ക്കു ശ്വാസംവിടാതെ ഒരോട്ടം -- പഴയ വീഞ്ഞപ്പെട്ടിയിൽ കിടക്കുന്ന ആ കടലാസുകളെല്ലാം പെറുക്കിയെടുത്തു ഒരാത്മവിസ്മൃതിയിൽ ലയിച്ചുകൊണ്ടു് അഞ്ചുമിനിട്ടിനുള്ളിൽ വീണ്ടും അദ്ദേഹത്തിന്റെ മുൻപിൽ ഞാൻ ആവിർഭവിച്ചു.

സന്താപത്തിനു ബന്ധമെന്തു, കൗതുകം
നൽകിടുവാൻ കെൽപ്പെഴും
സന്താനദ്രുമമുഗ്ദ്ധമഞ്ജരിപരം
പേരാർന്ന കീരാംഗനേ?
എന്താണിങ്ങനെ കണ്ണടച്ചു ചെറുതും
മിണ്ടാതെ കുണ്ഠാശയം
ചിന്താഭാരമിയന്നമാതിരി മണി–
ക്കൂട്ടിൽക്കിടക്കുന്നു നീ?'

എന്നിങ്ങനെ മധുരപദകല്പിതങ്ങളും മധുനിഷ്യന്ദികളുമായ നിരവധി പദ്യപ്രകാണ്ഡങ്ങളാൽ 'സാഹിതീവിലാസ'ത്തെ സഹൃദയസമക്ഷം സമർപ്പിച്ചു്, ആരാധ്യനായിത്തീർന്നിട്ടുള്ള ആ കവീശ്വരൻ എന്റെ വികൃതികളെല്ലാം അവധാനപൂർവ്വം വായിച്ചുനോക്കുകയും, ഒടുവിൽ, കരുണാകരമേനവന്റെ നേക്കു തിരിഞ്ഞുകൊണ്ടു് "ഈ ബാലൻ ഒരു സാമാന്യനല്ല, ഒരുകാലത്തു് നമ്മുടെ ഭാഷയ്ക്കു ഈ കുട്ടി ഒരു

Digitized By Kerala Sahitya Akademi

മഹാ നേട്ടമായിത്തീരും'' എന്നിങ്ങനെ പറയുകയുംചെയ്തു. അതു കേട്ടപ്പോൾ, ആനന്ദാതിരേകത്താൽ എനിക്കു മോഹാലസ്യം സംഭവിക്കാഞ്ഞതു ഭാഗ്യമെന്നേ ഇന്നു ഞാൻ വിചാരിക്കുന്നുള്ളു. ആ കൃതികളുടെ കൂട്ടത്തിൽ ഉണ്ടായിരുന്ന 'മായ' എന്ന പദ്യം (ശ്ലോകങ്ങൾ) അദ്ദേഹം പല പ്രാവശ്യവും വായിച്ചു. അതു് ''അസ്സലായി''ട്ടുണ്ടെന്നു് എന്നോടാവർത്തിച്ചാവർത്തിച്ചു പറഞ്ഞു. ആ കൃതികളിൽ ഒന്നും എനിക്കോർമ്മയില്ല, ''കുറുക്കനും മുന്തിരിങ്ങയും'' എന്ന കഥയിലെ കുറുക്കൻ മുന്തിരിപ്പടർപ്പിൻെറ കീഴിൽനിന്നു കൊണ്ടു്;

> എന്തു ഞാനിഹ ചെയ്യേണ്ടു
> ഹന്ത, മുന്തിരിതിന്നുവാൻ?

എന്നിങ്ങനെ ആത്മഗതംചെയ്യുന്ന ഭാഗം അദ്ദേഹത്തെ വളരെ രസിപ്പിക്കുകയുണ്ടായി. മി. കരുണാകരമേനവൻെറ മുഖത്തു് ആ വന്ദ്യ കവിയുടെ പ്രശംസാവാക്കുകൾ കേട്ട ചാരിതാർത്ഥ്യദ്യോതകമായ ഒരു പ്രകാശം സ്ഫുരിച്ചതു് എൻെറ മനോദർപ്പണത്തിൽ ഇപ്പോഴും പ്രതിഫലിച്ചുകിടക്കുന്നുണ്ടു്. കാലയവനികയ്ക്കുള്ളിൽ മറഞ്ഞുപോയ ആ കവിശേഖരനോടു്—സാഹിതീവിലാസകർത്താവായ കവിമണി കെ, സി. കുട്ട്യപ്പനമ്പ്യാരോടു്—എനിക്കുള്ള കൃതജ്ഞത രേഖപ്പെടുത്തുവാൻ ഞാൻ പദം കാണുന്നില്ല. മി. മേനവനോടുള്ള എൻെറ കടപ്പാടു വാക്കുകളാൽ രേഖപ്പെടുത്താവുന്നതുമല്ല. കാവ്യാത്മകമായ എന്തെങ്കിലും സിദ്ധി എനിക്കു കൈവന്നിട്ടുണ്ടെന്നു് മഹാജനങ്ങൾക്കു തോന്നുന്നുണ്ടെങ്കിൽ, ആ സിദ്ധിക്കടിസ്ഥാനം മി. മേനവൻെറ നിരന്തരപ്രോത്സാഹനംമാത്രമാണെന്നു ഞാൻ പ്രത്യേകിച്ചു പറയേണ്ടതില്ലല്ലൊ.

കോശേരിമാളികയിൽ, പറമ്പിൻെറ കിഴക്കെ അററത്തായി 'കളരി' എന്നു പറയുന്ന ഒരു കെട്ടാരവും, മാറൻകള

Digitized By Kerala Sahitya Akademi

ത്തിൻെറ കിഴക്കേക്കരയിലുള്ള 'കുളപ്പുരമാളിക'യുമായിരുന്നു ഞങ്ങളുടെ വിഹാരരംഗങ്ങൾ. മുൻപൊരിടത്തു പ്രതിപാദിച്ചിട്ടുള്ള പദ്യങ്ങളിൽ കാണുന്ന പേരുകാരെക്കൂടാതെ വേറെ ചിലരും ഞങ്ങളുടെ കളിസെററിൽ ഉണ്ടായിരുന്നു. അമ്പിയുടെ അനുജൻ 'അയ്യൻ,' ഒരു 'ബാലൻ', ഒരു 'കൃഷ്ണപ്പണിക്കർ', കുഞ്ഞിക്കുട്ടൻെറ അനുജത്തി 'രത്നം', ഭാഗിനേയി 'തങ്കം', 'കൃഷ്ണൻ' 'ശങ്കരനാരായണൻ' ഇങ്ങനെ സഹോദരന്മാരായ രണ്ടു നമ്പൂതിരിബാലന്മാർ, 'അമ്പലംവിഴുങ്ങി' എന്നു വിളിക്കപ്പെട്ടിരുന്ന ഒരു ചന്ദ്രശേഖരൻ നായർ, ഇങ്ങനെ പലരും............പായ്യപ്പിള്ളിശങ്കരപ്പിള്ള, ഉണ്ടവേലു തുടങ്ങിയവർക്കു കോശേരിമാളികയ്ക്കകത്തു പ്രവേശനമുണ്ടായിരുന്നില്ല.

പാത്താച്ചി രാമൻ, ഭാസ്കരൻ, കുഞ്ഞിക്കുട്ടൻ, രവിവർമ്മൻ ഞാൻ എന്നിവർമാത്രം ചിലപ്പോൾ കളരിയിലും കളപ്പുര മാളികയിലും ഒന്നിച്ചുകൂട്ടും. ആ സമ്മേളനം ഗൂഢമായിരിക്കും......

അന്നു ഞങ്ങൾക്കു ഒരു 'ബാലസമാജം' ഉണ്ടായിരുന്നു. സെക്രട്ടറി ഞാനാണു്. കുഞ്ഞിക്കുട്ടൻ ഖജാൻജി, കൃഷ്ണപ്പണിക്കർ പ്രസിഡൻറു്, കരുണാകരമേനവൻ രക്ഷാധികാരി. എല്ലാ ഞായറാഴ്ചയും പകൽ മൂന്നുമണിക്കു കളപ്പുരമാളികയിലെ ഒരു വലിയ മുറിയിൽവെച്ചു് സമ്മേളനം നിർവ്വഹിക്കപ്പെട്ടും. പദ്യപാരായണം, ഉപന്യാസപാരായണം, പ്രസംഗം, വാഗ്വാദം, അക്ഷരശ്ലോകമത്സരം ഇങ്ങനെ പല പരിപാടികളും സമ്മേളനത്തിൽ ഉണ്ടായിരിക്കും. സെക്രട്ടറിയുടെ ചുമതലയേറിയ ഭാരം ഞാൻ പ്രശംസാർഹമാംവിധം നിർവ്വഹിച്ചിട്ടുണ്ടു്.

ഒരു ഞായറാഴ്ച ഒരബദ്ധം പററി. മേടമാസക്കാലം. തീപോലുള്ള വെയിൽ. എന്നെ ഒരുനേരത്തും വീട്ടിൽ കാ

Digitized By Kerala Sahitya Akademi

ണാത്തതിനാൽ അമ്മ എപ്പോഴും വഴക്ക പറയാറുണ്ട്. അന്ന 'മിനിട്സ്' എഴുതേണ്ടിയിരുന്നതിനാൽ ഞാൻ പുറത്തെങ്ങും പോയില്ല. മദ്ധ്യാഹ്നത്തോടുകൂടി ആ കൃത്യം നിർവ്വഹിച്ചുകഴിഞ്ഞു. ഊണുകഴിഞ്ഞ ഉടൻ വെളിയിലേക്കിറങ്ങാമെന്നായിരുന്നു ഉദ്ദേശം. എന്നാൽ അമ്മ എന്നെ നല്ലപോലൊന്നു പററിച്ചു. സകല മുണ്ടുകളും എടുത്തു ഒരു മുറിയിലിട്ടു പൂട്ടി. ഞാൻ കൗപീനമാത്രധാരിയായി ഇരുന്നു ഭക്ഷണം കഴിക്കുകയാണ്. ഊണു കഴിഞ്ഞു വന്നപ്പോൾ എനിക്കുപററിയ അപകടം വെളിവായി. എൻെറ ഹൃദയം ആ ചൊരിവെയിലിൽ മുററത്തു നിൽക്കുന്ന തുളസിക്കുനുപോലെ വാടിപ്പോയി. മുണ്ടുതരാൻ പറഞ്ഞു് ഞാൻ കരച്ചിൽ തുടങ്ങി. അമ്മ എത്ര നിർബ്ബന്ധിച്ചിട്ടും വഴിപ്പെട്ടില്ല. "പുറത്തേയ്ക്കിറങ്ങിക്കൂടാ" എന്നു ഉഗ്രമായ ഒരു നിരോധനാജ്ഞ! എന്തു ചെയ്യും? സമയമങ്ങനെ പറന്നുപോകുന്നു. മണി രണ്ടുകഴിഞ്ഞു. ഞാൻ കുരങ്ങൻ ചത്ത കാക്കാലനെപ്പോലെ വിഷണ്ണനായിട്ടങ്ങനെ ഇരിക്കുകയാണ്. മുണ്ടുകിട്ടുകയില്ലെന്നുള്ള കാര്യം തീർച്ച! അമ്മ പതുക്കെ ഉറങ്ങിത്തുടങ്ങിയതിനോടുകൂടി ഞാൻ എഴുന്നേററു് ശബ്ദമുണ്ടാക്കാതെ, ഒരൊററ ഓട്ടം! പടിഞ്ഞാറെ വേലിയ്ക്കു ഒരു 'റാട്ട' (ദ്വാരം) ഉണ്ടു്. അതിൽക്കൂടി കടന്നു റോഡിൽക്കൂടി ഓടി ഒരുപ്രകാരത്തിൽ കിഴക്കുവശത്തുള്ള കുളപ്പുരമാളികയിൽ മിനിട്സ്ബുക്കുമായി ഞാൻ എത്തിച്ചേർന്നു. സദസ്യർ അക്ഷമരായി എന്നെ കാത്തിരിക്കുകയാണ്. എൻെറ കിതപ്പും, പാരവശ്യവും, അതിനെക്കാൾ കവിഞ്ഞും എൻെറ കൌപീനമാത്രാച്ഛാദിതമായ ആകാരവും അവരെ അല്പം അമ്പരപ്പിച്ചു. കാര്യം ഞാൻ വിശദപ്പെടുത്തി. രണ്ടാംമുണ്ടു് ആർക്കും ഉണ്ടായിരുന്നില്ല. അതിനാൽ തൽക്കാലത്തേയ്ക്കു എൻെറ നഗ്നത മറയ്ക്കുവാൻ എന്നെ സഹായിക്കുന്ന കാര്യത്തിൽ അവരും നിരാശരായി. എന്തിനു്, അന്നത്തെ സമ്മ

Digitized By Kerala Sahitya Akademi

ഉനത്തിൽ കൗപീനമാത്രധാരിയായി നിന്നുകൊണ്ട് കാര്യദർശി മിനിട്സ് വായിച്ചു എന്നു പറഞ്ഞാൽ മതി. പക്ഷെ പ്രസിഡണ്ട് എൻെറ കൃത്യബോധത്തെക്കുറിച്ചു വളരെ പ്രശംസിച്ചു പറയുകയുണ്ടായി.........

ഒരിക്കൽ ഞങ്ങളുടെ സമ്മേളനത്തിനു ആദ്ധ്യക്ഷം വഹിച്ചതു്, രസികരസായനം എന്ന സരസകാവ്യഗ്രന്ഥത്തിൻെറ കർത്താവായ ബ്രഹ്മശ്രീ പിലാക്കടി മധുസൂദനൻ ഭട്ടതിരിപ്പാടാണു് അന്നു 'പാറിപ്പോയ പൈങ്കിളി' എന്നൊരു കവിത ഞാൻ എഴുതി വായിക്കുകയുണ്ടായി. ഉപസംഹാര പ്രസംഗത്തിൽ അദ്ദേഹം എൻെറ കവിതാചാതുരിയെ കണക്കിലേറെ പ്രശംസിച്ചു. മറെറാരിക്കൽ ശ്രീ. ഇടപ്പള്ളി സി. നാരായണപിള്ള ബി. എ. ബി. എൽ. അദ്ധ്യക്ഷസ്ഥാനം അലങ്കരിക്കുകയും അന്നു് ''സാഹിതീസംഗീതം'' എന്നൊരു കവിത ഞാൻ എഴുതി വായിക്കുകയും ചെയ്തു. അന്നും എനിക്കു വലിയ അഭിനന്ദനങ്ങൾ ലഭിക്കുവാനുള്ള ഭാഗ്യമുണ്ടായി. ഈവക അഭിനന്ദനങ്ങളും സമ്മേളനങ്ങളും സാഹിത്യവിഷയകമായി എനിക്കു നവംനവങ്ങളായ പ്രചോദനങ്ങൾ നൽകിക്കൊണ്ടിരുന്നു. രണ്ടു വർഷത്തിനു ശേഷം മേൽ പ്രസ്താവിച്ച രണ്ടു പദ്യങ്ങളും, തിരുവിതാംകൂറിൽ കോട്ടയത്തുനിന്നു പുറപ്പെടുന്ന 'പ്രതിദിനം' എന്ന പത്രത്തിൽ പ്രസിദ്ധപ്പെടുത്തുകയുണ്ടായി എന്നുള്ളതും സാനന്ദം ഇവിടെ രേഖപ്പെടുത്തേണ്ടിയിരിക്കുന്നു.........

ഞാൻ ഇംഗ്ലീഷ്സ്കൂളിൽ പ്രിപ്പാറേട്ടറിക്ലാസ്സിൽ ചേന്ന കാലത്തു ശ്രീ. ഇടപ്പള്ളി രാഘവൻപിള്ള രണ്ടാംഫാറത്തിൽ പഠിക്കുകയാണു്. അദ്ദേഹം ഞങ്ങളെക്കാളെല്ലാം പ്രായക്കൂടുതലുള്ള ആളായിരുന്നതിനാൽ ഞങ്ങളുടെ സെറ്റിൽ ചേന്നിരുന്നില്ല. മാത്രമല്ല അങ്ങനെ ചേരുന്നതു അല്പം പോരായ്മയാണെന്നുപോലും ഭാവിച്ചുകൊണ്ടിരുന്നു. ഞങ്ങളെ വെറും 'മൈനറന്മാ'രാക്കി തള്ളിയിരുന്നു. എ

Digitized By Kerala Sahitya Akademi

ന്നാൽ അദ്ദേഹത്തിൻെറ ആ അത്ഥശൂന്യമായ അഹങ്കാര ഭാവത്തിനു് അല്പമൊരു മാററം നേരിട്ടതു് കരുണാകരമേനവനുമായിട്ടുള്ള സാഹചര്യത്തിലാണു്. രാഘവൻപിള്ള പതിവായി മി. മേനവനെ സന്ദശിച്ചുകൊണ്ടിരുന്നു. പഠനകാര്യത്തിൽ ദാരിദ്ര്യം പ്രതിബന്ധമായി നിന്നിരുന്നതിനാൽ ഉദാരമനസ്കനായ മേനവൻ ഇടപ്പള്ളിയെ കണക്കിലേറെ സഹായിച്ചിട്ടുണ്ടു്. ഞാനും ദരിദ്രനായിരുന്നു — എന്നല്ല രാഘവൻപിള്ളയെക്കാൾ ദരിദ്രനായിരുന്നു. രാഘവൻപിള്ളക്കു പിതാവുണ്ടു് — എക്സൈസു ഡിപ്പാർട്ടുമെൻറിൽ ഒരു ശിപായി. ശമ്പളം കുറവാണെങ്കിലും പുറമേ നല്ല ഒരു തുക വരവുണ്ടായിരുന്നു. പക്ഷെ ദുഷ്ടഹൃദയയായ ഇളയമ്മ (അച്ഛൻെറ രണ്ടാമത്തെ ഭാര്യ) രാഘവൻപിള്ളയെ കണക്കിലേറെ ഉപദ്രവിച്ചിരുന്നതായി എനിക്കറിയാം. രാഘവൻപിള്ളയെ സഹായിക്കുന്ന കാര്യത്തിൽ ഭർത്താവിനെ അവർ വിലക്കിയിരിക്കാം. എന്നിരുന്നാലും ആ മനുഷ്യൻ രാഘവൻപിള്ളയെ സഹായിച്ചുകൊണ്ടിരുന്നു. ഞാൻ ഒരിക്കലും ധനസംബന്ധമായ സഹായത്തിനു് മി: കരുണാകരമേനവനെ സമീപിച്ചിട്ടില്ല. ഇന്നിതുവരെ മി. മേനോൻ ഒരു പൈപോലും എനിക്കു നൽകിയിട്ടുമില്ല. എൻെറ ഏത്തശ്ശി ഇടപ്പള്ളിക്കൊട്ടാരത്തിലെ ഒരു 'വേലക്കാരി'യായിരുന്നു.

ഘോഷേരിമാളികയിൽ വന്നുതുടങ്ങിയതിനോടുകൂടി രാഘവൻപിള്ള എന്നോടു മിണ്ടിത്തുടങ്ങി. വെറും ലോഹ്യത്തിനുമാത്രം. പക്ഷെ ഞങ്ങളുടെ 'ബാലസമാജ'ത്തിൽ രാഘവൻപിള്ള പങ്കുകൊണ്ടിട്ടില്ല. മി. കരുണാകരമേനവൻെറ സെററിലായിരുന്നു അദ്ദേഹത്തിൻെറ വിഹാരം. ശ്രീമാന്മാരായ തട്ടായത്തു പരമേശ്വരപ്പണിക്കർ, ശ്രാമ്പിക്കൽ പത്മനാഭമേനവൻ, ബി. എസ്സ്. ശങ്കരൻനായർ, മേലത്തു അച്ചുതമേനവൻ, പി. എസ്സ്. ഗോപാലപിള്ള

Digitized By Kerala Sahitya Akademi

(മണിയൻ) പി. എം. അച്യുതവാരിയർ, താനത്ത കൃഷ്ണപി
ള്ള, നാകപ്പാടി കൃഷ്ണപിള്ള (നാകപ്പാടി നായകൻ) തുട
ങ്ങിയ സഹൃദയന്മാർ ഒത്തുചേൎന്നു ഒരു സമാജം നടത്തിക്കൊ
ണ്ടിരുന്നു. അതിലെ അംഗമായിരുന്നു രാഘവൻപിള്ള.
അതിനാൽ ഒരു പുച്ഛഭാവത്തിലാണ് രാഘവൻപിള്ള എ
ന്നെ വീക്ഷിച്ചിരുന്നതു്. ഇതെന്നെ വേദനിപ്പിച്ചു. ക്രമേണ
എനിക്ക് അദ്ദേഹത്തോട്ട് വെറുപ്പ് തോന്നിത്തുടങ്ങി.......
ആ വെറുപ്പ് രണ്ടുമൂന്നു കൊല്ലത്തേയ്ക്കു അങ്ങനെ വളൎന്നുവന്നു,
രണ്ടു വർഷത്തിലും പരീക്ഷയിൽ തോററതിനാൽ, സെ
ക്കൻറുഫാറത്തിൽ ഞാൻ ചെന്നപ്പോൾ രാഘവൻപിള്ള
അവിടെത്തന്നെ ഉണ്ടായിരുന്നു. അങ്ങിനെ ഞങ്ങൾ സതീ
ൎത്ഥ്യരായി. പക്ഷെ പരസ്പരമുള്ള 'ദ്വേഷം' ഒന്നുകൂടി വദ്ധി
ക്കുവാനേ ആ സതീൎത്ഥ്യബന്ധം ഉപകരിച്ചുള്ളു. 'കണ്ണട
നമ്പ്യാർ' എന്നു വിളിക്കുന്ന വയോധികനായ ഒരാളായിരു
ന്നു ഞങ്ങളുടെ ക്ലാസ്സിലെ ഗുരുനാഥൻ. അദ്ദേഹത്തിനു 'തു
ള്ളൽ' വലിയ ഇഷ്ടമാണ്. ഞാൻ ഭംഗിയായി തുള്ളൽക്ക
ഥകൾ വായിക്കും. രാഘവൻപിള്ളയും മധുരമായി കഥനം
ചൊല്ലുമെങ്കിലും എന്നോളം നന്നാവുകയില്ല. അതിനാൽ
മിക്കപ്പോഴും പാദ്യപുസ്തകങ്ങൾ സാറെന്നെക്കൊണ്ടാണു വാ
യിപ്പിക്കുക പതിവ്. ഇക്കാൎയ്യത്തിലും രാഘവൻപിള്ള
അസൂയാലുവായി; ഞാൻ അഹങ്കാരിയും. അങ്ങനെ അഹ
ങ്കാരവും അസൂയയുംതമ്മിലുള്ള ഒരു പോരാട്ടം ഞങ്ങൾ ത
മ്മിൽ ആരംഭിച്ചു. അതു് ഉച്ചാവസ്ഥയിലെത്തിയതു് 'പ
രീക്ഷ'യ്ക്കാണ്. മലയാളത്തിൽ എനിക്കു അൻപതിൽ മുപ്പ
ത്തിരണ്ടും, രാഘവൻപിള്ളക്കു ഇരുപത്തിയേഴും മാർക്കാണു
കിട്ടിയതു്. ക്ലാസ്സിൽ ഒന്നാമൻ ഞാനായിരുന്നു. ഈ വിധി
വൈപരീത്യം രാഘവൻപിള്ളയെ ഭ്രാന്തുപിടിപ്പിച്ചു. അ
ന്നു സ്കൂളിലുണ്ടായിരുന്ന 'ചട്ടമ്പി'കൾ രാഘവൻപിള്ളയുടെ
കൂട്ടുകാരാണ്. അവരെ സ്വാധീനത്തിലാക്കി അവരോടൊ
ന്നു ചേൎന്ന് രാഘവൻപിള്ള എന്നെ മൎമ്മഭേദകമാംവിധം

Digitized By Kerala Sahitya Akademi

പരിഹസിക്കാൻ തുടങ്ങി. എന്റെ മുത്തശ്ശി ഇടപ്പള്ളിമഠത്തിലെ വേലക്കാരിയാണെന്നു പറഞ്ഞിട്ടുണ്ടല്ലൊ. അക്കാരണത്താൽ അക്കാലത്തു കണക്കിലേറെ പരിഹാസശരങ്ങൾ എന്റെ ഹൃദയമർമ്മങ്ങളെ പിളർന്നിട്ടുണ്ടു്. ''എച്ചിൽ തീനി'' എന്നു പറഞ്ഞു അവർ—വിശേഷിച്ചും രാഘവൻ പിള്ള—എന്നെ എത്ര ദിവസം കരയിച്ചു! എന്റെ മുത്തശ്ശി അടിച്ചുതളിക്കാരിയായിരുന്നു എങ്കിലും, എന്റെ വീട്ടിലുള്ളവരെല്ലാം ഉച്ഛിഷ്ടം ഭുജിച്ചിട്ടുണ്ടെങ്കിലും, 'ആണായ' എനിക്കോ എന്റെ സഹോദരങ്ങൾക്കോ അവർ അതു നൽകുകയുണ്ടായിട്ടില്ല. ഞാൻ ഇന്നിതുവരെ ഉച്ഛിഷ്ടം ആഹരിച്ചിട്ടുമില്ല. പക്ഷെ അക്കാലത്തു എന്റെ പ്രതിയോഗികളോടു ആ പരമാത്ഥം പറഞ്ഞതുകൊണ്ടു് എന്തു പ്രയോജനം? ഞാൻ പലരോടും ആവലാതി പറഞ്ഞു. ഞാൻ ഉച്ഛിഷ്ടം ഭുജിക്കാറുണ്ടോ എന്നു എന്റെ വീട്ടിൽ ചെന്നു ചോദിക്കുവാനായി അവരോടു കേണപേക്ഷിച്ചു. കഷ്ടം! എന്തൊരു കഥയില്ലായ്മ! എന്തൊരു ദുരഭിമാനം! എന്നാലും അന്നു ഞാനതു ചെയ്തു. അവരുടെ കാൽ പിടിച്ചു യാചിച്ചു. ഒരു പ്രയോജനവുമുണ്ടായില്ല; എന്നു തന്നെയല്ല, അവരുടെ പരിഹാസവർഷം വദ്ധിക്കുകയാണു ചെയ്തതു്. അതിനും പുറമെ അന്നു് എന്നെപ്പരിഹസിച്ചു് രാഘവൻപിള്ള ചില കവിതകൾ എഴുതുകകൂടി ചെയ്തു. സ്കൂളിൽ വന്നാൽ, എന്റെ അടുത്തുവന്നു അവർ അതു് പാടിത്തുടങ്ങും. എനിക്കു ഭ്രാന്തുപിടിക്കും. ഒരിക്കൽ ഒരു വഴക്കുതന്നെ ഉണ്ടായി. രാഘവൻപിള്ള എന്റെ മുതുകത്തു് ഒരിടി. ഞാൻ ഹെഡ്മാസ്റ്ററോടു ചെന്നു പരാതിപ്പെട്ടു. അദ്ദേഹം കുററവാളികളെ കണക്കിനു ശിക്ഷിച്ചുവെങ്കിലും, അതുകൊണ്ടും അവരുടെ പരിഹാസത്തിനു യാതൊരു ശമനവും ഉണ്ടായില്ല. രാഘവൻപിള്ള രചിച്ചിട്ടുള്ള ആ പരി

Digitized By Kerala Sahitya Akademi

ഹാസ്യപ്പാട്ടുകൾ ഇന്നെനിക്കോർമ്മയില്ല. അങ്ങിങ്ങു ഓർമ്മയിൽ വരുന്നതു ചുവടെ ചേർക്കാം.

നന്നായവിലങ്ങെടുത്തു്—അതിൽ
മന്നാങ്ങാ കൊത്തിയങ്ങിട്ടു്,
ശർക്കര കൂട്ടിത്തിരുമ്മി—ത്തിന്നാൽ
സർക്കസ്സുകാരനായ്ത്തീരാം!

ഇതിൽ ഹാസ്യം കേന്ദ്രീകരിച്ചിട്ടുള്ളതു് "മന്നാങ്ങാ" എന്ന പദത്തിലാണു്. എന്നെ ചങ്ങനുഴ ബപ്പി എന്നു പരിഹാസമായി വിളിക്കാറുണ്ടെന്നു മുൻപു സൂചിപ്പിച്ചിട്ടുണ്ടല്ലോ. 'ചങ്ങനുഴ ബപ്പിമൂപ്പൻ'—'കുടുംബി'വർഗ്ഗത്തിൽപെട്ട ഒരുവനാണു്. അവരുടെ ഏററവും പ്രിയമുള്ള ഒരാഹാരപദാർത്ഥമത്രേ, മന്നങ്ങാ. (നല്ലപോലെ മൂപ്പെത്താത്ത നാളികേരം) അവരെ പരിഹാസമായി 'മന്നങ്ങാ' എന്നും 'മന്നങ്ങാ തീനികൾ' എന്നും വിളിക്കാറുണ്ടു്.

പച്ചക്കടലയ്ക്കു തിന്നാൽ — ആർക്കും
പാദ്യമെഴുതുവാനൊക്കും,
മെച്ചത്തിലുള്ളതായ്ത്തീരും കുറെ
ച്ചെച്ചിലുംകൂടിക്കഴിച്ചാൽ.

അടിച്ചുതളിക്കാരിയായ എന്റെ മുത്തശ്ശിയുടെ വലത്തെ തോളിൽ കടലയ്ക്കായുടെ മുഴുപ്പും ആകൃതിയും ഉള്ള 'ഒരെരിമ്പാറ' ഉണ്ടായിരുന്നു. അതുകാരണം അവരെ 'കടലയ്ക്കാ' എന്നു വിളിച്ചിരുന്നു. പിന്നീടു് ആ പരിഹാസനാമം വീട്ടിലെ മററംഗങ്ങളിലേയ്ക്കും പകരപ്പെട്ടു. 'പച്ചക്കടലയ്ക്കു' എന്ന കവിപ്രയോഗത്തിന്റെ സ്വാരസ്യം ഇതിൽനിന്നു വെളിപ്പെട്ടുവരുണ്ടല്ലോ. അനേക സംവത്സരങ്ങൾ കവിഞ്ഞു് എന്റെ ബാഷ്പാഞ്ജലി എന്ന ആദ്യത്തെ കാവ്യസമുച്ചയം

Digitized By Kerala Sahitya Akademi

പ്രസിദ്ധീകൃതമായപ്പോൾ അതിലെ പ്രഥമപദ്യത്തിൻെറ പ്രാരംഭമായ,

ആരുവാങ്ങുമിന്നാരുവാങ്ങുമീ–
യാരാമത്തിൻെറ രോമാഞ്ചം?

എന്ന ഈരടി പരിഹാസലോലുപനായ ഏതോ ഒരജ്ഞാത കവി

ആരുവാങ്ങുമിന്നാരുവാങ്ങുമി–
ന്നാറു കാശിൻെറ കടലപ്പൊ?

എന്നു രൂപാന്തരപ്പെടുത്തുകയും അതിനു എൻെറ ജന്മദേശത്തിൽ അത്ഭുതാവഹമായ പ്രചാരം സിദ്ധിക്കുകയും ചെയ്തു. ചില കുസൃതിക്കുട്ടികൾ എൻെറ വീടിൻെറ മുൻവശത്തെത്തുമ്പോൾ മേൽ പ്രസ്താവിച്ച 'പാരഡി' ഉറച്ചു ചൊല്ലിയിട്ട് ഓടിപ്പോകുന്നതു പലപ്പോഴും എൻെറ ദൃഷ്ടിയിൽ പെട്ടിട്ടുണ്ട്.

മി. രാഘവൻപിള്ള ഇങ്ങനെ ഒട്ടേറെ പദ്യങ്ങൾ എന്നെക്കുറിച്ചെഴുതിയിട്ടുണ്ടെങ്കിലും ഒന്നുപോലും എനിക്കു നിന്നോക്കാൻ സാധിക്കുന്നില്ല. പനിനീർപ്പൂപോലെ മൃദുലമായ എൻെറ ഹൃദയത്തെ അക്കാലത്തു ഏററവും വേദനിപ്പിച്ചിട്ടുള്ള വ്യക്തി അനശ്വര നാമധേയനായ ആ അനുഗൃഹീത കവിവര്യനാണ്. പക്ഷേ അക്കാരണത്താലായിരിക്കാം പിന്നീട് ഞങ്ങളുടെ ആത്മാക്കൾ അത്രമാത്രം ഒട്ടി അഭേദ്യമായ രീതിയിൽ ഒട്ടിപ്പിടിക്കുവാനിടയായതു്. ഞങ്ങളുടെ സൗഹാർദ്ദം ആരംഭിക്കപ്പെടുന്നതു് ഇനിയും വളരെ വഷങ്ങൾക്കുശേഷമാണ്. അതിനെക്കുറിച്ചു യഥാവസരം വിവരിച്ചുകൊള്ളാം.........

കുട്ടിക്കാലം മുതലേ ഞാൻ ഒരു സ്വപ്നവിഹാരിയായിരുന്നു. ക്ലാസുമുറിയിൽ ഇരിക്കുന്ന അവസരത്തിൽ ജാലക

Digitized By Kerala Sahitya Akademi

ദ്വാരത്തിൽക്കൂടി, അങ്ങകലെ കുണുങ്ങിക്കൊണ്ടുനിൽക്കുന്ന വൃക്ഷശിഖരങ്ങളേയും, അവയ്ക്കിടയിൽക്കൂടെ പ്രത്യക്ഷപ്പെടുന്ന നീലാംബരശകലങ്ങളേയും, സ്വപ്നസമാനം ഇഴഞ്ഞേറുന്ന മേഘമാലകളേയും കണ്ണിമയ്ക്കാതെ അങ്ങനെ നോക്കിക്കൊണ്ടിരിക്കുകയായിരുന്നു എന്റെ പതിവ്. ഗുരുനാഥൻ ചോദ്യം ചോദിച്ചാൽ ഞാൻ അറിയുകയില്ല. ''എന്തെടോ, ഉറങ്ങുകയാണോ?'' എന്നദ്ദേഹം പലപ്പോഴും കോപത്തോടെ എന്നോടു ചോദിക്കാറുണ്ട്. പ്രകൃതിക്കു എന്റെ മേൽ അത്ഭുതാവഹമായ സ്വാധീനശക്തി ഉണ്ടായിരുന്നു. പക്ഷികളോടായിരുന്നു എനിക്കേററവും ഇഷ്ടം. പുഷ്പങ്ങൾക്കു എന്നെ ലഹരിപിടിപ്പിക്കാൻ സാധിക്കുമായിരുന്നു. വീടിന്റെ മുൻവശത്തുള്ള വെള്ളമണലിൽ മലർന്നുകിടന്നു് നക്ഷത്രനിബിഡമായ ആകാശത്തെ ഉററുനോക്കിക്കൊണ്ടു് അനവധി മണിക്കൂറുകൾ ഞാൻ ആത്മവിസ്മൃതിയിൽ ലയിച്ചിട്ടുണ്ടു്. ചന്ദ്രികാചർച്ചിതങ്ങളായ നിശീഥിനികൾ എന്റെ ആത്മാവിനെ കോരിത്തരിപ്പിച്ചു. ഇങ്ങനെ, നന്നചെറുപ്പം മുതൽക്കുതന്നെ പ്രകൃതി പ്രതിഭാസങ്ങളിൽ നിർല്ലീനമായ സൗന്ദര്യം ഞാനറിയാതെ എന്നെ വശീകരിക്കുകയും അങ്ങനെ എന്റെ ആത്മാവു നിർവ്വാണാത്മകമായ ഒരു സ്വപ്നമേഖലയിൽ സ്വച്ഛന്ദവിഹാരം ചെയ്യുകയും പതിവായിരുന്നു. സൗന്ദര്യാസക്തിയിൽനിന്നും സംജാതമായ അന്നത്തെ ഹൃദയവികാരങ്ങൾ അതേപടി ഞാൻ അക്കാലത്തെ പദ്യശകലങ്ങളിൽ പകർത്തിയിട്ടുണ്ടു്. ഇന്നത്തെ കൃതികളെക്കാൾ ഞാൻ വിലമതിക്കുന്നതു്, ഇഷ്ടപ്പെടുന്നതു്, ആ ബാല്യകാലകൃതികളെയാണു്. പക്ഷേ അവ എനിക്കെന്നേന്നേയ്ക്കുമായി നഷ്ടപ്പെട്ടിരിക്കുന്നു.

ഈ സൗന്ദര്യാസക്തി എന്നെ പലപ്പോഴും അപഥത്തിലേയ്ക്കും നയിക്കാതിരുന്നിട്ടില്ല. സൗന്ദര്യമുള്ള ഏതു പെൺകുട്ടിയേയും ഞാൻ അന്ധിഷ്ടപ്പെട്ടു. അതെ, പത്തുവയസ്സു

Digitized By Kerala Sahitya Akademi

മാത്രം പ്രായമുള്ളപ്പോൾ, ഒരിക്കൽ എന്റെ വീട്ടിൽ ഒരു പെൺകുട്ടി വന്നു. അവൾ കഷ്ടിച്ചരനാഴിക അകലെയുള്ള 'മംഗലത്തുമനയ്ക്കൽ' നിന്നിരുന്ന ഒരു തുണക്കാരിപ്പെണ്ണാണ്. കാണാൻ കൗതുകമുള്ള ഒരു ചെറുപ്പക്കാരി—കഷ്ടിച്ച് പതിനാറുവയസ്സ് പ്രായംകാണും, ഞാനും ഉണ്ണവേലുവുംകൂടി വീട്ടിന്റെ പൂമുഖത്തു ഒരു കട്ടിലിന്മേൽ ഓരോന്നു സംസാരിച്ചുകൊണ്ടിരിക്കുകയായിരുന്നു. അവളെക്കണ്ടപ്പോൾ ഉണ്ണവേലുവിന്റെ മുഖം പെട്ടെന്നൊന്നു വികസിച്ചു. "എടോ. നമുക്ക കോളായി" ഉണ്ണവേലു പറയുകയാണ്. ഞാൻ കാര്യം ചോദിച്ചു. എല്ലാം അവൻ വിവരിച്ചുപറഞ്ഞു എന്തിനു, ഉണ്ണവേലുവിന്റെ വാക്കുകളിൽ ഞാൻ മയങ്ങിപ്പോയി. കുറച്ചുനേരം കഴിഞ്ഞു് പെൺകുട്ടി വീട്ടിൽനിന്നിറങ്ങി; പുറകെ ഞങ്ങളും. അന്നും ഞാൻ കൗപീനമാത്രധാരിയാണ്. മുണ്ടു് ആകത്താകയാൽ എടുക്കാൻ നിവൃത്തിയില്ല.

ഞങ്ങൾ പുറകിൽ ഒരു പത്തുവാര അകലത്തായി അവളെ അനുഗമിച്ചുതുടങ്ങി. ഇടക്കിടെ അവൾ തലതിരിച്ചു നോക്കും. എന്റെ ഹൃദയത്തിൽ ഒരു തരിതരിപ്പ്. അല്പമൊരു സംഭ്രമം. അതെല്ലാം അധ:കരിച്ചുകൊണ്ടു അനിർവാച്യമായ ഒരാനന്ദവും! ഹാ, ഉണ്ണവേലു ആൾ എന്തു വീരനാണ്!

ഏതാണ്ടു് മംഗലത്തുമന സമീപിക്കാറായി, പ്രധാന വഴിയിൽ ഒരിടുങ്ങിയ ഇടവഴിയുണ്ടു്. അവൾ അതിലേ തിരിഞ്ഞു. മദ്ധ്യാഹ്നം; ആ പ്രദേശമെല്ലാം കേവലം വിജനമാണ്. ഞങ്ങൾ അവളുടെ തൊട്ടടുത്തെത്തി. എന്റെ ഹൃദയം ശക്തിയായി മിടിച്ചുതുടങ്ങി.

"ദേ, പിന്നേയ്—ഒരു കാര്യമൊന്നുപറയാനുണ്ടല്ലോ." ഉണ്ണവേലു നയത്തിൽ ആരംഭിച്ചു. പെൺകുട്ടി തിരിഞ്ഞുനിന്നു; ഞങ്ങളും. അവളുടെ കണ്ണിൽനിന്നു് അഗ്നിജ്വാല

Digitized By Kerala Sahitya Akademi

കൾ പറക്കുന്നതായി ഞാൻ കണ്ടു. ഞാൻ കിടുകിടുത്തു പോയി.

''എന്താടാ കാര്യം, പട്ടി''—ഒരട്ടഹാസം!

ഈശ്വരാ, നിമിഷത്തിനുള്ളിൽ ഞാൻ അവിടെനിന്നും പറപറന്നു. എന്തോട്ടമായിരുന്നു എൻേറതു്! ഉണ്ടവേല്യ എവിടെ? പെണ്ണെവിടെ? എന്തുസംഭവിച്ചു? ആവോ? എൻെറ വീട്ടിൽ വന്നെത്തിയിട്ടേ എനിക്കു ശ്വാസം നേരെ വീണുള്ളു. അതുമാത്രമല്ല പിന്നീടും എനിക്കു വലിയ ഭയവും തോന്നി. അവൾ വീട്ടിൽവന്നു അതിനെക്കുറിച്ചു പ്രസ്താവിച്ചാലോ! കുറേ ദിവസത്തേയ്ക്കു എനിക്കു അതു തന്നെയായിരുന്നു ചിന്ത. ഏതാനും ദിവസങ്ങൾ കഴിഞ്ഞു് വീണ്ടും ആ പെണ്ണിൻെറ ആവിർഭാവം എൻെറ ഗൃഹത്തിലുണ്ടായി. ഞാൻ പേടിച്ചരണ്ടുകൊണ്ടു പൂമുഖത്തു ശ്വാസം വിടാതെ ഇരിക്കുകയാണു്. പക്ഷേ, ഭാഗ്യം, അവൾ ഒന്നും പറയുകയുണ്ടായില്ല...........

ഞങ്ങളുടെ ക്ലാസ്സിൽ '—അമ്മു' എന്ന പേരോടുകൂടി അതിസുന്ദരിയായ ഒരു പെൺകുട്ടി പഠിച്ചിരുന്നു. ആ പെൺകുട്ടിയോടു നിയന്ത്രണാതീതമായ ഒരഭിനിവേശം എനിക്കുണ്ടായി. ഇന്നും ആ ആശയുടെ നേർത്ത ഒരു നിഴൽപ്പാടു് എൻെറ ഹൃദയത്തിൻെറ നിഗൂഢതയിൽ അവശേഷിച്ചിട്ടില്ലേ എന്നു ഞാൻ സംശയിക്കുന്നു. ഇത്രമാത്രം സദൃത്തയും സുശീലയുമായ ഒരു യുവതി വേറെയുണ്ടെന്നു തോന്നുന്നില്ല. സദാ അവളെക്കുറിച്ചുള്ള ചിന്ത എന്നെ പീഡിപ്പിച്ചുകൊണ്ടിരുന്നു. അക്കാലത്തു ഒരു സതീർത്ഥ്യനിൽനിന്നും അത്ഭുതാവാഹമായ ഒരു വിജ്ഞാനശകലം എനിക്കു ലഭിക്കുകയുണ്ടായി. ചാലിക്കണ്ടങ്ങളിൽ കണ്ടുവരുന്ന ഒരു അട്ടയെ (നുലട്ട) പിടിച്ചെടുക്കുക; ഒരു ഇളയ അടയ്ക്കാ (പയ്ങ്ങാ) നടുവേ പൊളിച്ചു അട്ടയെ അതിനുള്ളിലാക്കു

Digitized By Kerala Sahitya Akademi

ക; അനന്തരം അതു അതിനുള്ളിൽനിന്നു രക്ഷപ്പെട്ടാതെ ചേൎത്തടച്ചു നൂൽകൊണ്ടു വരിഞ്ഞുകെട്ടി മൂന്നു മാസം പുകയത്തു വയ്ക്കുക; പിന്നീടെടുത്തു തോടുപൊളിച്ചു നോക്കുമ്പോൾ, അട്ടയും കഴമ്പും കൂടി ഉണങ്ങിച്ചേൎന്നിരിക്കുന്നുണ്ടാവും. അതെടുത്തു നല്ലപോലെ അമ്മിയിന്മേൽ അരച്ചു ശീലപ്പൊടിയാക്കുക. ആ പൊടിയെടുത്തു നെററിയിന്മേൽ ഒരു തിലകം ചാൎത്തിക്കൊണ്ടു ഏതെങ്കിലും സ്ത്രീയുടെ നേരെ നോക്കിയാൽ, അവൾ വ്യാമുഗ്ദ്ധയായി, തിലകധാരിയുടെ പിന്നാലെ പോരുന്നു! ഹാ! എന്തൊരത്ഭുതം! ആഭിചാരത്തിന്റെ അജയ്യപ്രഭാവം! ആ ജ്ഞാനവിചി എന്റെ ഹൃദയത്തെ എത്രമാത്രം ഇളക്കിമറിച്ചു എന്നു വൎണ്ണിക്കാവുന്നതല്ല. ചിരകാലമായി ഞാൻ യാതൊന്നിനുവേണ്ടി ഉഴറുന്നുവോ ആനിധി നിഷ്പ്രയാസം എന്റെ കൈവശം എത്തിച്ചേരുന്നു!

പിറെറ ദിവസം മുതൽ ഞാൻ അട്ടയെപ്പിടിക്കാനുള്ള ശ്രമമായി. സ്കൂളിനടുത്തുതന്നെ പോളക്കുളം എന്നൊരു കണ്ടമുണ്ടു്. നിറച്ചു ചേറും കുളത്താമരകളുമാണു്. അതിലിറങ്ങുന്ന കന്നുകാലികളുടെ കാലിന്മേൽ അമ്മിക്കുഴയുടെ വലിപ്പമുള്ള വലിയ വലിയ അട്ടകൾ കടിച്ചുതൂങ്ങിക്കിടക്കുന്നതു് ഞാൻ കണ്ടിട്ടുണ്ടു്. അവയെ എനിക്കു വലിയ അറപ്പും ഭയവുമായിരുന്നു. എന്നാൽ ആ അറപ്പും ഭയവുമെല്ലാം എന്റെ ഹൃദയത്തിൽനിന്നു മറഞ്ഞു നീങ്ങി. ഞാൻ ചേറിലിറങ്ങിനിന്നു. ഏറെനേരം നിന്നു കരയ്ക്കുകയറി ഉൽക്കണ്ഠയോടെ നോക്കി, കഷ്ടം. ആയില്ല. എന്നിന്നു പല ദിവസവും ഞാൻ എന്റെ പരിശ്രമം ആവൎത്തിച്ചു. സ്കൂളിൽ പോകാതെ ഒളിച്ചുപോന്നു ചേററിലിറങ്ങി നിൽക്കുക. ഒരു ദിവസം ഒരു വലിയ 'പോത്തനട്ട' കാലിൽ പിടികൂടി. പക്ഷേ, അതു കൊള്ളുകയില്ല. നൂലട്ടതന്നെ വേണം. കൈവശം ചുണ്ണാമ്പു കരുതിയിരിക്കണം; അട്ടയുടെ

Digitized By Kerala Sahitya Akademi

പിടിവിട്ടുവിക്കാൻ. മിക്കപ്പോഴും വലിയ അട്ടകൾ കാലിന്മേൽ പിടിക്കൂട്ടം. പക്ഷേ ചെറുതിനെ കിട്ടുകയില്ല. ദ്വേഷ്യവും നൈരാശ്യവും അക്ഷമയും കൂടിച്ചേൎന്ന ഒരു മിശ്രവികാരം എന്നെ കലികൊള്ളിച്ചിട്ടുണ്ടു്. ഒടുവിൽ—എന്റെ ഭാഗ്യമെന്നു പറയട്ടെ—ഒരു നൂലട്ടയും എന്റെ കാലിന്മേൽ കടന്നുപിടികൂടി, ആ ദൎശനത്തിൽ എനിക്കുണ്ടായ ആനന്ദം! ലുബ്ധന്നു നിധികിട്ടിയാൽപോലും അത്രത്തോളം ഒരാഹ്ലാദമുണ്ടാകുമെന്നു തോന്നുന്നില്ല. പണ്ഡിതനായ സതീൎത്ഥ്യന്റെ നിൎദ്ദേശാനുസാരം ആ അട്ടയെ ഞാൻ അടയ്ക്കയിലാക്കി വരിഞ്ഞുകെട്ടി, ആരും കാണാതെ, അടുക്കളയുടെ തട്ടിൻപുറത്തു ഒരു വാരിയിന്മേൽ തൂക്കിയിട്ടു. പിന്നത്തെ മൂന്നു മാസക്കാലമാണു് വാസ്തവത്തിൽ ഞാൻ വിഷമിച്ചതു്. ദിവസം മുന്നോട്ടു നീങ്ങുന്നില്ല..........

ഒടുവിൽ ആ സുദിനവും സമാഗതമായി. എന്റെ നിധി ഞാൻ പുറത്തെടുത്തു. വീട്ടിൽ ആരും കാണാതെ രഹസ്യമായി അതു പൊടിച്ചെടുത്തു ഒരു കൊച്ചു കുപ്പിക്കകത്താക്കി എന്റെ പെട്ടിയിൽ ഭദ്രമായി സൂക്ഷിച്ചു.

അന്നു് ഒരു പ്രദോഷദിവസമായിരുന്നു; ഞങ്ങൾ നിത്യവും വൈകുന്നേരം അമ്പലത്തിൽ പോകും. അന്നു ഞാൻ കൂട്ടുകാരെ കാത്തുനിന്നില്ല. എന്റെ മാന്ത്രികചൂൎണ്ണക്കുപ്പിയും എളിയിൽ വച്ചുകൊണ്ടു് ഞാൻ കാലേക്കൂട്ടി അമ്പലത്തിലേയ്ക്കു പുറപ്പെട്ടു. ഏറെനേരം എനിക്കവിടെ കാത്തുനില്ക്കേണ്ടിവന്നു. അതിനിടയിൽ കൂട്ടുകാർ പലരും വന്നു തൊഴുതിട്ടു പോയി. എന്നെ വിളിച്ചപ്പോൾ വഴിപാടുണ്ടെന്നും അതു വാങ്ങിച്ചശേഷം അത്താഴപ്പൂജ കഴിഞ്ഞേ മടങ്ങി വരാനൊക്കൂ എന്നും പറഞ്ഞു് ഞാനവരെ മടക്കി അയച്ചു. ചിലരെ മനസാ ശപിക്കകപോലും ചെയ്തു. ഞാൻ അക്ഷ

Digitized By Kerala Sahitya Akademi

മനായി നിൽക്കുകയാണ്. പലരും വരുന്നുണ്ട്, പോകുന്നുണ്ട്. പക്ഷെ അവൾമാത്രം വരുന്നില്ല!

ഒടുവിൽ, അവളും വന്നു. നേരം സന്ധ്യ സമീപിച്ചിരിക്കുന്നു. ഭാഗ്യം, അവൾ തനിച്ചാണ്! ഞാൻ മതിലിനപ്പുറത്തു ചെന്ന്, ആരും കാണാതെ കപ്പിയെടുത്ത്, നെററിയിൽ പെട്ടെന്നു കാണത്തക്കവിധത്തിൽ, ആ ചുണ്ണാമ്പുംകൊണ്ടു ഒരു വലിയ 'ഗോപി'—മുഴുത്ത ഗോപിക്കുറി—തൊട്ടിട്ടു തുടിക്കുന്ന ഹൃദയത്തോടും, ഒരു ഘാതകൻെറ സംഭ്രമപാരവശ്യത്തോടുംകൂടി ക്ഷേത്രമുററത്തേയ്ക്കു പ്രവേശിച്ചു. അവൾ പ്രദിക്ഷണം വെയ്ക്കുന്നു. ഞാൻ നേരെ വലതുഭാഗത്തുകൂടി അവൾക്കഭിമുഖമായിച്ചെന്നു. മിക്കവാറും ഞാൻ അർദ്ധപ്രജ്ഞനായിരുന്നു. അവളുടെ അടുത്തുചെന്ന് നെററി അവളുടെ നേക്കുയർത്തിപ്പിടിച്ചുകൊണ്ട് കണ്ണുംമിഴിച്ച് ഒരു മിനിട്ടങ്ങനെ നിലകൊണ്ടു, അവൾ പെട്ടെന്നു നിന്ന് അത്ഭുതാധീനയായി എന്നെ തുറിച്ചുനോക്കി. പററി. മന്ത്രശക്തി ഫലിച്ചതുതന്നെ! ഞാൻ സംശയിച്ചില്ല. തിരിഞ്ഞു വേഗത്തിൽ നടകൊണ്ടു. അവൾ എന്നെ അനുഗമിക്കുമെന്നുള്ളതു നിശ്ചയമല്ലേ. ഞാൻ നേരെ നടന്നു, അര ഫർലാംഗ് അകലത്തുള്ള പെൺപള്ളിക്കൂടത്തിൽ കടന്നു വരാന്തയിൽ ഇരിപ്പായി. അല്പാല്പം ഇരുട്ടു വ്യാപിച്ചുതുടങ്ങിയിരിക്കുന്നു. എൻെറ ഹൃദയസ്പന്ദനങ്ങൾ കാതിലങ്ങിനെ മുഴങ്ങുകയാണ്. അവൾ വരുമെന്നുള്ള കാര്യത്തിൽ എനിക്കു തർക്കമില്ലല്ലോ; മന്ത്രശക്തിയല്ലേ......എന്തിന്? ഒരു മണിക്കൂറോളം ഞാനവിടെ ഇരുന്നുകാണും......എൻെറ സ്പന്ദനങ്ങളുടെ തീവ്രത ക്ഷയിച്ചു. ഹൃദയത്തിൽ ഒരു മരവിപ്പുണ്ടായിത്തുടങ്ങി. മുഴുത്ത നിരാശ! ആരും വരുന്നില്ല......ഞാൻ ഗേററുകടന്നു വീണ്ടും ക്ഷേത്രത്തിൽ പോയി നോക്കി. അവളില്ല.........
പോയിക്കഴിഞ്ഞു! അവൾ വീട്ടുപററിയിട്ട് എത്രയോ നേരമായി! എനിക്കുണ്ടായ നിരാശയ്ക്കുറുതിയില്ല. അമ്പലത്തി

Digitized By Kerala Sahitya Akademi

ലേയ്ക്കുപോയ എന്നെ കാണായ്കയാൽ വീട്ടുകാർ പരിഭ്രമിച്ചിരിക്കുകയാണ്. ശ്ലാനചിത്തനായി മടങ്ങിയെത്തിയ എനിക്കു നേരം വൈകിയതിന്, അമ്മയുടെ അടുക്കൽനിന്നും കുറച്ചു അടികിട്ടി. പിറ്റെ ദിവസം ആ ജ്ഞാനശകലം എനിക്കു പ്രദാനം ചെയ്തു എന്നെ വഞ്ചിച്ച സതീർത്ഥ്യനെ എന്തെല്ലാമാണു ഞാൻ പറഞ്ഞതെന്നു എനിക്കോർമ്മയില്ല. എനിക്കയാളെ ചുട്ടുപൊടിക്കുവാനുള്ള കോപമുണ്ടായി. ഇന്നതോക്കുമ്പോൾ ഞാൻ ലജ്ജിച്ചു ചൂളിപ്പോകുന്നു!......ഏവംവിധങ്ങളായ ചില പരാക്രമങ്ങൾക്കു ഒരുങ്ങിപ്പുറപ്പെട്ടിട്ടുണ്ടെങ്കിലും മററു ചില കാര്യങ്ങളിൽ ഞാൻ മഹാഭീരുവായിരുന്നു. മലബാറിൽ മാപ്പിളലഹള ശക്തിയായി നടക്കുന്ന കാലമായിരുന്നു അതു്. മാപ്പിളമാർ പ്രവർത്തിക്കുന്ന 'ക്രൂര പ്രവൃത്തി'കളെക്കുറിച്ചു പലേ കഥകളും ഞാൻ കേൾക്കുവാനിടയായി. അവയെന്നെ ഭയചകിതനാക്കി. സ്കൂളിലേയ്ക്കോ മറേറാ പോകുമ്പോൾ ഒരു മുഹമ്മദീയനെ ദൂരെയെങ്ങാനും കണ്ടാൽ മതി, ഞാൻ തളർന്നുപോകും. പ്രാണരക്ഷാർത്ഥം അവരുടെ മുൻപിൽനിന്നു പലപ്പോഴും ഞാൻ പലായനം ചെയ്തിട്ടുണ്ടു്. ഏതൊരു മുഹമ്മദീയനായാലും വേണ്ടില്ല, കണ്ടുമുട്ടിയാൽ എൻെറ കഥ കഴിക്കുമെന്നായിരുന്നു വിചാരം. എൻെറ ഭവനത്തിൽനിന്നു ഒരു ഫർലാംഗ് അകലെ മൂന്നു പലവ്യഞ്ജനക്കടകൾ ഉണ്ടു്. അവയുടെ ഉടമസ്ഥന്മാർ മുഹമ്മദീയരായിരുന്നു. ഞങ്ങൾ ദരിദ്രരായിരുന്നതിനാൽ വീട്ടാവശ്യങ്ങൾക്കുള്ള വ്യഞ്ജനാദിപദാർത്ഥങ്ങൾ മിക്കവാറും അന്നന്നു വാങ്ങുകയായിരുന്നു പതിവു്. അവ വാങ്ങിക്കൊണ്ടുവരുവാനുള്ള ചുമതല എനിക്കാണു്. അനുജന്മാർ തൊട്ടിലിൽ കിടക്കുന്ന കുഞ്ഞുങ്ങളായിരുന്നതിനാൽ, ആ കൃത്യം നിർവ്വഹിക്കാൻ ഭവനത്തിൽ മററാരുമില്ല. എന്തെങ്കിലും സാമാനം വാങ്ങുവാനായി പണം തന്നയച്ചാൽ മേൽ പ്രസ്താവിച്ച മുഹമ്മദീയരുടെ കടകളിൽ പോ

Digitized By Kerala Sahitya Akademi

കാതെ, മറെറാരു ഭാഗത്തു്, ഏതാണ്ടൊരു മൈലകലെയുള്ള ഒരു നായരുടെ കടയിൽ ചെന്നു വാങ്ങുകയായിരുന്നു ഞാൻ ചെയ്തിരുന്നതു്. വീട്ടിലുള്ളവർ ഇതറിഞ്ഞിരുന്നില്ല. നേരം വൈകാതിരിപ്പാനായി വിദൂരസ്ഥമായ ഈ പീടികയിലേയ്ക്കു അതിവേഗത്തിൽ ഞാൻ കുതിച്ചുപായും. പക്ഷെ വഴിക്കു വെച്ചു ഏതെങ്കിലുമൊരു മുഹമ്മദീയനെ കണ്ടു എന്നു വന്നേക്കാം. അവരെ എവിടെയെങ്കിലും കാണുന്നുണ്ടോ എന്നാണു് വഴിയിൽ ഇറങ്ങിയാൽ എൻെറ ശ്രദ്ധ മുഴുവൻ. കണ്ടാൽ ഏതെങ്കിലും വീട്ടിലേയ്ക്കു കയറി ഞാൻ ഒളിച്ചിരിക്കും. ഇങ്ങനെ അക്കാലത്തു ഞാൻ അനുഭവിച്ചിട്ടുള്ള ഭയജന്യമായ ജീവിതം ചില്ലറയൊന്നുമല്ല.

ഈ നാരകീയയാതന ഒരു ദിവസം അതിൻെറ പരമകാഷ്ഠയിലെത്തി. ഒരു ദിവസം എനിക്കു ഒരു സാമാനത്തിനായി മേൽവിവരിച്ചിട്ടുള്ള മുഹമ്മദീയരിൽ ഒരാളുടെ കടയിൽ പോകാതെ തരമില്ല എന്നു വന്നുകൂടി. നായരുടെ കടയിൽ ആ പദാൎത്ഥം കിട്ടിയില്ല. വീട്ടിൽ അതു അത്യാവശ്യവുമാണു്. മുഹമ്മദീയരുടെ കടയിൽ അതുണ്ടെന്നു തെളിവുമുണ്ടു്. അതിനാൽ കളവുപറയാനും നിവൃത്തിയില്ല. ഈ സന്ദൎഭങ്ങളിൽ വഴിക്കെവിടെയെങ്കിലും കുറേനേരം നിന്നിട്ടു് സാമാനം കിട്ടിയില്ലെന്നു മടങ്ങിവന്നു കളവുപറയുകയായിരുന്നു എൻെറ പതിവു്. അന്നു് അതൊന്നും നിവൃത്തിയില്ലാതായി. പേടിച്ചരണ്ടു് തീവ്രമായി സ്പന്ദിക്കുന്ന ഒരു ഹൃദയത്തോടെ അവരിൽ ഏററവും ശാന്തനെന്നു എനിക്കു തോന്നിയ ഒരു മുഹമ്മദീയൻെറ കടയിലേയ്ക്കു ഞാൻ സംശയിച്ചു സംശയിച്ചു കയറി. ഗദ്ഗദസ്വരത്തിലാണു് ഞാൻ സാധനം ആവശ്യപ്പെട്ടതു്. പാവം, വ്യാപാരി! അയാളുണ്ടോ എൻെറ ഹൃദയത്തിലെ കോളിളക്കം അറിയുന്നു!

തൊട്ടടുത്തു വേറൊരു കടയുണ്ടു്. മീതിയൻമാപ്പിള്ള എന്ന ഒരു വൃദ്ധ മുഹമ്മദീയനാണു് വ്യാപാരി. ചായക്കട

Digitized By Kerala Sahitya Akademi

യും പലവ്യഞ്ജനക്കടയും ഒന്നിച്ചുചേൎന്നിട്ടുള്ള ഒരു കടയാണതു്, ആ വൃദ്ധവ്യാപാരി ആൾ ഒരു തമാശക്കാരനാണ്. ആരെങ്കിലും അതിലേ കടന്നുപോകുമ്പോൾ അയാൾ പെട്ടെന്നൊരു ശബ്ദം പുറപ്പെടുവിക്കും. സഞ്ചാരി മിക്കപ്പോഴും ഞെട്ടിപ്പോവുക സ്വാഭാവികമാണല്ലോ. അതുകണ്ടു് അയാളും, ചുററുമുള്ള കടക്കാരും, അവിടെ കൂടിയിരിക്കുന്ന ജനങ്ങളും പൊട്ടിച്ചിരിക്കും. അയാൾ പലപ്പോഴും പ്രവൎത്തിച്ചു രസിക്കാറുള്ള ഒരു ചപലവിനോദമാണതു്.

അന്നു്, എന്റെ കഷ്ടകാലത്തിനു ഞാനാണയാൾക്കിരയായതു്. പോരെങ്കിൽ എന്താണ്ടൊരു വാൾപോലെ നീണ്ട ഒരു കത്തികൊണ്ടു അയാൾ ഒരു ചക്കപ്പഴം മുറിച്ചുകൊണ്ടു് പീടികയുടെ മുൻപിലുള്ള ചെറിയ പന്തലിൽ—റോഡുവക്കിൽ—അങ്ങിനെ നിൽക്കുകയാണു്. ആ സ്ഥലത്തുനിന്നു എങ്ങനെയെങ്കിലും രക്ഷപ്പെട്ടു കിട്ടിയാൽ മതിയെന്ന ഏക പ്രാൎത്ഥനയോടെ ആവേശപൂൎവ്വം ഞാൻ കടന്നുപോകുമ്പോൾ അയാൾ ''ദേദേദേദേ'' എന്നാൎത്തുകൊണ്ടു് ആ നീണ്ട കത്തിയും കൈയിൽ പിടിച്ചു് ഒരു നൃത്തം. ഈശ്വരാ, എനിക്കുണ്ടായ നട്ടക്കം! തല തിരിച്ചു നോക്കിയപ്പോഴുണ്ടു്, അയാളുടെ കയ്യിൽ ആ നീണ്ട കത്തി!! ''അയ്യോ'' എന്നുറക്കെ നിലവിളിച്ചുകൊണ്ടു് ഞാൻ ഒരോട്ടമോടി. തൊട്ടടുത്തു് ഒരു ഭഗവതിക്ഷേത്രമുണ്ടു്. ഞാൻ ഓടിച്ചെന്നു അമ്പലത്തിൽ കയറി—നേരെ ശ്രീകോവിലിനകത്തേയ്ക്കു്. ''രാഹു'' എന്ന ഒരെമ്പ്രാന്തിരിയാണു് പൂജകൻ. അദ്ദേഹം ചാടി പുറത്തേയ്ക്കിറങ്ങി എന്നെ കൈയ്ക്കു പിടിച്ചു താഴേക്കിറക്കി നിറുത്തി. ഞാൻ കിലുകിലാ വിറയ്ക്കുകയാണു്. ശരീരത്തിലുള്ള രക്തം മുഴുവൻ എന്റെ മുഖത്തെ മാംസപേശികളിൽ തുളുമ്പിക്കൂടിയിട്ടുണ്ടു്. ഞാൻ ഏങ്ങലടിച്ചു കരയാൻതുടങ്ങി. അദ്ദേഹം കാരണം തിരക്കി. എനിക്കു ശബ്ദം പുറത്തുവരുന്നില്ല. ഏറെനേരംകൊണ്ടു ശിഥിലാക്ഷരങ്ങളിൽ ഒരുവിധ

Digitized By Kerala Sahitya Akademi

ത്തിൽ ഞാൻ അദ്ദേഹത്തെ വിവരം ധരിപ്പിച്ചു—"മീതിയൻമാപ്പിള എന്നെ വാളുകൊണ്ടു വെട്ടാൻവന്നു." എന്നാണു ഞാൻ പറഞ്ഞതു്. "പേടിക്കേണ്ട ഇവിടെ നിൽക്കൂ." എന്നു പറഞ്ഞിട്ടു് അദ്ദേഹം വെളിയിലേക്കിറങ്ങി. അയാളോടു ചെന്നു വിവരം ചോദിച്ചു. അപ്പോഴാണു് ആ വൃദ്ധനു് അയാൾ ഒട്ടും മനഃപൂർവ്വമല്ലാതെ ചെയ്ത ആ വിനോദത്തിന്റെ ആപൽക്കരമായ ഫലം ബോധപ്പെട്ടതു്......... എമ്പ്രാന്തിരി തിരികെ വന്നു എന്നെക്കൂട്ടി വീട്ടിൽകൊണ്ടു വന്നാക്കി. മീതിയൻമാപ്പിള ഓടി വീട്ടിൽ വന്നു. കുറെ പഴവും റൊട്ടിയും പഞ്ചസാരയുമെല്ലാം കൊണ്ടു വന്നിട്ടുണ്ടായിരുന്നു. ഞാൻ അപ്പോഴും തേങ്ങിത്തേങ്ങിക്കരയുകയാണു്. വീട്ടിലുള്ളവരെല്ലാം പരിഭ്രമിച്ചുവശായി. കാര്യമെല്ലാം വിശദീകരിക്കപ്പെട്ടു. എന്റെ വീട്ടിലുള്ളവർപോലും ചിരിച്ചുപോയി. മീതിയൻമാപ്പിള എന്റെ അടുത്തുവന്നു വാത്സല്യപൂർവ്വം "കുട്ടാ" എന്നു വിളിച്ചുകൊണ്ടു് എന്നെ ആശ്വസിപ്പിച്ചു. ഞാനിത്ര മണ്ടനാണോ എന്നു ചോദിച്ചു എന്നെപ്പരിഹസിച്ചു. പഴവും മററും എന്റെ കയ്യിൽത്തന്നെ തന്നു. അങ്ങനെ എനിക്കല്പം ആശ്വാസം ലഭിച്ചു.

പ്രിപ്പാറട്ടറി ക്ലാസ്സിൽ പഠിച്ചുകൊണ്ടിരുന്ന കാലത്തു ആപൽക്കരമായ ഒരു വിഡ്ഢിത്തം ഞാൻ പ്രവർത്തിക്കുകയുണ്ടായി. നന്നെ കുട്ടിക്കാലംമുതലേ ഞാൻ മഹാകുസൃതിയായിരുന്നു. ഒരു മിനിററു വെറുതെയിരിക്കുകയില്ല. മരത്തിൽക്കയററമാണു് പ്രധാന തൊഴിൽ. ശരീരത്തിൽ ഒരു മുറിവോ, ചതവോ പററാത്ത ഒരൊററ ദിവസംപോലും എനിക്കോർമ്മയില്ല. ഞങ്ങളുടെ സ്കൂളിനു തെക്കുവശത്തായി ഒഴിഞ്ഞുകിടന്നിരുന്ന ഒരു പറമ്പുണ്ടു്. അതിൽ നന്നെ വണ്ണം കുറഞ്ഞു് ധാരാളം പൊക്കമുള്ള ഒരു 'അരണമരം' നിൽപ്പുണ്ടു്. കാലത്തും ഉച്ചക്കും സ്കൂളിൽ മണിയടിക്കുന്നതുവരെ കുട്ടികൾ അവിടെക്കൂടി ആ മരത്തിന്മേൽ കയറിക്കളിക്കുക

Digitized By Kerala Sahitya Akademi

പതിവാണ്. ഒന്നിനു പുറകെ ഒന്നായി അഞ്ചാറു കുട്ടികൾ ആ മരത്തിന്മേൽ പിടിച്ചുകയറും. മുകളിൽ ചെല്ലുമ്പോൾ മാത്രമേ ശിഖരങ്ങളുള്ളൂ; അതുവരെ ഒററത്തടിയായി ആ വൃക്ഷം വളരുന്നു. കുട്ടികൾ വൃക്ഷാഗ്രത്തിലെത്തുമ്പോഴേയ്ക്കും ക്രമേണ അതു വളഞ്ഞു വളഞ്ഞു ഒടുവിൽ ഘനംകൊണ്ട് അതിൻെറ ശിഖരങ്ങൾ നിലത്തുവന്നു മുട്ടും. കുട്ടികൾ ഇറങ്ങിപ്പോരും. വീണ്ടും കയറും; വൃക്ഷം തലകുനിക്കും; കുട്ടികൾ നിർബ്ബാധം ഇറങ്ങിപ്പോരും. ഇങ്ങനെയെല്ലാമായാലും ആ വൃക്ഷം ഒടിയുകയില്ല. അതു് ആ വൃക്ഷത്തിൻെറ ഒരു സ്വഭാവമാണ്. കുട്ടികളുടെ ഈ വിനോദം എന്നെ വളരെ ആകർഷിച്ചു. എനിക്കും അതിൽ പങ്കുകൊള്ളുവാൻ തോന്നി. പക്ഷെ തേഡ്ഫാറത്തിൽ പഠിക്കുന്ന മുതിർന്ന കുട്ടികൾമാത്രമേ അതിൽ പങ്കെടുത്തിരുന്നുള്ളൂ. ഞാൻ തീരെ കൊച്ചുകുട്ടിയായിരുന്നതിനാൽ അവരെന്നെ 'കണ്ണിൽ പിടിച്ചില്ല!' എൻെറ അഭ്യർത്ഥനകൾ അവർ സ്വീകരിച്ചില്ല. ഇങ്ങനെ നിത്യവും അതിൻെറ ചുവട്ടിൽ ചെന്നു്, അവരനുഭവിക്കുന്ന സ്വർഗ്ഗീയനിർവൃതി അസൂയയോടെ ഉററുനോക്കി നിന്നുകൊണ്ടു് മണിയടിക്കുമ്പോൾ നിരാശയോടെ മടങ്ങിപ്പോരികയാണു പതിവു്. ആ സെററിലെ ഒരു പ്രമാണിയായ 'കൊച്ചുണ്ണി'യ്ക്കു ഇക്കാര്യത്തിലേയ്ക്കായി മൂന്നു പൈസയുടെ മിഠായി വാങ്ങി കൈക്കൂലി കൊടുക്കുകപോലും ഞാൻ ചെയ്തിട്ടുണ്ടു്. വീട്ടിൽനിന്നു് സാമാനങ്ങൾ വാങ്ങാൻ അയച്ച സംഖ്യയിൽനിന്നു കട്ടെടുത്താണു് ഞാൻ ആ കാലണത്തുട്ടുകൾ സമ്പാദിച്ചതു്. എന്നാൽ ആ പ്രമാണി കൈക്കൂലി വാങ്ങി അനുഭവിച്ചുവെങ്കിലും എന്നെ വഞ്ചിക്കുകയാണു് ചെയ്തതു്. മിഠായി തിന്നുകഴിഞ്ഞപ്പോൾ ഇഷ്ടൻെറ മട്ടൊക്കെ മാറി. അതുവരെ സ്നേഹത്തിലും ലോഹ്യത്തിലും എന്നോടു പെരുമാറിക്കൂടിയ ആ കപടതന്ത്രജ്ഞൻ, പെട്ടെന്നു ഗൗരവം ഭാവിച്ചുകൊണ്ടു പുച്ഛരസത്തിൽ, "പോടാ, പി

Digitized By Kerala Sahitya Akademi

ള്ളരു കേറിയാൽ വിഴും......ഞങ്ങൾക്കു ചത്താൽ സാക്ഷി പറയാൻ ഒക്കില്ല." എന്നിങ്ങനെ പറഞ്ഞൊഴിഞ്ഞു. അന്നു എനിക്കൊരു വാശിതോന്നി. എങ്ങിനെയെങ്കിലും എന്റെ ആശ സാധിച്ചേ അടങ്ങു എന്നു ഞാൻ ആന്തരാശപഥം ചെയ്തു.

ഞാൻ ക്ലാസ്സിലെ 'മോണിട്ട'റാണ്. രാവിലെ രണ്ടാമത്തെ പീരിഡ്—ഡ്രായിംഗ്. ഡ്രായിംഗ്മാസ്റ്റർ പാറപിടിച്ച ഒരു അയ്യങ്കാർസ്വാമിയായിരുന്നു. ആ സാധു മനുഷ്യനെ കുട്ടികളെല്ലാവരുമിട്ടു കരങ്ങുകളിപ്പിക്കും. പരിഹസിച്ച് "ഈപ്പൻ" എന്നാണ് അദ്ദേഹത്തെ വിളിക്കുക. ഞാൻ അദ്ദേഹത്തെ വളരെ ചുരുക്കം സന്ദർഭങ്ങളിലേ കളിപ്പിച്ചിട്ടുള്ളു. പോരെങ്കിൽ ഒരിക്കൽ കടയിൽനിന്നു മണ്ണെണ്ണ കൊണ്ടുവന്ന ഒരു വലിയ പാട്ട (ഒഴിഞ്ഞതു്) അദ്ദേഹം പറഞ്ഞതനുസരിച്ച്, ചുമന്നുകൊണ്ടുപോയി അര നാഴികയ്ക്കു മേൽ അകലമുള്ള അങ്ങാടിയിൽ, ഉദ്ദിഷ്ടസ്ഥാനത്തെത്തിച്ചുകൊടുത്തിട്ടുണ്ട്. അക്കാരണങ്ങളാൽ സാറിനു് എന്നോടല്പം പ്രീതിയുണ്ടായിരുന്നു. പെട്ടിതുറന്നു ഡ്രായിംഗ്പുസ്തകങ്ങൾ എല്ലാമെടുത്തു ഉടമസ്ഥരായ വിദ്യാർത്ഥികൾക്കു വിതരണം ചെയ്യേണ്ട ഭാരം മോണിട്ടർക്കാണ്. ചുമതലയുള്ള ആ ജോലി യഥാവിധി നിർവ്വഹിച്ചശേഷം ഞാൻ ഗുരുനാഥന്റെ സമീപം ചെന്നു് "ഒന്നു പുറത്തുപോണം, സാർ" എന്നു പറഞ്ഞു. സാധാരണയായി നിശ്ചിതസമയങ്ങളിലല്ലാതെ ക്ലാസ്സിൽനിന്നു കുട്ടികളെ വെളിക്കു വിടാറില്ല.

"ഉം...എളുപ്പം പോയിട്ടുവാടോ" എന്നു ഉദാരനായ ഗുരുനാഥൻ അനുമതിനൽകി.

ഞാൻ സന്തോഷപൂർവ്വം വെളിയിൽ ചാടി. നേരേ വെച്ചടിച്ചതു് സഹനശക്തി സാമാന്യത്തിലധികം പ്രദർശി

Digitized By Kerala Sahitya Akademi

പ്പിക്കാറുള്ള ആശ്രമശ്രേഷ്ഠൻെറ സമീപത്തേയ്ക്കാണ്. മുണ്ടു മുറുക്കിഞാറുടുത്തു, തയ്യാറെടുത്തുകൊണ്ട്. അദ്ദേഹത്തെ ഞാൻ ആക്രമിക്കാൻ ഒരുമ്പെട്ടു. ഒററത്തടിയായി വളരുന്ന വൃക്ഷങ്ങളിലെ ആരോഹണം എനിക്കു അപ്രാപ്യമാണെന്നു മുൻപുതന്നെ സൂചിപ്പിച്ചിട്ടുണ്ടല്ലോ. ആദ്യമൊന്നും ശരിപ്പെട്ടില്ല. പക്ഷേ ഞാൻ ഒരു കൊച്ചു "റോബർട്ടുബ്രൂസാ"യിരുന്നു. വളരെ നേരത്തെ ശ്രമത്തിനുശേഷം, ഒരു വിധത്തിൽ തപ്പിപ്പിടിച്ച് ഞാൻ മരത്തിൻെറ മുകളിലെത്തി എന്നു പറഞ്ഞാൽ മതിയല്ലോ. തോളുകളും മാർത്തടവും നല്ലപോലെ പോറിയിട്ടുണ്ട്. ചില ദിക്കിൽ തൊലിപോലും കുറേശ്ശെ ചീന്തിയിട്ടുണ്ട്. രക്തവും വരുന്നു. എന്തായാലും വൃക്ഷാഗ്രത്തിലെത്തി. ശിഖരങ്ങളിൽ പിടികിട്ടിയപ്പോൾ എനിക്കു സമാധാനമായി. വൃക്ഷാഗ്രം അതിനിടയിൽ കുറെ വളഞ്ഞുകഴിഞ്ഞിരിക്കുന്നു. ആയാസംമൂലം പരവശനായിരുന്ന ഞാൻ തെല്ലുനേരം വൃക്ഷാഗ്രത്തിൽ പിടിച്ചിരുന്നു വിശ്രമിച്ചു. അനന്തരം, മററുകുട്ടികൾ പ്രവർത്തിച്ചുകണ്ടിട്ടുള്ളതുപോലെ, ഞാനും ഒരു ശാഖയിൽ കൈരണ്ടും മുറുക്കിപ്പിടിച്ചുകൊണ്ടു് കാൽവിട്ടു്, അങ്ങനെ തൂങ്ങിക്കിടന്നു. വൃക്ഷാഗ്രം നിലത്തുചെന്നു മുട്ടുമെന്നായിരുന്നു എൻെറ വിശ്വാസം. അഥവാ മുട്ടുകയില്ലെന്ന സംശയംതന്നെ എൻെറ മനസ്സിൽ തിങ്ങിയിട്ടില്ല. പക്ഷേ അനുഭവം എനിക്കു പ്രതികൂലമായിപ്പരിണമിച്ചു. മരം കുറച്ചുകൂടി വളഞ്ഞെതല്ലാതെ അഗ്രം നിലത്തു മുട്ടിയില്ല. അഞ്ചാറുപേർ ഒരുമിച്ചു കയറിയാൽ മാത്രമേ, അതു സംഭവിക്കൂ എന്നു ചിന്തിക്കുവാനുള്ള ബുദ്ധിശക്തി അന്നെനിക്കില്ലായിരുന്നു. അങ്ങനെ ഒരുരണ്ടാൾ പൊക്കത്തിൽ. ഞാൻ തൂങ്ങിക്കിടന്നു പിടയ്ക്കുകയാണ്. കാൽ വളച്ച് വീണ്ടും ശിഖരത്തിൽ ഉറപ്പിച്ച്, മുൻപു ശ്രമിച്ചിരുന്നപോലെ നിലയുറപ്പിക്കുവാനായിരുന്നു എൻെറ പിന്നത്തെ ശ്രമം. സാധിക്കുന്നില്ല—ആ പരാക്രമത്തോലാ

ഫലങ്ങൾക്കിടയിൽ തററഴിഞ്ഞു വസ്ത്രം നിലത്തുവീണു. കൗപീനമാണെങ്കിൽ, വാലും തലയും പൃഷ്ഠഭാഗത്തിൽത്തന്നെ തൊന്നുകിടന്നാടുകയാണ്. ഷർട്ടിന്റെ പുരോഭാഗത്തിന്നാകട്ടെ ശപ്തമായ ആ നഗ്നതയെ ഗോപനം ചെയ്യത്തക്ക ഇറക്കവും ഇല്ലായിരുന്നു. കൈവിട്ടാൽ 'ചാച്ചക്കോ' എന്നു നിലത്തുവീഴും—എന്റെ കാലും നട്ടവും ഒടിഞ്ഞു പോകും. ഭയംകൊണ്ടു ഞാനരണ്ടുപോയി. ഗത്യന്തരമില്ല. 'അയ്യോ' എന്നുറക്കെ നിലവിളിക്കാൻ തുടങ്ങി. സ്കൂളിലുള്ളവർ നിലവളികേട്ട ജനൽവാതിലിൽക്കൂടി നോക്കിയപ്പോൾ ഞാൻ വൌവ്വാലിനെപ്പോലെ (തലകീഴായല്ലെങ്കിലും) തൂങ്ങിക്കിടന്നു പിടയ്ക്കുകയാണ്. തേഡ്ഫാറത്തിലെ കുട്ടികളെ പുറത്തേയ്ക്കുവിട്ടു. ഹെഡ്മാസ്റ്ററും മററു വാദ്ധ്യാന്മാരും ഓടിവന്നു; നിലവിളികേട്ട ചുററുപാടുമുള്ള ജനങ്ങളും! മററു ക്ലാസ്സുകളിലെ കുട്ടികൾ വാതിലുകളിലും, ജനലുകളിലുമങ്ങനെ തിങ്ങിക്കൂടി നിൽക്കുകയാണ്. സതീർത്ഥ്യരും ഗുരുനാഥന്മാരുമെത്തിയപ്പോൾ ആപൽഭയത്തിന്റെ സ്ഥാനം ശിക്ഷാഭയത്തിനും ലജ്ജയ്ക്കുമായി വഴിമാറിക്കൊടുത്തു. കുട്ടികളോടു സാമധാനത്തിൽ വൃക്ഷത്തിന്മേൽ കയറുവാൻ പ്രധാനാദ്ധ്യാപകൻ ആജ്ഞാപിച്ചു. കേൾക്കേണ്ടതാമസം! അവക്കെന്തൊരുല്ലാസമായിരുന്നു! കൈക്കൂലിവാങ്ങി എന്നെ കബളിപ്പിച്ച 'കൊച്ചുണ്ണി' തുടങ്ങിയ നാലഞ്ചു പ്രമാണികൾ, മല്ലയുദ്ധത്തിനു പോകുന്ന യോദ്ധാക്കളുടെ ഭാവത്തിൽ വൃക്ഷത്തിന്മേൽ പിടിച്ചുകയറി. ക്രമേണ വൃക്ഷാഗ്രം താണു: നിലത്തുമുട്ടി. അങ്ങനെ ഞാൻ രക്ഷിക്കപ്പെട്ടു......പക്ഷേ എനിക്കുണ്ടായ ലജ്ജ! വിശേഷിച്ചും പെൺകുട്ടികൾ, എനിക്കു പിണഞ്ഞ അബദ്ധത്തിന്, വിദൂരത്തുനിന്നുകൊണ്ടാണെങ്കിലും, സാക്ഷ്യം വഹിച്ചതിലായിരുന്നു എനിക്കു സങ്കടവും ജാള്യതയും. ഹെഡ്മാസ്റ്റർ എന്നെ കണിക്കിനു ശിക്ഷിക്കാതിരുന്നില്ല. കുട്ടികൾ എല്ലാവരും എന്നെ പരിഹ

Digitized By Kerala Sahitya Akademi

സിച്ചു. മാത്രമല്ല അവക്കൊന്നോട്ട് ദ്വേഷ്യവും തോന്നി. എന്തുകൊണ്ടെന്നാൽ, മേലാൽ ആ വൃക്ഷത്തിന്മേൽ ആരും കയറിക്കൂടാ എന്നും, കയറിയാൽ കഠിനമായി ശിക്ഷിക്കുന്നതാണെന്നും, പ്രധാനാദ്ധ്യാപകൻ എല്ലാ ക്ലാസ്സിലും വന്നു് മുന്നറിവു കൊടുക്കുകയുണ്ടായി. ഞാൻമൂലം അങ്ങനെ അവരുടെ ആ രസംപിടിച്ച വിനോദരംഗം അവിചാരിതമായി ഭഞ്ജിക്കപ്പെട്ടു..........

ഇതിനിടയിൽ ചില പ്രധാന സംഭവങ്ങൾ ഞാൻ വിട്ടുപോയിരിക്കുന്നു. ഒന്നാംക്ലാസ്സിൽ ആദ്യമായിച്ചെന്നെത്തിയ ആ ദിവസം എനിക്കു വിസ്മരിക്കാവതല്ല. അച്ഛനും മുത്തച്ഛനും കൂടിയാണു് എന്നെ സ്കൂളിൽക്കൊണ്ടുചെന്നു ചേർത്തതു്. ക്ലാസ്സിലേയ്ക്കു ഞാൻ നയിക്കപ്പെട്ടു. അവിടെ ഒരു സാർ ഉണ്ടു്, സാറിൻെറ കയ്യിൽ ഒരു ചൂരലും. അതു കണ്ട മാത്രയിൽത്തന്നെ എൻെറ ജീവൻ പകുതിപോയി. അച്ഛനും മുത്തച്ഛനും ജനവാതിക്കൽ വെളിയിലായി നിന്നുകൊണ്ടു് സാറുമായി എന്തോ സംസാരിക്കുകയാണു്. കുറച്ചു നേരം കഴിഞ്ഞു അവർ പോയി. എനിക്കുണ്ടായ സങ്കടത്തിനതിരില്ല; അതിനേക്കാൾ അധികമായി ഭയവും എന്നെ ബാധിച്ചു. ഞാൻ കരയാൻ തുടങ്ങി, സാർ പതുക്കെ എൻെറ സമീപം വന്നുനിന്നു എന്നെ ആശ്വസിപ്പിക്കുവാനൊരുമ്പെട്ടു. പക്ഷേ അദ്ദേഹത്തിൻെറ കൈവശം ആ ക്രൂരമായ ചൂരൽവടി അപ്പോഴും സ്ഥിതിചെയ്യുന്നുണ്ടായിരുന്നു. ഞാൻ ആശ്വസിച്ചില്ല. കരച്ചിൽ വദ്ധിച്ചതേയുള്ളൂ. ഒടുവിൽ അദ്ദേഹം സ്നേഹപൂർവ്വം എന്നെ വിളിച്ചു അദ്ദേഹം ഇരിക്കുന്ന പീഠത്തിൻെറ അരികെ കൊണ്ടുപോയി, വടി ഒരു വീഞ്ഞപ്പെട്ടിയിലിട്ടു് അതിനുമീതെ എന്നെ ഇരുത്തി. എനിക്കല്പം സമാധാനമായി. ഉടൻതന്നെ അദ്ദേഹം ഒരു കുട്ടിയെ കടയിൽ പറഞ്ഞയച്ചു കുറെ ലോസഞ്ചെസ് വരുത്തി എൻെറ രണ്ടു കൈകളിലും കുപ്പായക്കീ

Digitized By Kerala Sahitya Akademi

യിലും ഇട്ടുതന്നു. ബാക്കിയുള്ളതു് ഓരോന്നുവീതം ഓരോ കുട്ടിക്കുമായി വിതരണം ചെയ്തു. എന്റെ ഭീതിയെല്ലാം അങ്ങനെ അപ്രത്യക്ഷമായി. ഞാൻ ആശ്വസിച്ചു. സാറി നെന്നോടു് ഇഷ്ടമുണ്ടു്. അതെ; ആ സാറിനെന്നോടിന്നും ഇഷ്ടമുണ്ടു്. എത്ര നല്ല സാർ! പക്ഷെ അദ്ദേഹം അന്നു ഊഹിക്കുകപോലും ചെയ്തിരിക്കയില്ല, ആ മിഠായിക്കൊതിയനും പേടിത്തൊണ്ടനുമായ കുഞ്ഞാണു്, അന്നൊന്നും ജനിക്കുകപോലും ചെയ്തിട്ടില്ലാത്ത അദ്ദേഹത്തിന്റെ ദ്വിതീയ പുത്രിയുടെ, ഭർത്തൃപദത്തിൽ എത്തിച്ചേരുവാനുള്ളതെന്നു്!— അതെ; ഡ്രായിംഗ്മാസ്റ്റർ മി. സി. കെ. രാമൻമേനവൻ! അദ്ദേഹത്തിന്റെ രണ്ടാമത്തെ മകളാണു് ഇന്നു് മിസ്സിസ്സ് ശ്രീദേവി ചങ്ങമ്പുഴ എന്ന നാമധേയത്താൽ അറിയപ്പെടുന്ന ശാലീനയും സ്നേഹസമ്പന്നയുമായ യുവതി.

മലയാളം സ്കൂളിൽ പഠിച്ച നാലു സംവത്സരക്കാലം സ്മരണീയമായ മററു സംഭവങ്ങൾ അധികമായി ഉണ്ടായിട്ടില്ല. പി. എം. അച്യുതവാര്യർ, ഒരു ത്യാഗരാജയ്യൻസാർ, നാകപ്പാടി കൃഷ്ണപിള്ള, എം. എസ്. കൃഷ്ണനെളയതു് ഇത്രയും പേരായിരുന്നു അക്കാലത്തെ എന്റെ പ്രധാന ഗുരുക്കന്മാർ. ഇവരിൽ ഒന്നാമത്തെ പേരുകാരനും, ഒന്നാമത്തെ ക്ലാസ്സിലെ അദ്ധ്യാപകനുമായ അച്യുതവാര്യർ സാറിനോടു എന്റെ ജീവിതത്തിനു വലിയ കടപ്പാടുണ്ടു്. അതു് മററു സന്ദർഭങ്ങളിൽ വിവരിക്കുന്നതാണു്. നാകപ്പാടി കൃഷ്ണപിള്ള സാറിനു് എന്നെ വലിയ ഇഷ്ടമായിരുന്നു. അന്നു ക്ലാസ്സിലെ പ്രഥമസ്ഥാനവും എനിക്കായിരുന്നു. പോരെങ്കിൽ ഞാൻ മോണിട്ടറുമാണു്. കൃഷ്ണപിള്ള സാർ ഏതാണ്ടു മൂന്നു മാസത്തിൽ കൂടുതൽ എന്നെ പഠിപ്പിച്ചിട്ടില്ല. അപ്പോഴേയ്ക്കും അദ്ദേഹത്തിനു സ്ഥലംമാററം കിട്ടി........അദ്ദേഹം [illegible]യശേഷം മി. കൃഷ്ണനെളയതുസാറാണു് ഞങ്ങളുടെ— [illegible]ാം ക്ലാസ്സിൽ—അദ്ധ്യാപകനായതു്. മേൽപ്പറഞ്ഞ പേ

Digitized By Kerala Sahitya Akademi

രുകാരിൽ ത്യാഗരാജയ്യരൊഴികെ ബാക്കി മൂന്നുപേരും ഇട പ്പള്ളി സ്വദേശികൾതന്നെയാണ്. ത്യാഗരാജയ്യരെക്കുറിച്ച് ഇന്നെനിക്കു ഒരു വിവരവും ഇല്ല. ഇടക്കാലത്തു അദ്ദേഹ ത്തിനു ചിത്തഭ്രമം ബാധിച്ചിരിക്കുന്നുവെന്ന സന്താപജന കമായ വാർത്ത കേൾക്കുവാനിടയായി.

ആ നാലാംക്ലാസ്സിൽ മറെറാരു സാറുകൂടി എന്നെ പഠി പ്പിച്ചിരുന്നു. ആ സാറിനെക്കുറിച്ചു ഒന്നും പറയാതെ വിട്ടു കളയുന്നതു് ശരിയല്ല. എന്തുകൊണ്ടെന്നാൽ എൻെറ ശൈശവസ്മൃതി ചിത്രങ്ങളിൽ അഗണ്യമല്ലാത്ത ഒന്ന് അദ്ദേഹത്തെസംബന്ധിച്ചുള്ളതാണ്. ആ സാർ ഒരു 'നല്ല സാറാ'ണെന്നു ഒരു കുട്ടിയും പറഞ്ഞുകേട്ടിട്ടുള്ളതായി ഞാൻ ഓർക്കുന്നില്ല. ഞാനും യഥാർത്ഥത്തിൽ അദ്ദേഹത്തെ ഭയപ്പെ ട്ടിരുന്നതല്ലാതെ ഇഷ്ടപ്പെട്ടിരുന്നില്ല.

ഞാൻ നാലാംക്ലാസ്സിൽ പഠിച്ചുകൊണ്ടിരുന്ന കാലത്തു അദ്ദേഹത്തിൻെറ കൈകളിൽ നീണ്ടുകൂർത്ത നഖങ്ങൾ ഉണ്ടാ യിരുന്നു. അദ്ദേഹം ഇളംകുഞ്ഞുങ്ങളുടെ കൈത്തണ്ടുകളിലും ഊരുപ്രദേശങ്ങളിലും ആ ഖരനഖരങ്ങളുടെ മൂർച്ച പരിശോ ധിച്ചു രസിക്കുക പതിവാണ്. ശിക്ഷിക്കുന്നു എന്ന വ്യാജേ നയാണ് അദ്ദേഹം ആ ആനന്ദാനുഭൂതി അനുഭവിക്കുക പ തിവ്. കണക്കിട്ടുതന്നിട്ട് കസേരയിൽ ഇരുന്നു ഉറക്കം തൂങ്ങും. ഉറക്കത്തിൽനിന്നു ഞെട്ടിയുണർന്നു നോക്കുമ്പോൾ കുട്ടികൾ സംസാരിച്ചുകൊണ്ടിരിക്കുകയായിരിക്കും. അതദ്ദേ ഹത്തിനു രസിക്കുകയില്ല. ഉടൻ ഓരോരുത്തരെയായി അടു ത്തു വിളിച്ചു, പല്ലിളിച്ചുകൊണ്ട്, പിടിച്ചു നുള്ളിത്തുടങ്ങും! ഈശ്വരാ! ആ നുള്ളിൻെറ വേദന അനുഭവിച്ചുതന്നെ അറി യേണ്ടതാണ്. കുട്ടികൾ വളരെ നേരത്തിനുമുൻപുതന്നെ കണക്കുചെയ്തു തീർത്തിരിക്കും. ഉറങ്ങുന്ന സാറിനെ വിളിച്ചു ണർത്തുവാനുള്ള ധൈര്യം, മോണിട്ടർസ്ഥാനത്താൽ ക്ലാസ്സി

Digitized By Kerala Sahitya Akademi

ലെ നായകനായി വർത്തിക്കുന്ന എനിക്കുപോദ്യമില്ല. മ റെറാരു തൊഴിലുമില്ലെങ്കിൽ കുട്ടികൾ സംസാരിക്കുന്നതിൽ അത്ഭുതപ്പെട്ടവാനുണ്ടോ! കണക്കു തെററിയിട്ടോ പഠിക്കാ ഞ്ഞിട്ടോ, മററു കുസൃതികൾ കാണിച്ചിട്ടോ ആയിരിക്കയില്ല മിക്ക കുട്ടികൾക്കും അദ്ദേഹത്തിൽനിന്നും ഈ പൈശാചി കമായ ശിക്ഷ ലഭിക്കുക.

അദ്ധസുഷുപ്തിയിൽ ലയിച്ച അദ്ദേഹത്തിൻെറ ചേതന ആനന്ദസ്വപ്നങ്ങളിൽ പറന്നു കളിക്കുമ്പോൾ, അദ്ദേഹം മിക്കപ്പോഴും അർദ്ധനഗ്നനായിരിക്കുമെന്നുള്ളതു മറെറാരു പ്രത്യേകതയാണ്......ബാലന്മാരുടെ* ശ്രദ്ധയെ ആകർഷി ക്കുന്ന സംസാരവിഷയവും അതാണ്. പാവപ്പെട്ട കുട്ടികൾ അതിനു ശിക്ഷയനുഭവിക്കുക!— അതെ, ഗുരുനാഥൻെറ ആ ക്ഷേപാർഹമായ അശ്രദ്ധയാണ് കുട്ടികളുടെ ശ്രദ്ധയെ വ്യഭിചരിപ്പിക്കുന്നതെന്നു അദ്ദേഹം എപ്പോഴെങ്കിലും അറി ഞ്ഞിട്ടുണ്ടോ എന്തോ.........!!

ഇടയ്ക്കൊക്കെ ഒരു സാറു അദ്ദേഹത്തിൻെറ പത്നിഗൃഹ ത്തിൽ എഴുത്തുകൊണ്ടുപോയി കൊടുക്കാൻ എന്നെ നിയോ ഗിക്കാറുണ്ടായിരുന്നു. മോണീട്ടറല്ലെ, സാറിൻെറ നിയോ ഗങ്ങൾ എന്തും അക്ഷരംപ്രതി അനുഷ്ഠിക്കുവാൻ കടപ്പെട്ടവ നല്ലേ? എൻെറ ചുമതല ആ തുറയിലും പ്രശംസാർഹമായ വിധം ഞാൻ നിവ്വഹിച്ചിട്ടുണ്ട്. ആദ്യം എനിക്കാ വീട് പരിചയമില്ലായിരുന്നു. വഴിയെല്ലാം പറഞ്ഞു് മനസ്സിലാ ക്കിത്തന്നു. അദ്ദേഹത്തിൻെറ ഭാര്യയുടെ ഗൃഹത്തിലേക്കു പോകാൻ ഒരു ഇടവഴിയുണ്ട്. ഇടവഴി നന്നേ ഇടുങ്ങിയ താണ്. അതിലൂടെ അപൂവ്വമായേ മനുഷ്യജീവികൾ സഞ്ച രിക്കാറുള്ളു. ഞാൻ അവിടെ കത്തുംകൊണ്ടു ചെല്ലുമ്പോ ഴൊക്കെ അദ്ദേഹത്തിൻെറ പത്നി വാത്സല്യപൂവ്വം രാവിലെ കാപ്പിക്കുണ്ടാക്കുന്ന പലഹാരത്തിൽ കുറച്ചു ഒരു കടലാസ്സിൽ

Digitized By Kerala Sahitya Akademi

പൊതിഞ്ഞു എനിക്കു തരും. അതെന്നെ വശീകരിച്ചു: ഞാൻ കുഴക്കൊതിയനാണല്ലോ. മിക്കപ്പോഴും 'കൊഴക്കട്ട' യായിരിക്കും പലഹാരം. തണുത്തുറച്ചു വെടിയുണ്ടപോലെ യായിത്തീർന്നിട്ടുള്ള ആ കൊഴക്കട്ട അക്കാലത്തു 'ഷാംപെയി'നെക്കാൾ മാധുര്യമുള്ളതായിട്ടാണെനിക്കു തോന്നിയതു്, ഉച്ചതിരിഞ്ഞു രണ്ടരണ്ടര മണിയാകുമ്പോഴാണു സാർ എന്നെ സന്ദേശവാഹകനാക്കി ക്ലാസ്സിൽനിന്നു പറഞ്ഞയയ്ക്കുക പതിവു്. ദിവസവും ആ നേരം വരാൻ ഞാൻ അക്ഷമയോടെ കാത്തുകൊണ്ടിരിക്കും. സമയം സമീപിക്കുംതോറും ആ കൊഴക്കട്ടകൾ എന്റെ മനോദർപ്പണത്തിൽ നിരാലംബമായി തൂങ്ങിനിന്നു നൃത്തം ചെയ്യുന്നുണ്ടാകും. എന്നാൽ ചില ദിവസം കത്തു കൊണ്ടുപോകേണ്ട ജോലി ഉണ്ടാവുകയില്ല. അന്നെനിക്കുണ്ടാകുന്ന നിരാശ വിവരണാതീതമാണു്. മൂന്നുമൂന്നര മണിവരെ അസ്വസ്ഥനായിട്ടാണെങ്കിലും ഞാൻ അടങ്ങിനിന്നിട്ടുണ്ടു്. കത്തു കൊണ്ടുപോകാൻ ഇപ്പോൾ വിളിക്കും, ഇപ്പോൾ വിളിക്കും, എന്നാണു് ഓരോ നിമിഷവും എന്റെ പ്രതീക്ഷ. ഒടുവിൽ എന്റെ ക്ഷമ നിശ്ശേഷം ശമിക്കുമ്പോൾ, ഞാൻ ബെഞ്ചിൽനിന്നു പതുക്കെ എഴുന്നേററു് സാറിന്റെ അടുത്തുചെന്നു്, രഹസ്യമായി "സാർ കത്തു്......" എന്നാവശ്യപ്പെട്ടും. സാറാണെങ്കിലും, സാറിനും മറവി പററിക്കൂടെന്നില്ലല്ലോ. "അവിടെപ്പോയി ഇരിക്കടോ......ഇന്നു വേണ്ട......വേണ്ടപ്പോൾ പറയാം!"—ദൈവമേ, എന്റെ ഹൃദയത്തിനെന്തൊരശനിപാതമായിരുന്നു അതു്. യുദ്ധത്തിൽ തോററ നെപ്പോളിയൻപോലും അന്നു ഞാൻ അനുഭവിച്ച നൈരാശ്യത്തിന്റെ അംശമെങ്കിലും അനുഭവിച്ചിരിക്കയില്ല.

ഒട്ടുമുക്കാലും ദിവസങ്ങളിൽ മണിയടിച്ചു പത്തുപതിനഞ്ചു മിനിററു കഴിഞ്ഞേ അദ്ദേഹം ക്ലാസ്സിലെത്തുകയുള്ളൂ. 'വീട്ട്' ഒന്നൊന്നര മൈലകലത്താണു്. രാവിലെ ഊണു

Digitized By Kerala Sahitya Akademi

കഴിഞ്ഞു് ഓടിയും വേഗത്തിൽ നടന്നും വിയൎത്തൊലിച്ചു് യിരിക്കും വന്നുകയറുക. മാറിൽ ഒരു കച്ചമുണ്ടുമാത്രം ഇട്ടിരിക്കും. ഷൎട്ടില്ല. ഞാൻ ഉടൻതന്നെ പോയി കോട്ടെടുത്തു കൊണ്ടുവരണം — അതെ, അനതിദൂരസ്ഥമായ അദ്ദേഹത്തിൻെറ പത്നീഗൃഹത്തിൽനിന്നും. അവർ കോട്ടെടുത്തു മടക്കി എൻെറ കൈവശം തന്നയയ്ക്കും. അതു സാറിൻെറ കയ്യിൽ കൊണ്ടുവന്നു കൊടുത്തിട്ടു്, തിരികെ സ്വസ്ഥാനത്തു ചെന്നു്, പ്രതാപശാലിയായ ഒരു ചക്രവൎത്തിയുടെ ഭാവഗാംഭീൎയ്യത്തോടെ സതീൎത്ഥ്യരെ നോക്കിക്കൊണ്ടു് ഞാൻ ഇരിപ്പുറപ്പിക്കും! എന്തു്! സാറിൻെറ കോട്ടെടുക്കുക! അതെന്തൊരുന്നതപദവിയാണു്! സത്യം, സതീൎത്ഥ്യരിൽ പലരും എൻെറ ആ ഉന്നതപദവിയിൽ അസൂയാലുക്കളായിത്തീൎന്നിട്ടുണ്ടു്. ഞാനതിൽ ആനന്ദിച്ചിട്ടുണ്ടു്, അഹങ്കരിച്ചിട്ടുണ്ടു്.

സാറിനു ആകെക്കൂടി ചാരനിറത്തിലുള്ള ഒരു കോട്ടു മാത്രമേയുള്ളു. അതു് ഇന്നും ജീവിച്ചിരിപ്പുണ്ടോ എന്നു എനിക്കു നിശ്ചയമില്ല. അക്കാലത്തു്, അതിനു് എന്നേക്കാൾ ചുരുങ്ങിയതു് ഒരഞ്ചുകൊല്ലത്തെയെങ്കിലും പ്രായക്കൂടുതൽ കാണും. ഷാട്ടു്-ക്കോട്ടാണു്. ഷൎട്ടിടാതെയാണു സാർ ആ കോട്ടു ധരിക്കുക പതിവു്. ജന്മദിവസത്തിൽ പിന്നീടു് ഒരു പ്രാവശ്യമെങ്കിലും ആ നിൎഭാഗ്യജീവി ജലസ്പൎശം അനുഭവിച്ചിട്ടുണ്ടോ എന്നു സംശയമാണു്. അതിൻെറ കഴുത്തുപട്ടയിൽ, വിയൎപ്പുകൊണ്ടു പകലൊക്കെക്കുതിൎന്നും, ആവികൊണ്ടു രാത്രികാലങ്ങളിൽ ഉണങ്ങിയും, ഖഡ്ഗപാതത്താൽപോലും അവിഭാജ്യമായ രീതിയിൽ, അനേക ശതാബ്ദങ്ങളായി നിലനിന്നുപോരുന്ന മാമൂലുകളെപ്പോലെ, എണ്ണയും ചെളിയും ചേൎന്നു പാറിനിൽക്കുന്ന ചില വരമ്പുകൾ കാണാം. അവയുടെ പിളൎപ്പുകളിൽ ഞണ്ടുകൾമുതൽ അണലികൾവരെയുള്ള ക്ഷുദ്രജീവികൾക്കു താവളമടിക്കാവുന്നതാണു്. ഒരിക്കൽ ഒരു തിങ്കളാഴ്ചദിവസം. രാവിലെ ഉണ്ട

Digitized By Kerala Sahitya Akademi

പ്പക്കൂട്ടവായിരുന്ന ഞാൻ, കോട്ട് എന്ന വിശ്വാസത്താൽ എന്തോ തുന്നിവയ്ക്കപ്പെട്ടിട്ടുള്ള ആ വസ്ത്രവിശേഷത്തെ മാറോടടുക്കിപ്പിടിച്ചുകൊണ്ട്, അഭിമാനഗർവ്വത്തോടെ അങ്ങനെ ഇടവഴിയിൽക്കൂടി നടന്നുവരുമ്പോൾ, ഈശ്വരാ, അതിനുള്ളിലെ ഏതോ അഗാധതകളിൽനിന്നും എന്തോ ഒരു സത്വം ഇരച്ചുപാഞ്ഞു് എന്റെ മുഖത്തുകൂടി പ്രാണപരാക്രമത്തോടെ ഒരോട്ടം! നിമിഷത്തിനുള്ളിൽ ആ വസ്ത്രഭാണ്ഡം 'ഫടോ' എന്നു നിലത്തിട്ടിട്ട്, ഭയചകിതനായ ഞാൻ നിന്ന നില്പിൽ നാലു ചാട്ടം ചാടിപ്പോയി! പപ്പടം വട്ടത്തിലുള്ള ഒരു തടിമാടൻ എട്ടുകാലിയായിരുന്നു അതു്! അതിന്റെ അനുഗാമികളായി വല്ല സത്വവിശേഷങ്ങളും പുറപ്പെട്ടെങ്കിലോ എന്നു കരുതി, വഴിയിൽ കുനിഞ്ഞിരുന്നു, ഞാൻ അതിന്റെ ഓരോ മടക്കുകളും സൂക്ഷ്മമായി പരിശോധിച്ചുനോക്കി. ഏതാനും ചില എറുമ്പുകളും ഒരു പാററയുംമാത്രമേ അതിലുണ്ടായിരുന്നുള്ളു. വെള്ളിയാഴ്ച വൈകുന്നേരംമുതൽ തിങ്കളാഴ്ച ആ സമയംവരെ ആ അപൂർവ്വവസ്ത്രാരണ്യത്തിന്റെ ഏകാന്തഗഹ്വരങ്ങളിൽ കുടിയേറിപ്പാർത്തിരുന്ന അക്രമികളെ, ഗുരുഭക്തനായ ഞാൻ യഥോചിതം ആട്ടിപ്പായിച്ചു ഗുരുനാഥനെ ആപത്തിൽനിന്നു രക്ഷിച്ചല്ലോ എന്നു് ഇന്നും അഭിമാനപുളകത്തോടെ അനുസ്മരിക്കുന്നു.....

അക്കാലത്തു് ഇടപ്പള്ളിയിൽ ഇംഗ്ലീഷ്ഹൈസ്കൂൾ ഉണ്ടായിരുന്നില്ല. മിഡിൽസ്കൂളേ ഉള്ളു. നാലു സംവത്സരക്കാലത്തെ അവിടത്തെ വിദ്യാലയജീവിതം അനുസ്മരണീയമാണു്. അന്നത്തെ എന്റെ പ്രധാനാദ്ധ്യാപകന്മാർ അച്യുതൻപിള്ള (ഹെഡ്മാസ്റ്റർ) കെ. അനന്തയ്യർ, എൻ. രാമയ്യർ, എം. ജി. കൃഷ്ണപിള്ള, എൻ. വിഷ്ണുനമ്പൂതിരി, കുട്ടിട നമ്പ്യാർസാർ, ടി. കെ. പരമേശ്വരപ്പണിക്കർ, കല്ലുവോടത്തു ശങ്കരപ്പിള്ള, കെ. പി. കരുണാകരമേനോൻ എന്നിവരാണു്. ഞാൻ സ്കൂളിൽ ചേന്നു രണ്ടാമത്തെ വർഷ

Digitized By Kerala Sahitya Akademi

ത്തിൽ മി. ശങ്കരപ്പിള്ളയും അതിന്റെ പിറേറക്കൊല്ലം ഹെഡ്മാസ്റ്റർ മി. അച്യുതൻപിള്ളയും പെൻഷൻപററി പിരിഞ്ഞുപോയി. ഞങ്ങൾ ഏററവും ഭയപ്പെട്ടിരുന്നതു് അവരെയാണ്. അവർ വിദ്യാലയം വിട്ടപ്പോൾ ഞങ്ങൾക്കുണ്ടായ ആനന്ദം, ആശ്വാസം, ചില്ലറയൊന്നുമല്ല. എന്നാൽ അവരുടെ മഹത്വം എനിക്കു തികച്ചും വെളിപ്പെട്ടുന്നുണ്ട്. ഇത്രത്തോളം നിയന്ത്രണശക്തിയും, ഭരണനൈപുണിയും ശിക്ഷണവൈദഗ്ദ്ധ്യവും ഒത്തുചേൎന്നു ഹൃദയപൂൎവ്വം വിദ്യാൎത്ഥികളെ സ്നേഹിക്കുകയും അവരുടെ അഭ്യുദയത്തിനു ആത്മാൎത്ഥതയോടെ പരിശ്രമിക്കുകയും ചെയ്യുന്ന മാതൃകാദ്ധ്യാപകന്മാർ ഇന്നു ലോകം വിരളമാണ്. അവരെ അന്നു ഞങ്ങൾ ഭയപ്പെട്ടിരുന്നതു് തെററുകാരെ അവർ കഠിനമായി ശിക്ഷിച്ചിരുന്നതിനാൽ മാത്രമായിരുന്നു. അവരെക്കുറിച്ചുള്ള സ്മരണപോലും ഇന്നെന്റെ ഹൃദയത്തിൽ ഭക്തി സ്നേഹബഹുമാന സങ്കലിതമായ ഒരു മധുരവികാരം സഞ്ജനിപ്പിക്കുന്നു.

മി. അച്യുതൻപിള്ള പിരിഞ്ഞുപോയതോടെ മി. കെ. അനന്തയ്യർ ഹെഡ്മാസ്റ്ററുടെ സ്ഥാനത്തേക്കു പ്രവേശിച്ചു. അദ്ദേഹവും മേൽപ്രസ്താവിച്ചവരെപ്പോലെയോ ചില കാൎയ്യങ്ങളിൽ അൽപ്പം കവിഞ്ഞോ അനന്യസാധാരണമായ പല സിദ്ധികളോടുംകൂടിയ ഒരു വന്ദ്യാദ്ധ്യാപകനാണ്. അദ്ദേഹത്തെപ്പോലെ ഒരു പരിശ്രമശാലിയെ കണ്ടെത്തുക അത്ര എളുപ്പമല്ല. കലാശാലാകവാടങ്ങൾ കയറിയിറങ്ങാതെ തന്നെ, സ്വന്തമായി പഠിച്ചു് അദ്ദേഹം ബി. എ. പാസ്സായി; അതിനെ തുടൎന്നു എൽ. ടി യും. ഇന്നദ്ദേഹം ഒരു ഹൈസ്കൂൾ അസി. ഹെഡ്മാസ്റ്ററാണ്. ഷോൎട്ടുഹാൻഡു ടൈപ്പ്റൈററിങ് ഇവ നന്നെ ചെറുപ്പകാലത്തുതന്നെ അഭ്യസിച്ചിരുന്നു. കുട്ടികളെ വലിയ സ്നേഹമാണ്. ശിക്ഷിക്കുന്ന കാൎയ്യത്തിലും പിന്നോക്കമല്ല.

Digitized By Kerala Sahitya Akademi

മി. രാമയ്യർ അനന്തയ്യരെപ്പോലെതന്നെ ഉത്തമനായ ഒരദ്ധ്യാപകനാണെങ്കിലും അദ്ദേഹം അത്ര പരിശ്രമശീലമുള്ള ആളല്ല. പക്ഷേ ജനങ്ങളുമായി കൂടുതൽ യോജിച്ചു കഴിഞ്ഞുകൂടുവാനുള്ള സാമർത്ഥ്യം അദ്ദേഹത്തിനുണ്ടു്. മി. എം. ജി. കൃഷ്ണപിള്ളയും, വിഷ്ണുനമ്പൂതിരിയും ഓരോ വർഷം മാത്രമേ ഞങ്ങളെ പഠിപ്പിച്ചിട്ടുള്ളു. എന്നോടു് അവർക്കിന്നും അകൈതവമായ സ്നേഹമുണ്ടു്. സമർത്ഥന്മാരും സൽസ്വഭാവികളും സഹൃദയരുമായ അദ്ധ്യാപകരാണവർ. ഓപ്പൺ കോട്ടു്, കോളർ നെക്ടൈ ഇവ ധരിച്ചു് ആദ്യമായി ഞങ്ങളുടെ മുൻപിൽ പ്രത്യക്ഷപ്പെട്ട പരിഷ്കാരികളായ യുവാദ്ധ്യാപകന്മാരാണവർ.

കണ്ണടനമ്പ്യാർ സാറിനെക്കുറിച്ചു മുൻപൊരിടത്തു സൂചിപ്പിച്ചിട്ടുണ്ടു്, അദ്ദേഹം ആൾ സാത്വികനാണു്. കുട്ടികളെ അടിക്കുകയില്ലെന്നതുപോകട്ടെ; വാർദ്ധക്യത്താൽ ഒട്ടിയതെങ്കിലും മൃദുവായ അദ്ദേഹത്തിന്റെ മുഖം ഒരിക്കലെങ്കിലും കോപാരുണമായി ഞങ്ങൾ കണ്ടിട്ടില്ല. ആ ചുണ്ടിൽ സദാ ഒരു സുന്ദരമായ ഒരു പുഞ്ചിരി നൃത്തം ചെയ്തുകൊണ്ടിരിക്കും. ഒരിക്കലും തളരുകയോ പിൻവാങ്ങുകയോ ഇല്ല. അദ്ദേഹത്തിന്റെ വ്യക്തിത്വത്തിന്റെ ഒരു അവിഭാജ്യഘടകമായിരുന്നു കനത്ത ചില്ലുകളോടുകൂടിയ ആ കണ്ണട. ആ വസ്തു അദ്ദേഹത്തിൽനിന്നകന്നു നിൽക്കട്ടെ—അദ്ദേഹം വെറുമൊരു 'നമ്പ്യാർസാർ'മാത്രം! അങ്ങനെ പലരും കാണും. പക്ഷെ 'കണ്ണടനമ്പ്യാർസാർ' അദ്ദേഹംമാത്രമേയുള്ളു; ഇനിയൊരുകാലത്തും അങ്ങനെയൊരുത്കൃഷ്ടവ്യക്തിയുടെ ആവർത്തനം ഉണ്ടാവുകയില്ല. അദ്ദേഹത്തെ നിങ്ങൾക്കു ഒരാട്ടിൻകുട്ടിയെന്നോ, മാൻകിടാവെന്നോ വിളിക്കാം. എന്നാലും അദ്ദേഹത്തിന്റെ ശാന്തത കാണുമ്പോൾ, ആ പേരുകളിൽപ്പോലും നിങ്ങൾക്കു തൃപ്തിവരുന്നില്ല, വന്ദ്യഗുരോ, അങ്ങു വിദ്യാലയംവിട്ടശേഷം, ഞാനങ്ങയുടെ നാട്ടു

Digitized By Kerala Sahitya Akademi

കാരനാണെങ്കിലും അയൽപക്കക്കാരനാണെങ്കിലും, അങ്ങെന്നെക്കണ്ടിട്ടില്ല; എന്റെ ആഗമനംകൊണ്ട്, പവിത്രമായ ആ വാദ്ധക്യത്തിന്റെ പ്രശാന്തതയിൽ ഒരു നേരിയ ചലനംപോലും ഉണ്ടാക്കുവാൻ ഞാൻ ആഗ്രഹിക്കുന്നുമില്ല. പക്ഷെ അങ്ങയോടുള്ള ഭക്തിയും സ്നേഹവും എന്റെ ഹൃദയത്തിൽ അന്ത്യശ്വാസംവരെ തുളുമ്പിനിൽക്കും.

കണ്ണൂടനമ്പ്യാർസാർ ഞങ്ങളെ പിരിഞ്ഞുപോയി; എന്നുവെച്ചാൽ പെൻഷൻപററി എന്നാണർത്ഥം. ആ കസേര ഒഴിവായി കിടക്കുന്നു. അതിൽ ഒരാൾ ഇരുന്നേ കഴിയൂ. അതെ, ഒരു ദിവസം ആ സ്ഥാനത്തിൽ, ഒരു മനുഷ്യൻ വന്നിരിപ്പുറപ്പിക്കുന്നതു ഞാൻ കണ്ടു. അദ്ദേഹവും ഞങ്ങളുടെ നാട്ടുകാരൻതന്നെ!— പക്ഷെ കണ്ണൂടനമ്പ്യാർസാറിരുന്ന ആ കസേരയിൽ യുവാവായ ആ സാർ ഇരിക്കുക! ഈശ്വരൻ ഒരു നേരംപോക്കുകാരനാണെന്നു മഹാകവി വള്ളത്തോൾ ഇടപ്പള്ളി സാഹിത്യപരിഷത്തിൽ പ്രസ്താവിച്ചതെത്രപരമാർത്ഥം......!

*　　*　　*　　*

എന്നെ ഏററവും അബദ്ധങ്ങൾ പഠിപ്പിച്ചിട്ടുള്ള ഒരു അദ്ധ്യാപകൻ മിഡിൽസ്കൂളിൽ ഉണ്ടായിരുന്നു. അതിൽ പലതും എനിക്കിന്നു ഓർമ്മയുണ്ട്. അതു മറക്കാൻ സാധിക്കുന്നതല്ല. പാവപ്പെട്ട കുഞ്ഞുങ്ങളെ മലയാളം പഠിപ്പിക്കുമ്പോൾ അബദ്ധജടിലവും ആർഭാടവികടവുമായ ഗീർവ്വാണം ഇത്രത്തോളം വെച്ചുകാച്ചുന്ന അദ്ധ്യാപകന്മാർ വേറെയുണ്ടെന്നു തോന്നുന്നില്ല. സെക്കൻറുഫാറത്തിൽവെച്ചു അദ്ദേഹത്തിൽനിന്നും ലഭിച്ച 'മേഘനിർബ്ബിഡിതമായ ആകാശം' രണ്ടു കൊല്ലം, മറെറാരദ്ധ്യാപകൻ തിരുത്തിത്തരുന്നതുവരെ തരംകിട്ടുമ്പോഴെല്ലാം ഞാനും വെച്ചു കാച്ചിയിരുന്നു.

Digitized By Kerala Sahitya Akademi

'ഇല്ലം കൊണ്ടുന്നവളെത്തല്ലി-
പ്പല്ലുതകർത്താരു പാണ്ടോച്ചാരുടെ
തള്ള കയർത്തൊരുലസ്സയെടുത്താ-
ച്ചെള്ളയ്ക്കൊന്നുമിറുക്കിനകണ്ടു.'

എന്ന, നമ്പ്യാരുടെ തുള്ളലിലെ ഒരു ഭാഗത്തിൽ 'ഇല്ലംകൊണ്ടുന്നവൾ' എന്ന പദത്തിനു് അദ്ദേഹം അർത്ഥം പറഞ്ഞുതന്നതിങ്ങനെയാണു്:-

'ഇല്ലം എന്നുവച്ചാൽ 'ഇല്ലനക്കരി'—നിങ്ങൾ കണ്ടിട്ടില്ലേ? അടുക്കളകളിലും മററും തുടർച്ചയായി പുകപററിപ്പിടിച്ചു ഒരുമാതിരി കരിതൂങ്ങിനിൽക്കുന്നതു്? അതാണു് ഇല്ലനക്കരി. ഇല്ലനക്കരി ലോപിച്ചുലോപിച്ചു ഇല്ലം എന്നായി. ഭർത്താവു ദന്തശോധനാർത്ഥം ഭാര്യയോടു ഉമിക്കരി കൊണ്ടുവരാനായിപ്പറഞ്ഞു. പക്ഷെ അവൾ കൊണ്ടുവന്നതോ, ഇല്ലനക്കരി! ഭർത്താവു് ക്ഷുഭിതനായിത്തീരുന്നു. 'ഇല്ലനക്കരി സമീപത്തു കൊണ്ടുവന്നുവെച്ചതും അയാൾ ചാടിയെഴുന്നേററു്. അവളുടെ കപോലഫലകത്തിൽ ഹസ്താഗ്രത്താൽ അത്യുഗ്രമായ ഒരാഘാതമേൽപ്പിച്ചതും ഒന്നായികഴിഞ്ഞു''......ഇങ്ങനെ പോകുന്നു ആ അഭിനവമല്ലീനാഥൻെറ വ്യാഖ്യാനവൈദഗ്ദ്ധ്യം.''

ഒരു ദിവസം 'പരോപകാരം' എന്നതിൻെറ ഇംഗ്ലീഷു വാക്കറിയേണ്ടതായ ആവശ്യം എനിക്കു വന്നുകൂടി. ഉച്ചയ്ക്കു ഭക്ഷണം കഴിച്ചു തിരിച്ചുവന്നു വിശ്രമിക്കുമ്പോൾ ഞാൻ അദ്ദേഹത്തെ സമീപിച്ചു. ചോദ്യം അദ്ദേഹത്തെ ഒട്ടും വിഷമിപ്പിച്ചില്ല. ''അനാററമി'' എന്നദ്ദേഹം എനിക്കു പറഞ്ഞുതന്നു. എനിക്കു സംശയിക്കേണ്ട വല്ല ആവശ്യവുമുണ്ടോ? സാറു പറഞ്ഞുതന്നതല്ലേ! എൻെറ അബദ്ധം തിരുത്തുവാൻ ആറേഴുകൊല്ലം കഴിയേണ്ടിവന്നു. അക്കാലമത്രയും പരോപകാരം എന്ന പദം ഇംഗ്ലീഷിൽ പ്രയോഗി

Digitized By Kerala Sahitya Akademi

ക്കേണ്ടിവരുന്ന അവസരത്തിലെല്ലാം ഞാൻ 'അനാററമി' യാണു പ്രയോഗിച്ചിരുന്നതു്. 'രചന' ശ്രദ്ധയോടുകൂടി വാ യിച്ചുനോക്കി തെററുതിരുത്തുന്ന അദ്ധ്യാപകന്മാർ കുറവാ യതിനാൽ എൻെറ ഈ 'അനാററമി' പലപ്പോഴും അവരുടെ കണ്ണുവെട്ടിച്ചു തുടന്നുപോയതിൽ അത്ഭുതപ്പെട്ടുവാനില്ല.

ഒടുവിൽ എറണാകുളം മഹാരാജാസ് ഹൈസ്കൂളിൽ അഞ്ചാംഫാറത്തിൽ പഠിക്കുന്ന കാലത്തു് Literary and Debating Society യുടെ ആഭിമുഖ്യത്തിൽ പ്രതിവാരം നിവ്വഹിക്കപ്പെടാറുള്ള യോഗങ്ങളിലൊന്നിൽ Anatomy എന്ന പേരിൽ ഒരുപന്യാസം (ഇംഗ്ലീഷിൽ നടത്തപ്പെടുന്ന യോഗമാണു്) എഴുതി വായിക്കുവാനുള്ള ഭാരം ഞാൻ ക യ്യേററു. ശ്രീമാൻ ഇടപ്പിള്ളി പി. കെ. കരുണാകരമേന വൻെറ മാതുലനായ ശ്രീമാൻ പുല്ല്യാട്ട പത്മനാഭമേനവൻ ബി. എ. എൽ. ടി. യാണു അന്നെൻെറ ക്ലാസ്സിലെ അദ്ധ്യാ പകൻ. അദ്ദേഹംതന്നെയാണു യോഗാദ്ധ്യക്ഷനും. അടുത്ത യോഗത്തിലേയ്ക്കുള്ള വിഷയം തിരഞ്ഞെടുക്കുന്ന അവസര ത്തിലാണു് എൻെറ അനാററമിയുമായി ഞാൻ ചാടി വീ ണതു്. ഇംഗ്ലീഷിൽ ഏററവും അധികം മാർക്കു സമ്പാദി ക്കുന്ന വിദ്യാത്ഥി ഞാനാണു്. ക്ലാസ്സിൽ ഒന്നാമനും ഞാൻ തന്നെ. പക്ഷെ അനാററമിയെക്കുറിച്ചു ഒരുപന്യാസം തയ്യാ റാക്കുവാനുള്ള കരുക്കൾ എൻെറ കൈവശം കാണുമെന്നു അദ്ദേഹം അതുവരെ വിശ്വസിച്ചിരുന്നില്ല. സത്യം പറയാ മല്ലോ, ഞാനാ ഭാരം കയ്യേററപ്പോൾ അദ്ദേഹം ആശ്ചയ്യപ രതന്ത്രനായി എൻെറ മുഖത്തുതന്നെ ഉററുനോക്കിക്കൊണ്ടു് കുറച്ചുനേരമങ്ങനെ ബിംബംപോലെ ഇരുന്നുപോയി. മെ ഡിക്കൽകോളേജ് വിദ്യാത്ഥികളുടെ മുൻപിൽ ഒരു കീറാ മുട്ടിയായി സ്ഥിതിചെയ്യുന്ന ആ അഗാധവിഷയത്തെക്കുറിച്ചു ഞാൻ ഉപന്യസിക്കുക!! ഭാഗ്യമെന്നേ പറയേണ്ടു! അദ്ദേഹം എന്തിനേയാണു ഞാനുദ്ദേശിക്കുന്നതു് എന്നു എന്നോടു ചോ

Digitized By Kerala Sahitya Akademi

ദിച്ചു. ലേശമെങ്കിലും സങ്കോചംകൂടാതെ 'പരോപകാരം എന്നു ഞാൻ മറുപടി പറഞ്ഞു. അദ്ദേഹം പൊട്ടിച്ചിരിച്ചു പോയി. ഒടുവിൽ എനിക്കുപററിയ അബദ്ധം തിരുത്തുകയും. ശരിയായ രണ്ടു പദങ്ങൾ എനിക്കു പറഞ്ഞുതരികയും ചെയ്തു. അങ്ങിനെ ഒരു സന്ദർഭം സമാഗതമായില്ലെങ്കിൽ പരോപകാരം ഇന്നും പക്ഷെ അനാററമിയായിത്തന്നെ എൻെറ മനസ്സിൽ ഇരിപ്പുറപ്പിക്കുമായിരുന്നു. നോക്കുക! തനിക്കറിഞ്ഞുകൂടെങ്കിൽ "അറിഞ്ഞുകൂടാ" എന്നു സമ്മതിക്കുവാനുള്ള ഹൃദയവിശാലതയില്ലായ്മ വരുത്തിക്കൂട്ടുന്ന കുഴപ്പങ്ങൾ. മനുഷ്യനെ "വാണത്തിൽ കയററിവിടുക" എന്നു പറഞ്ഞുകേട്ടിട്ടുണ്ടു്. ഇങ്ങനെയുള്ള അന്തസ്സാരവിഹീനരായ അദ്ധ്യാപകവേതാളങ്ങളെയാണ് അങ്ങനെ ചെയ്യേണ്ടതു്. അവരുടെ അജ്ഞതകൊണ്ടു ലോകത്തിനു ഒരുപദ്രവവുമില്ല; പക്ഷെ ആ അജ്ഞതയെ അവർ അബദ്ധംകൊണ്ടു ഗോപനം ചെയ്യുമ്പോൾ അതാപൽക്കരമായിത്തീരുന്നു. ഘോഷയാത്ര ഓട്ടൻതുള്ളൽ പഠിപ്പിക്കുമ്പോൾ നാഗകേതനൻ ശിവനല്ലാ ദുര്യോധനനാണെന്നറിയുവാനുള്ള വിജ്ഞാനം ഒരു ഹിന്ദുവായ അദ്ദേഹത്തിനുണ്ടാകാതിരുന്നതിലല്ലാ, സന്ദർഭംകൊണ്ടെങ്കിലും, ആലോചിച്ചെടുക്കുവാനുള്ള നിസ്സാരമായ യുക്തി വൈഭവമെങ്കിലും അദ്ദേഹത്തിനില്ലാതെ പോയതിലാണ് ഇന്നും എനിക്കത്ഭുതം തോന്നുന്നതു്........

അടുത്തതായി എൻെറ മനോദർപ്പണത്തിൽ പ്രവേശിക്കുന്ന ചിത്രം ശ്രീ. കെ. പി. കരുണാകരമേനവൻേറതാണ്. ആലുവാ സ്വദേശിയും പ്രസിദ്ധ സാഹിത്യകാരന്മാരായ മധുരവനം സി. കൃഷ്ണക്കുറുപ്പ് ബി. എ. എൽ. ടി. കെ. പി. ശങ്കരമേനോൻ ബി. എ. ബി. എൽ. എന്നിവരിൽ ഒന്നാമൻെറ സ്യാലനും, രണ്ടാമൻെറ ജ്യേഷ്ഠനുമാണ് അഗാധ പണ്ഡിതനും സംസ്കാരസമ്പന്നനുമായ ഈ അദ്ധ്യാപകൻ. അദ്ദേഹം ഒരു നല്ല സാഹിത്യകാരനും അപ്രതിമനായ ഒരു

Digitized By Kerala Sahitya Akademi

പ്രസംഗകനുമാണു്. സംസ്കൃതപദബഹുലമായ അദ്ദേഹത്തിൻെറ പ്രസംഗത്തെ ഒരു വലിയ കൊടുങ്കാററിനോടുപമിക്കാം. പുൽക്കൊടിമുതൽ മഹാവൃക്ഷങ്ങൾവരെ സകലതിനേയും അതു് പിടിച്ചുകുലുക്കുന്നു, ഉലയ്ക്കുന്നു. എന്നിരുന്നാലും ക്ലാസ്സിൽ പഠിക്കുമ്പോൾ ലളിതവും സുന്ദരവുമായ ഭാഷയേ അദ്ദേഹം പ്രയോഗിക്കാറുള്ളു. പരമേശ്വരപ്പണിക്കർസാറും അദ്ദേഹവും ഒരേ കാലത്തു് ഞങ്ങളെ പഠിപ്പിച്ചുകൊണ്ടിരുന്ന അദ്ധ്യാപകന്മാരാണു്.........അദ്ദേഹം ഇന്നു തിരുവനന്തപുരം മോഡൽസ്കൂളിൽ (മാതൃകാപാഠശാലയത്തിൽ) എണ്ണപ്പെട്ട അദ്ധ്യാപകന്മാരിൽ ഒരാളാണെന്നുള്ളതുതന്നെ അദ്ദേഹത്തിൻെറ കഴിവുകൾക്കുദാഹരണമാണു്. പദ്യരചനയിൽ എനിക്കുണ്ടായിരുന്ന കൌതുകത്തെ അക്കാലത്തു് അദ്ദേഹം ആത്മാർത്ഥമായി ഉജ്ജ്വലിപ്പിച്ചിട്ടുണ്ടു്. അദ്ദേഹത്തിൻെറ വിദ്യാർത്ഥികളിൽ ഒരാൾക്കെങ്കിലും അദ്ദേഹത്തെക്കുറിച്ചു പ്രശംസാരൂപത്തിലല്ലാതെ എന്തെങ്കിലും പറയാനുണ്ടായിരിക്കുമെന്നു തോന്നുന്നില്ല......

അക്കാലങ്ങളിൽ, ക്ലാസിൽ പഠിക്കുന്ന ഇംഗ്ലീഷുപുസ്തകങ്ങളിലുള്ള കഥകൾ പദ്യരൂപത്തിൽ എഴുതുകയായിരുന്നു എൻെറ പ്രധാനസാഹിത്യപരിശ്രമം. നല്ല നല്ല അനേകം പദ്യങ്ങളും ഇതിനിടയിൽ ഞാൻ മനഃപാഠമാക്കിയിട്ടുണ്ടായിരുന്നു. കേരളത്തിലെ പ്രധാന സാഹിത്യകാരന്മാരുടെ പേരുകളും അവരുടെ കൃതികളും എനിക്കു പരിചിതമായിക്കഴിഞ്ഞിരുന്നു. പി. കെ. കരുണാകരമേനവനും, കെ. പി. കരുണാകരമേനവനും അക്കാലത്തു് അനേകം ഉത്തമഗ്രന്ഥങ്ങൾ എനിക്കു വായിക്കുവാനായിത്തന്നിട്ടുണ്ടു്. അന്നു ഗുരുനാഥനായ മി. കരുണാകരമേനവൻ രാഘവൻപിള്ളയെ കവി എന്നും, എന്നെ കുട്ടിക്കവി എന്നുമാണു് വിളിച്ചിരുന്നതു്. രാഘവൻപിള്ളയുമായി ഞാൻ 'ലോഹ്യ'ത്തിലല്ലെങ്കിലും, ഞാൻ ഇല്ലാത്ത അവസരങ്ങളിൽ എൻെറ ഡസ്കിൻെറ പുറത്തുനിന്നും കവിതയെഴുതിയിട്ടുള്ള എൻെറ പു

Digitized By Kerala Sahitya Akademi

സ്തകം സുത്രത്തിലെടുത്തു അദ്ദേഹം അതിൽ ചില തിരുത്ത ലുകളെല്ലാം ചെയ്യുക പതിവായിരുന്നു. സത്യം പറഞ്ഞാൽ ഞാനതു് ഇഷ്ടപ്പെട്ടിരുന്നില്ല. പക്ഷെ പ്രതിഷേധം പ്രക ടമാക്കുവാനുള്ള ധൈര്യം എനിക്കില്ലായിരുന്നു. കാരണം, മുൻപു വിവരിച്ചിട്ടുണ്ടല്ലോ......

(അപൂർണ്ണം)

Digitized By Kerala Sahitya Akademi

മാരിവില്ലുമ്മവച്ചാശ്വസിക്കുന്നു ഞാൻ
മായ പുഷ്പികളിലും കോൾമയിർക്കൊൾവു ഞാൻ
മച്ചേതനതൻ വിഭാവനാ വീഥിയിൽ
മത്തടിപ്പുഭാവഗന്ധവ്വകന്യകൾ
സ്വർഗ്ഗങ്ങൾ മുന്നിൽ തുറക്കുന്നിതുല്ലസൽ
സ്വപ്നാത്മകങ്ങളക്കാൽച്ചിലമ്പൊച്ചകൾ

(അപൂർണ്ണം)

## ചന്ദനവല്ലിയിൽ ചുററിയ
## കാട്ടുവള്ളിയുടെ പാട്ട്

മമ ഹൃദയ മലരിലെഴും
മധുരമധു നുകരണ്ടേ?
അതിലിയലും ലഹരി പിടി–
ച്ചതിമുദിതം മുരളണ്ടേ?
മുരളണ്ടേ, മുഴകണ്ടേ?
വരികെൻെറ വരിവണ്ടേ?
വരയുതയാം വനലത ഞാൻ
വരുവതിനും തടവുണ്ടോ?
അകിൽമരമുണ്ടരികിലവൻ
പകയെഴവോനറിയാതെ
ചിറകടിതൻ മുദ്രരവവു–
മൊരുലവവും കലരാതെ (അപൂർണ്ണം)

Digitized By Kerala Sahitya Akademi

# ക്ഷമാപണം

ചങ്ങമ്പുഴ കൃഷ്ണപിള്ള. [illegible]

ലോകത്തിൽ ഒരു കവിക്കും
ഇനിയുണ്ടായിക്കൂടാത്ത പോലെ
ദയനീയമായ ഒരു പതനമാണ് സംഭ
വിച്ചതെന്നു തോന്നുന്നില്ല. ഒരു കവി
[illegible] പശ്ചാ
ത്തപിക്കുന്ന ഒരാൾ ലോകത്തെ വി
[illegible]
യമാണ് കവിതയെഴുതുവാൻ ഞാൻ
ആരംഭിച്ചത് [illegible]
[illegible] കാലത്തായിരുന്നു. അന്നുതൽ
ഇന്നുവരെ — [illegible]
പരം ദിവസങ്ങളിൽ ഒന്നിലെ
ങ്കിലും — ഞാൻ തൂലിക താഴെ
മാറ്റിവെച്ചിട്ടില്ല. [illegible]
[illegible] കവിതാവാസന [illegible]
ആദ്യമായി [illegible]
[illegible] കലഹത്തിലാ
യിരുന്നു. കലഹത്തിൽ ആരംഭിച്ചു
ന കലഹത്തിൽ അവസാനിക്കുന്ന
[illegible] പ്രകൃതിനിയമമായിരിക്കാം
[illegible] സിദ്ധമായ വാസനയ്ക്കു
[illegible] ആദ്യമായി ഉന്നതി ഉദിപ്പിച്ചി
[illegible] സാഹിത്യപരിപീഠത്തിലെ [illegible]
[illegible]
[illegible]
[illegible]
[illegible]
[illegible]
[illegible]
[illegible] കവിത [illegible]
[illegible]
[illegible]

Digitized By Kerala Sahitya Akademi

# ക്ഷമാപണം

## ചങ്ങമ്പുഴ കൃഷ്ണപിള്ള എം. എ.

ലോകത്തിൽ ഒരു കവിക്കും എനിക്കുണ്ടായിട്ടുള്ളതുപോലെ ദയനീയമായ ഒരു പരിണാമം സംഭവിച്ചിരിക്കുമെന്നു തോന്നുന്നില്ല. ഒരു കവിയായിത്തീർന്നതിൽ എന്നോളം പശ്ചാത്തപിക്കുന്ന ഒരാൾ ലോകത്തിലെവിടെയെങ്കിലും കാണുമോ എന്നു സംശയമാണു്. കവിത എഴുതുവാൻ ഞാൻ ആരംഭിച്ചതു് ഒൻപതുവയസ്സുപ്രായമുള്ള കാലത്തായിരുന്നു. അന്നുമുതൽ ഇന്നുവരെ—എണ്ണായിരത്തിൽപരം ദിവസങ്ങളിൽ ഒന്നിലെങ്കിലും—എന്റെ തൂലിക അലസമായിരുന്നിട്ടില്ല. എന്നിൽ അന്തർഭവിച്ചിരുന്ന കവിതാവാസന ആദ്യമായി രൂപമെടുത്തതു് സതീർത്ഥ്യനുമായുണ്ടായിരുന്ന കലഹത്തിലായിരുന്നു. കലഹത്തിൽ ആരംഭിച്ചതു കലഹത്തിൽ അവസാനിക്കുന്നതു പക്ഷെ പ്രകൃതിനിയമമായിരിക്കാം. എന്റെ ജന്മസിദ്ധമായ വാസനാസ്ഫുലിംഗം ആദ്യമായി ഊതിഉദ്ദീപിപ്പിച്ച മാന്യൻ സാഹിത്യപരിഷത്തിന്റെ ജനയിതാവായ മഹാമഹിമശ്രീ ഇടപ്പള്ളി കൃഷ്ണരാജാ തിരുമനസ്സിലെ പ്രഥമപുത്രനും, ഡാസ്റ്റോവ്സ്കിയുടെ 'കുററവും ശിക്ഷയും' എന്ന വിശ്വോത്തരകൃതിയുടെ പരിഭാഷകനും ആയ ശ്രീമാൻ ഇടപ്പള്ളി പി. കെ. കരുണാകരമേനവനാണു്. എന്റെ കവിതയ്ക്കു് അദ്ദേഹത്തോടുള്ള കടപ്പാടു് അല്പമൊന്നുമല്ല. കൃതജ്ഞതാപൂർവ്വം ഞാനദ്ദേഹത്തെ നമസ്കരിക്കുന്നു.

Digitized By Kerala Sahitya Akademi

[illegible]

Digitized By Kerala Sahitya Akademi

## (അവസാനം എഴുതിയ കവിത)

ആയുരാരോഗ്യങ്ങളാശീർവദിച്ചു കൊ-
ണ്ടായിരമായിരമെത്തുന്ന കത്തുകൾ
ഓരോ സുഹൃത്തുക്ക,ളജ്ഞാതർ കൂടിയു-
മീരോഗശയ്യയിലെത്തിപ്പു സംഖ്യകൾ.
ആബദ്ധസൗഹൃദമാഗമിപ്പു കനി-
ഞ്ഞാബാലവൃദ്ധമെന്നഭ്യുദയാർത്ഥികൾ
തിങ്ങിത്തുടിപ്പു വികാരങ്ങളെൻ ഹൃത്തി-
ലെങ്ങനെ നിങ്ങളോടോതേണ്ടു നന്ദി ഞാൻ?
ഏതൗഷധത്തിനെക്കാളുമാശ്വാസദം
ചേതസ്സിൽ വീഴുമിസ്സ്വാന്തനാർദ്രാമൃതം.
എത്രയ്ക്കധമനാണെങ്കിലുമെന്നെയെൻ
മിത്രങ്ങൾ നിങ്ങൾ വെടിഞ്ഞീലൊരിക്കലും
ശത്രുവേക്കൂടിയും ബന്ധിപ്പു മൈത്രിയാൽ,
ശപ്തമെൻരോഗം— ചരിതാർത്ഥനാണു ഞാൻ
നാനാരസാകുലം നാളെമജ്ജീവിത-
നാടകത്തിങ്കൽ യവനിക വീഴ്കിലും.
അസ്വസ്ഥചിത്തനായ് ദോഷൈകദൃഷ്ടിയാ-
യസ്തമിച്ചീടാനിടയാക്കിയില്ല നീ
വീർപ്പിട്ടു കണ്ണീരിൽ മുങ്ങിനിന്നിന്നിതാ
മാപ്പു ചോദിപ്പു ഞാൻ നിന്നോടു ലോകമേ.
ഒപ്പം തമസ്സും പ്രകാശവുമുൾച്ചേർന്നൊ-
രപ്രമേയാത്ഭുതംതന്നെ നിൻ ഹൃത്തടം!
ചെമ്പനീർപ്പൂക്കൾ വിടരുമതിൽത്തന്നെ
വെമ്പിപ്പുളയ്ക്കുന്നു തേളും പുഴുക്കളും
പുല്ലാങ്കുഴലിനും തോക്കിനും മദ്ധ്യത്തി-
ലുല്ലസിപ്പൂ നീ സഗർവ്വനായ്, സൗമ്യനായ്!
നിന്നെയൊട്ടിലപഗ്രഥിപ്പു കഷ്ട-
മെന്നിലുള്ളൊന്നെശ്ശരിക്കറിയാത്ത ഞാൻ:
നന്മ നേരുന്നു നിനക്കു ഞാൻ—നീയെന്റെ
നന്ദിയും സ്നേഹവും സ്വീകരിക്കേണമേ!

Digitized By Kerala Sahitya Akademi

Digitized By Kerala Sahitya Akademi